സത്യപ്രകാശമേ നയിച്ചാലും
ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 നവംബർ 18 | ദീപം 54 | നാളം 33 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org





## മാധ്യമരാഷ്ട്രീയം സത്യവും മിഥ്യയും



ഡോ. ജോർജ് കാരാംവേലിൽ

മനുഷ്യനു സമൂഹത്തിൽനിന്നു വേറിട്ടൊരു ജീവിതമില്ല. അവന്റെ ജീവിതം ഭദ്രവും സുഖപ്രദവുമാകുന്നത് സമൂഹത്തിന്റെ സുസ്ഥിതിയുടെ അടിസ്ഥാനത്തിലാണ്. സമൂഹത്തിന്റെ സുസ്ഥിതിയാകട്ടെ, അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും അവരുടെ സർവവിധക്ഷേമം ഉറപ്പുവരുത്തുന്നതിലുമാണ്. ഇങ്ങനെയുള്ള ഒരു സമൂഹത്തിന്റെ നിർമാണത്തിൽ തനതായ പങ്കുവഹിക്കുന്ന മേഖലയാണ് സത്യസന്ധമായ മാധ്യമപ്രവർത്തനരംഗം. ആധുനിക സമൂഹം വളർത്തിയെടുക്കുന്ന സംസ്കാരത്തിന്റെ മുഖമുദ്ര നിശ്ചയിക്കുന്നത് മാധ്യമങ്ങളാണെന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. മാനുഷികപരിഗണനകളും സാമൂഹികനിയമസംഹിതകളും നീതിസങ്കല്പങ്ങളുമെല്ലാം വിമർശനവിധേയമാകുന്നു. എന്നാൽ, ആധുനികകാലഘട്ടത്തിലെ മാധ്യമസംസ്കാരത്തിനു ധാർമികതയുടെ സ്പർശം നഷ്ടമാകുന്നുവോ? അവിടെ മനുഷ്യബന്ധങ്ങളും ജീവിതസാഹചര്യങ്ങളും സാമൂഹിക - രാഷ്ട്രീയ വ്യവസ്ഥിതികളും വിലപേശലിനു വിധേയമാകുന്നുവോ?

**സോഷ്യൽ മീഡിയ : സൃഷ്ടിയും സംഹാരവും**

വിദ്യാഭ്യാസമേഖലയിലും സമ്പർക്കസാധ്യതകളിലും ആശയാഭിപ്രായവിനിമയമേഖലകളിലും സോഷ്യൽ മീഡിയയ്ക്കുള്ള പങ്ക് ആധുനികജനതയ്ക്കു തള്ളിക്കളയാനാവില്ല. ആശയാധിഷ്ഠിത കൂട്ടായ്മകളും ആദർശാധിഷ്ഠിത ബഹുജനമുന്നേറ്റങ്ങളും എല്ലാം ഒരു പരിധിവരെ രൂപവത്കരിക്കുന്നതും ത്വരിതപ്പെടുത്തുന്നതും ഈ മാധ്യമങ്ങൾതന്നെ. പലവിധ സാമൂഹികനന്മകൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും സോഷ്യൽ മീഡിയ കരുത്തേകുന്നു. രക്തദാനം, അവയവദാനം, മദ്യവർജനം, പുനരധിവാസക്രമീകരണങ്ങൾ എന്നീ വലിയ സാമൂഹിക നന്മകൾക്കു പ്രോത്സാഹനമായി സോഷ്യൽ മീഡിയ നിലകൊള്ളുന്നു. സാമൂഹിക - സാംസ്കാരിക പ്രതിസന്ധികളെയും പ്രശ്നങ്ങളെയും തനതായ രീതിയിൽ ജനമധ്യത്തിൽ അവതരിപ്പിക്കാൻ സാമൂഹികസമ്പർക്കമാധ്യമങ്ങൾ അത്യന്താപേക്ഷിതമാണ്. പാവപ്പെട്ടവന്റെ വിശപ്പു മാറ്റാനും ചൂഷിതനു സ്വാതന്ത്ര്യം നൽകാനും അഭയമില്ലാത്തവർക്കു അഭയമേകാനും നീതി നിഷേധിക്കപ്പെട്ടവർക്കു നീതിയാകാനും സാമൂഹികസമ്പർക്കമാധ്യമങ്ങൾ ഉപകരിക്കുന്നു.

വളർത്താൻ മാത്രമല്ല സംഹരിക്കാനും കെല്പുള്ളതാണ് സോഷ്യൽ മീഡിയ. പലപ്പോഴും വിവേകമില്ലാത്ത ബുദ്ധിയാണ് സോഷ്യൽ മീഡിയ എന്നു പറയാം. മാനുഷികബന്ധങ്ങളെ വളർത്തുന്നതിൽ നിസ്തുലമായ പങ്കു വഹിച്ച സോഷ്യൽ മീഡിയതന്നെ ബന്ധങ്ങളെ കൊന്നൊടുക്കുന്നുമുണ്ട്. തെറ്റായ വ്യക്തിവിവരങ്ങളും തെറ്റായ ചിത്രങ്ങളും നൽകി നേരിട്ടുള്ളതും നേരായതുമായ ബന്ധങ്ങൾക്കുപകരം ഡിജിറ്റൽ ബന്ധങ്ങളെ വളർത്തി സമൂഹത്തിൽ ചതിക്കുഴികൾ തീർക്കുന്നത് നാമറിയാതെപോകുന്നു.

▶ 7

## മുല്ലപ്പെരിയാർ കൊടുംചതിയുടെ നാൾവഴികൾ





തോമസ് കുഴിഞ്ഞാലിൽ

നൂറ്റിയിരുപത്താറു വർഷങ്ങൾക്കു മുമ്പുനടന്ന വലിയൊരു വഞ്ചനയുടെ തുടർക്കഥയെന്നോണം ഇപ്പോൾ പുതിയൊരു ചതിക്കുഴിയും രൂപപ്പെട്ടിരിക്കുന്നു. ഓരോ കുഴിയിൽനിന്നു കരകയറുമ്പോഴേക്കും വീണ്ടും ചവുട്ടിത്താഴ്ത്തപ്പെടുന്ന അനുഭവം. മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയാണിത്.

19-ാം നൂറ്റാണ്ടിൽ സാമ്രാജ്യത്വശക്തിയായി വളർന്ന ബ്രിട്ടന്റെ കീഴിലായിരുന്ന മദ്രാസ് പ്രസിഡൻസിയിലെ വരണ്ടുണങ്ങിയ വിശാലമായ സമതലപ്രദേശങ്ങളിൽ കുടിവെള്ളത്തിനു കഷ്ടപ്പെടുന്ന പരമദരിദ്രരായ തമിഴ്ജനതയെ സഹായിക്കുന്നതിനു ലക്ഷ്യമിട്ടു തയ്യാറാക്കിയതാണ് മുല്ലപ്പെരിയാർ പദ്ധതി. മദ്രാസ് പ്രവിശ്യയുടെ അതിർത്തിക്കിപ്പുറം സഹ്യപർവതമലനിരകളിൽ ഉദ്ഭവിക്കുന്ന മുല്ലയാറിനും പെരിയാറിനും കുറുകെ അണകെട്ടിനിറുത്തിയാൽ കുടിവെള്ളം മാത്രമല്ല, ജലസേചനത്തിനും ഉപകരിക്കുമെന്ന് ബ്രിട്ടീഷുകാർ കണക്കുകൂട്ടി. 1862 ൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീവിശാഖം തിരുനാളിനുമുമ്പിൽ പദ്ധതിയുടെ രൂപരേഖ അവർ സമർപ്പിച്ചു. എണ്ണായിരം ഏക്കർ വനഭൂമി നഷ്ടമാകുമെന്നറിഞ്ഞ ശ്രീവിശാഖം തിരുനാൾ പദ്ധതിയോടുള്ള വിയോജിപ്പു വെളിപ്പെടുത്തി. അണക്കെട്ടു പൂർത്തിയാകുമ്പോൾ വെള്ളത്തിനടിയിലാകുന്ന നിബിഡവനത്തെയും അവിടെ അധിവസിക്കുന്ന ആദിവാസികളെയും ജീവജാലങ്ങളെയും ഓർത്തായിരുന്നു മഹാരാജാവിന്റെ ദുഃഖം. ഏകദേശം അത്രയും വിശാലമായ ഭൂപ്രദേശത്തെ വൃക്ഷലതാദികൾ നശിക്കുന്നതിനുപുറമേ, അണക്കെട്ടു നിർമിക്കുന്ന ഭാഗത്ത് 100 ഏക്കർ ഭൂമിയും തിരുവിതാംകൂറിനു നഷ്ടമാകും.

മുല്ലപ്പെരിയാർ ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുമായി ബ്രിട്ടീഷുദ്യോഗസ്ഥർ കവടിയാർ കൊട്ടാരത്തിൽ പലവട്ടം കയറിയിറങ്ങിയെങ്കിലും അവരുടെ ഇംഗിതത്തിനു വഴങ്ങാൻ മഹാരാജാവ് കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ അനുമതി നേടിയെടുക്കാൻ 24 വർഷങ്ങളാണ് വിദേശികൾക്കു കാത്തിരിക്കേണ്ടിവന്നത്. ക്ഷമകെട്ട ബ്രിട്ടീഷുകാർ ഒടുവിൽ ഭീഷണിയുടെ സ്വരമുയർത്തിയാകാം ശ്രീ വിശാഖം തിരുനാളിനെക്കൊണ്ട് സമ്മതിപ്പിച്ചതെന്നു കരുതപ്പെടുന്നുണ്ട്.

▶ 12

# പ്രമേഹഭീഷണി ഹൃദ്രോഗത്തിലേക്ക്

## ലോകപ്രമേഹദിനം : നവംബർ 14



ഡോ. ജോർജ് തയ്യിൽ

നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2019-20 റിപ്പോർട്ടുപ്രകാരം രക്തത്തിലെ പഞ്ചസാര 140 മില്ലിഗ്രാം ശതമാനത്തിനു മുകളിലുള്ളവർ 14 ശതമാനമാണ്. അതിൽ പ്രമേഹം കൂടുതലായി കണ്ടെത്തിയത് കേരളത്തിലാണ്. പ്രാതലിനുമുമ്പ് 126 മില്ലിഗ്രാം ശതമാനത്തിൽ കൂടുതലായി കണ്ടെത്തിയാൽ പ്രമേഹബാധയുണ്ടെന്നു കണക്കാക്കാം. പ്രമേഹത്തിനു ചികിത്സയെടുക്കുന്നവരിൽ 16 ശതമാനം പേർക്കു മാത്രമേ കൃത്യമായി ഷുഗർ നിയന്ത്രിച്ചുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂവെന്നാണ് തിരുവനന്തപുരത്തെ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സ്റ്റഡീസിന്റെ പഠനത്തിൽ കണ്ടെത്തിയത്.

ഭൂമുഖത്ത് ഇന്ന് 463 ദശലക്ഷം പ്രമേഹരോഗികളുണ്ട്. പ്രമേഹത്തിന്റെ ലോകതലസ്ഥാനം ഇന്ത്യതന്നെ. ഇന്ത്യയിൽ 2010 ൽ 51 ദശലക്ഷമുണ്ടായിരുന്ന പ്രമേഹബാധിതർ 2030 ആകുമ്പോൾ 58 ശതമാനം വർദ്ധിച്ച് 87 ദശലക്ഷമായി ഉയരും. നമ്മുടെ കൊച്ചുകേരളം ഇന്ത്യയുടെ പ്രമേഹതലസ്ഥാനമാണെന്നു പറഞ്ഞാൽ ഞെട്ടരുത്. അതായത്, ദേശീയ ശരാശരിയുടെ ഇരട്ടി. കേരളത്തിൽ ഈയിടെ നടന്ന ഒരു പഠനത്തിൽ 41 ശതമാനം മുതിർന്നവർക്കും പ്രമേഹസാധ്യത (പ്രീഡയബറ്റിസ്) ഉള്ളതായി തെളിഞ്ഞു. ഇക്കൂട്ടരെല്ലാംതന്നെ എട്ടു വർഷംകൊണ്ട് പ്രമേഹരോഗത്തിനടിപ്പെടും.

ഏറ്റവും പ്രധാനമായ പ്രശ്നം, പ്രമേഹബാധയുള്ള ഏതാണ്ട് 50 ശതമാനം ആൾക്കാർക്കും ഈ രോഗമുണ്ടെന്ന അവബോധമില്ല എന്നതാണ്. ഇന്റർനാഷണൽ ഡയബെറ്റിസ് അസോസിയേഷന്റെ കണക്കുപ്രകാരം ലോകത്തുള്ള 193 ദശലക്ഷം ആൾക്കാരും തങ്ങൾ പ്രമേഹബാധയ്ക്ക് അടിപ്പെട്ടിട്ടുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെയാണു ജീവിതം നയിക്കുന്നത്. 17 ശതമാനം പേർ യാതൊരു ചികിത്സയും എടുക്കാൻ മുതിരുന്നില്ല; 15 ശതമാനം പേർ ഭക്ഷണം ക്രമീകരിച്ചു ചികിത്സിക്കുന്നു; 68 ശതമാനം പേർ മരുന്നുകൾ എടുക്കുന്നു.

പ്രമേഹം ഒരു ജീവിതശൈലീരോഗമാണെന്നും അതിന്റെ സമഗ്രമായ നിയന്ത്രണത്തിനു ഭക്ഷണശൈലിയിൽ കാതലായ പരിവർത്തനങ്ങൾ വരുത്തണമെന്നുമുള്ള യാഥാർത്ഥ്യം വിസ്മരിച്ചുപോകുന്നതാണ് മലയാളികളിൽ പ്രമേഹചികിത്സ പരാജയപ്പെടുന്നതിന്റെ മുഖ്യകാരണം. അടിസ്ഥാനപരവും ശാസ്ത്രീയവുമായ ചികിത്സയെടുക്കാൻ മലയാളിക്കു മടിയാണ്. സ്വയംചികിത്സയും ഒറ്റമൂലികളും വിവിധ 'ആൾട്ടേർനേറ്റിവ്' ചികിത്സാമുറകളുടെ പരീക്ഷണവും, ഭക്ഷണക്കൊതിയും മലയാളികളുടെ പ്രമേഹപ്രതിരോധത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതുകൂടാതെ ഒടുങ്ങാത്ത സ്ട്രെസും വ്യായാമമില്ലായ്മയും വികലമായ മദ്യാസക്തിയും മലയാളികളുടെ ആരോഗ്യനിലവാരത്തെ തകിടംമറിക്കുന്നു.

അസാംക്രമികരോഗങ്ങളുടെ അതിരുകടന്ന വർദ്ധനയെ കടിഞ്ഞാണിടാൻ ഐക്യരാഷ്ട്രസഭയും ലോകാരോഗ്യസംഘടനയും പ്രതിജ്ഞയെടുത്തിരിക്കുകയാണ്. ഹൃദ്രോഗവും പ്രമേഹവും അർബുദവും ചേർന്ന് ലോകജനസംഖ്യയുടെ സിംഹഭാഗത്തെയും കൊന്നൊടുക്കുന്ന സാഹചര്യത്തിൽ പുതിയ ബോധവത്കരണശൈലിയിലൂടെ ഇവയെ നേരിടാൻ പ്രതിരോധമാർഗങ്ങൾ സംവിധാനം ചെയ്യുകയാണ്.

പ്രമേഹചികിത്സയുടെ പരാജയത്തിനുള്ള ഒരു പ്രധാനകാരണം സ്വന്തം കുടുംബാംഗങ്ങളിൽനിന്നും സമൂഹത്തിൽനിന്നും സമുചിതമായ പരിഗണനയും



കരുതലും ലഭിക്കാതിരിക്കുന്നതുകൊണ്ടാണെന്നു പഠനങ്ങൾ തെളിയിക്കുന്നു. കുടുംബാംഗങ്ങളെല്ലാം ഒറ്റക്കെട്ടായി രോഗിയോടൊപ്പം ഭക്ഷണനിയന്ത്രണത്തിനു സാഹചര്യമൊരുക്കണം. അതായത്, രോഗിക്കു മാത്രമായി ഒരു ഭക്ഷണക്രമമില്ല, അതു രോഗിയെ ഒറ്റപ്പെടുത്തും. ശാസ്ത്രീയവും പഥ്യവുമായ ഭക്ഷണശൈലി പ്രമേഹരോഗിക്കു മാത്രമല്ല, കുടുംബത്തിലെ മറ്റംഗങ്ങൾക്കും പ്രയോജനപ്പെടും. അവർക്ക് പ്രമേഹസാധ്യതയുണ്ടെങ്കിൽ അതു കുറയ്ക്കുകയും ചെയ്യും. ഇതുതന്നെയായിരുന്നു പോയവർഷങ്ങളിലെ പ്രമേഹദിനസന്ദേശം. ഈ വർഷംമുതൽ മൂന്നു വർഷത്തേക്കുള്ള സന്ദേശം വ്യത്യസ്തമാണ്. പ്രമേഹപരിശോധനകൾക്കും ചികിത്സകൾക്കുമുള്ള രോഗിയുടെ ആവശ്യങ്ങൾ എളുപ്പത്തിൽ സാധ്യമാകുംവിധം ആശുപത്രിസംവിധാനങ്ങൾ ത്വരിതപ്പെടുത്തണം, അത് അനായാസകരവും എളുപ്പവുമാക്കണം.

സമൂഹത്തിൽ പ്രമേഹരോഗത്തെപ്പറ്റി ഏറെ തെറ്റുധാരണകളുണ്ട്. മാതാപിതാക്കൾക്ക് പ്രമേഹമുണ്ടെങ്കിലേ മക്കൾക്കുണ്ടാകൂ, രോഗം പ്രായമായവരെ മാത്രം ബാധിക്കുന്നു, അലോപ്പതിമരുന്നുകൾ കഴിച്ചാൽ വൃക്കകൾ തകരാറിലാകും, ഒരിക്കൽ ഇൻസുലിൻ എടുത്താൽ ജീവിതാവസാനംവരെ തുടരേണ്ടിവരും, രോഗലക്ഷണങ്ങളില്ലെങ്കിൽ പിന്നെന്തിനു ചികിത്സ? ഇവയെല്ലാം മലയാളികളുടെ നിത്യേനയുള്ള സംശയങ്ങളാണ്. ഈ സംശയങ്ങളുമായി ജീവിക്കുന്നവരാണ് പിന്നീട് ജീവിതത്തിൽ വലിയ വില കൊടുക്കുന്നതും.

പ്രമേഹരോഗികൾ മൃത്യുവിനിരയാകുന്ന പ്രധാന കാരണങ്ങൾ ഹൃദ്രോഗം, സ്ട്രോക്ക്, വൃക്കകളുടെ പരാജയം, ധമനികളുടെ പൊതുവായ ജരിതാവസ്ഥ എന്നിവയാണ്. പ്രമേഹമില്ലാത്തവരുമായി താരതമ്യപ്പെടുത്തുമ്പോൾ ഇൻസുലിൻ ആശ്രിതപ്രമേഹരോഗികളിലെ ഹൃദ്രോഗാനന്തരമരണസാധ്യത പത്തിരട്ടിയും. ഇൻസുലിൻ അനാശ്രിതപ്രമേഹരോഗികളിലെ മരണസംഖ്യ നാലിരട്ടിയുമാണ്. നിയന്ത്രണവിധേയമാകാത്ത പ്രമേഹത്തിന്റെ അനന്തരഫലമായി രക്തത്തിൽ കുമിഞ്ഞുകൂടുന്ന കൊളസ്ട്രോളും മറ്റു പല ഘടകങ്ങളും ഹൃദയം, കണ്ണ്, വൃക്ക, നാഡീഞ്ഞരമ്പുകൾ, ധമനികൾ എന്നീ അവയവങ്ങളിൽ വൈവിധ്യമാർന്ന ജരിതാവസ്ഥയുണ്ടാക്കുന്നു. കോശങ്ങളുടെ ക്രമരഹിതമായ വളർച്ചയും കട്ടികൂടലും വലുതും ചെറുതുമായ എല്ലാ ധമനികളെയും വികലമാക്കുന്നു. രക്തക്കുഴലുകളുടെ ആന്തരപാളികളിൽ കൊഴുപ്പുകണികകൾ പറ്റിപ്പിടിച്ച് അവയുടെ ഉൾവ്യാസം ചെറുതാകുന്നു. ഹൃദയധമനികളിലെ കൊഴുപ്പുനിക്ഷേപം വിണ്ടുകീറി അവിടെ ഒരു രക്തക്കട്ട ഉണ്ടായി ധമനിയിലൂടെയുള്ള രക്തപര്യയം ദുഷ്കരമായാൽ ഹാർട്ടറ്റാക്കാണ് അനന്തരഫലം.

പ്രമേഹരോഗികളിലെ ഹൃദയാഘാതം മൂർദ്ധന്യാവസ്ഥയിലെത്തിയാലും അതിന്റെ ലക്ഷണങ്ങൾ രോഗികൾ എപ്പോഴും തിരിച്ചറിയണമെന്നില്ല. നെഞ്ചുവേദന പലപ്പോഴും പൂർണമായി അനുഭവപ്പെടാത്ത ഹാർട്ടറ്റാക്ക് (സയലന്റ് അറ്റാക്ക്) പ്രമേഹബാധിതർക്കു സ്വന്തം. ഹൃദയത്തെ ആവരണം ചെയ്തിരിക്കുന്ന 'ഓട്ടോണമിക് നാഡീവ്യൂഹ'ത്തിനു സംഭവിക്കുന്ന അപചയം തന്നെ ഇതിന്റെ കാരണം. നാഡീവ്യൂഹത്തിന്റെ മാന്ദ്യം നിമിത്തം ഹാർട്ടറ്റാക്കുണ്ടാകുമ്പോൾ നെഞ്ചുവേദനയുടെ തീവ്രത അനുഭവിച്ചറിയാൻ രോഗിക്കു പറ്റാതെപോകുന്നു. ഏതാണ്ട് 35 ശതമാനം രോഗികൾക്കും നെഞ്ചുവേദന കൃത്യമായി അനുഭവപ്പെടാറില്ല. അതിനുപകരം ശ്വാസതടസ്സം, ഓക്കാനം, തളർച്ച, തലകറക്കം, വയറുവേദന തുടങ്ങിയ ലക്ഷണങ്ങളാണു കണ്ടുവരുന്നത്. അതുപോലെ, ഹാർട്ടറ്റാക്കിനോടനുബന്ധിച്ച മരണസാധ്യതയും പ്രമേഹരോഗികളിൽ വർദ്ധിച്ചുകാണുന്നു.

മേല്പറഞ്ഞ സങ്കീർണമായ പ്രത്യാഘാതങ്ങളുടെ വെളിച്ചത്തിൽ പ്രമേഹബാധിതരിലെ ഹൃദ്രോഗചികിത്സ അത്യന്തം ദുഷ്കരമാണ്. ഒരു ഹൃദ്രോഗവിദഗ്ധൻ ഒരു പ്രമേഹചികിത്സാവിദഗ്ധൻകൂടിയാകുന്നു. പ്രമേഹരോഗിക്ക് ഹാർട്ടറ്റാക്കുണ്ടാകുമ്പോഴാണ് പ്രശ്നങ്ങൾ വഷളാകുന്നത്. നെഞ്ചുവേദന കാര്യമായി അനുഭവപ്പെടാത്തതുമൂലം പലരും വളരെ വൈകിയാണ് ആശുപത്രിയിലെത്തുന്നത്. അപ്പോഴേക്കും ഹൃദയാഘാതത്തിന്റെ സങ്കീർണതകൾ മൂർച്ഛിച്ചിരിക്കും. കലശലായ ശ്വാസതടസ്സവും നെഞ്ചിലെ അസ്വാസ്ഥ്യവും തളർച്ചയും ക്രമരഹിതമായ നെഞ്ചിടിപ്പും തലകറക്കവും രോഗിയെ അത്യാസന്നനിലയിലെത്തിക്കുന്നു. നിയന്ത്രണത്തിൽ അശ്രദ്ധ കാണിക്കുന്ന രോഗിയുടെ രക്തത്തിലെ പഞ്ചസാര എപ്പോഴും കൂടിയിരിക്കും; അതുപോലെ കൊളസ്ട്രോളും.

പ്രമേഹരോഗികളിൽ ഹാർട്ടറ്റാക്കിനോടനുബന്ധിച്ച് ചെയ്യുന്ന 'പ്രൈമറി ആൻജിയോപ്ലാസ്റ്റി' അത്ര എളുപ്പമുള്ള കാര്യമല്ല. നനുത്ത്, ചെറുതും വികലവുമായ ഹൃദയധമനികളിലെ ബ്ലോക്ക് വികസിപ്പിച്ചെടുക്കുക ഏറെ ദുഷ്കരമാണ്. പലപ്പോഴും എല്ലാ കൊറോണറിധമനികളിലുംതന്നെ ബ്ലോക്കുണ്ടാകും. കൂടാതെ, വൈകി ആശുപത്രിയിലെത്തുന്നതിനാൽ ഹൃദയപരാജയമുണ്ടാകാനുള്ള സാധ്യയുമേറും. അതുകൊണ്ടുതന്നെ സാധാരണഗതിയിൽ പ്രമേഹരോഗികളെ ബൈപ്പാസ് ശസ്ത്രക്രിയയ്ക്കു വിധേയമാക്കുകയാണ് പതിവ്. കൂടുതൽ ഹൃദയധമനികളെ ബാധിച്ചിരിക്കുന്ന ബ്ലോക്ക്, സങ്കോചശേഷിയുടെ മാന്ദ്യം തുടങ്ങിയ കാരണങ്ങളാൽ ഒരു പ്രമേഹരോഗിക്ക് ഏറ്റവും ഉചിതമായത് ബൈപ്പാസ് സർജറി തന്നെ.

ആൻജിയോപ്ലാസ്റ്റിക്കോ ബൈപ്പാസ് സർജറിക്കോശേഷം ഒരു പ്രമേഹരോഗിയുടെ ജീവിതക്രമത്തിൽ കർശനമായ പല പരിവർത്തനങ്ങളുമുണ്ടാകണം. ഈ ക്രിയാത്മകമായ കരുതൽതന്നെയാണ് രോഗിയെ അകാലമൃത്യുവിൽനിന്നു രക്ഷപ്പെടുത്തുന്നതും. പഞ്ചസാര അധികമുള്ളതെന്തും വർജിച്ചുകൊണ്ടുള്ള പഥ്യമായ ആഹാരശൈലി ഏറ്റവും പ്രധാനം. പ്രമേഹരോഗി പട്ടിണി കിടക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. യോജിച്ച ഭക്ഷണക്രമം തിരഞ്ഞെടുക്കാൻ പഠിക്കണം. കൃത്യവും ഊർജസ്വലവുമായ വ്യായാമപദ്ധതി ആരംഭിക്കണം. കുറഞ്ഞത് 45 മിനിറ്റെങ്കിലും ദിവസേന വ്യായാമം ചെയ്യണം. രക്തത്തിലെ പഞ്ചസാര നിയന്ത്രിക്കാനും പൊതുവായ ശരീരാരോഗ്യം സന്തുലിതമാക്കാനും വ്യായാമം എന്ന ഔഷധം അനിവാര്യം. ഹൃദ്രോഗവിദഗ്ധൻ നിർദേശിക്കുന്ന ഔഷധങ്ങൾ പിഴവു കൂടാതെ സേവിക്കണം. വൈദ്യനിർദേശമില്ലാതെ യാതൊരു കാരണവശാലും മരുന്നുകൾ നിർത്തരുത്. ബ്ലഡ്ഷുഗറും കൊളസ്ട്രോളും നിശ്ചിത കാലയളവിൽ പരിശോധിച്ചു തിട്ടപ്പെടുത്തണം. ഹൃദ്രോഗപരിശോധനകളായ എക്കോകാർഡിയോഗ്രാഫിയും ട്രെഡ്മിൽ ടെസ്റ്റും കൃത്യകാലയളവിൽ ചെയ്യണം. ക്രമേണ സൂചകമായ എച്ച്.ബി.എ. വൺ. സി. 6.5 ൽ താഴെയാവാൻ പരിശ്രമിക്കണം. രക്തസമ്മർദവും അമിതവണ്ണവും കർശനമായി നിയന്ത്രിക്കണം.

പ്രമേഹനിയന്ത്രണത്തിനു കുറുക്കുവഴികളില്ലെന്നോർക്കണം. പരസ്യങ്ങൾക്കോ ഒറ്റമൂലികൾക്കോ പിറകേ പോയി വഞ്ചിതരാകരുത്. അല്പമൊന്നു മെനക്കെട്ടാൽ പ്രമേഹരോഗിയുടെ ജീവിതം തികച്ചും ആസ്വാദ്യമാകും. ■

# നോട്ടുനിരോധനവും നാട്ടുകാർക്കു കിട്ടിയതും

## നോട്ടുനിരോധനത്തിന് അഞ്ചു വയസ്സ്



■ ഇഗ്നേഷ്യസ് കലയന്താനി

**ഓർ**മയില്ലേ, അഞ്ചുവർഷംമുമ്പ് നവംബറിലെ ആ കറുത്ത രാത്രി? രാജ്യത്തെ കോടിക്കണക്കിനാളുകളുടെ ഉറക്കം കെടുത്തിയ ഭീകരരാത്രി?

2016 നവംബർ എട്ടാം തീയതിയിലെ ആ രാത്രിയിലായിരുന്നു കള്ളപ്പണത്തിനും കള്ളനോട്ടിനുമെതിരായ യുദ്ധപ്രഖ്യാപനവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ടിവിയിൽ പ്രത്യക്ഷപ്പെട്ടത്. 500, 1000 രൂപ നോട്ടുകൾ പിൻവലിച്ചുകൊണ്ടുള്ള പ്രധാനമന്ത്രിയുടെ അപ്രതീക്ഷിതവിളംബരം കേട്ട് ആളുകൾ ഞെട്ടി. ആയിരത്തിന്റെയും അഞ്ഞൂറിന്റെയും 15.4 ലക്ഷം കോടി രൂപയാണ് മോദി പിൻവലിച്ചത്. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ പിടിച്ചുകുലുക്കിയ ആ പ്രഖ്യാപനം ചരിത്രത്തിൽ ആദ്യത്തേതായിരുന്നു. പെട്ടെന്നുണ്ടായ നിരോധനത്തിൽ സപ്ലൈ ചെയ്നുകളും വ്യാപാരമേഖലയും സ്തംഭിച്ചു.

2016 നവംബർ നാലിലെ കണക്കുപ്രകാരം 17.97 ലക്ഷം കോടി നോട്ടുകളാണ് രാജ്യത്ത് പൊതുവിനിമയത്തിലിരുന്നത്. 500, 1000 രൂപ നോട്ടുകൾ പൂർണമായും പിൻവലിച്ചതോടെ 2017 ജനുവരിയിലെ കണക്കുപ്രകാരം വിനിമയത്തിലുണ്ടായിരുന്ന നോട്ടിന്റെ എണ്ണം 7.8 ലക്ഷം കോടിയായി പൊടുന്നനേ കുറഞ്ഞു.

നോട്ടു നിരോധിച്ചുകൊണ്ട് മോദി നടത്തിയ പ്രസംഗത്തിൽ എന്തൊക്കെയായിരുന്നു പറഞ്ഞിരുന്നത്? അമ്പതു ദിവസം കഴിഞ്ഞാൽ കള്ളപ്പണക്കാർ വെള്ളം കുടിക്കും. കള്ളനോട്ടു മാഫിയ മുട്ടുകുത്തും. ഭീകരവാദികൾ നാടുവിട്ടോടും. കാഷ്‌ലെസ് ഇക്കോണമി ചിറകടിച്ചുയരും. സാമ്പത്തികമേഖല കുതിച്ചുയരും.

“2016 ഡിസംബർ 30 വരെ ക്ഷമിക്കൂ. പിന്നെയും ദുരിതങ്ങൾ ബാക്കിയാണെങ്കിൽ എന്നെ തൂക്കിലേറ്റൂ.” ജനങ്ങൾ 50 ദിവസം ക്ഷമിക്കണമെന്നും ഈ ദിവസങ്ങൾക്കുള്ളിൽ മാറ്റം വന്നില്ലെങ്കിൽ ജനങ്ങൾക്കു തന്നെ തൂക്കിക്കൊല്ലാമെന്നുമായിരുന്നു മോദിയുടെ പ്രഖ്യാപനം. ഒടുവിൽ എന്തു സംഭവിച്ചു? കുറെ മോഹനവാഗ്ദാനങ്ങൾ മാത്രം കിട്ടി. തുടക്കത്തിൽ നോട്ടുപിൻവലിക്കലിനെ അനുകൂലിച്ചവർപോലും പിന്നീട് മോദിയെ ശപിച്ചു.

നോട്ട് മാറ്റുന്നതിനും ബാങ്കിൽ നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനുമുള്ള നിബന്ധനകൾ ഓരോ ദിവസവും മാറ്റിമറിച്ചുകൊണ്ടിരുന്നു സർക്കാർ.

ഉയർന്ന മൂല്യമുള്ള കറൻസി അസാധുവാക്കുകവഴി പത്തു ശതമാനം കള്ളപ്പണം ഉടമസ്ഥർതന്നെ നശിപ്പിക്കും എന്നായിരുന്നു മോദിയുടെ കണക്കുകൂട്ടൽ. എന്നാൽ, അസാധുവാക്കിയതിൽ 99 ശതമാനവും ബാങ്കുകളിൽ തിരിച്ചെത്തിയപ്പോൾ പണി പാളിയെന്നു മനസ്സിലായി. അപ്പോൾ അടവ് ഒന്നുമാറ്റി. ക്യാഷ്‌ലെസ് പണമിടപാട് നടപ്പാക്കുന്നതിന്റെ ഭാഗമാണ് നോട്ടുനിരോധനം എന്നായിരുന്നു പിന്നീടുള്ള പ്രചാരണം.

കള്ളപ്പണം കണ്ടുപിടിച്ചും കള്ളനോട്ടുകൾ തിരിച്ചുപിടിച്ചും ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിച്ചും ഒരു അഴിമതിരഹിതരാജ്യം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് മോദി നോട്ടുനിരോധനം കൊണ്ടുവന്നത് എന്നായിരുന്നു ഭരണപക്ഷം വാഴ്ത്തിപ്പാടിയിരുന്നത്. നോട്ടുനിരോധനത്തിലൂടെ ലക്ഷം കോടി രൂപയുടെ കള്ളപ്പണം കണ്ടെത്തുമെന്നും അത് പാവങ്ങളുടെ അക്കൗണ്ടുകളിലേക്ക് ഒഴുകിയെത്തുമെന്നുമാണ് ബിജെപി നേതാക്കൾ പറഞ്ഞത്. നിരോധനത്തിലൂടെ കുഴൽപ്പണക്കാരെയും റിയൽ എസ്റ്റേറ്റ് മാഫിയകളെയും വീഴ്ത്തി കള്ളപ്പണം ഇല്ലാതാക്കാൻ കഴിയുമെന്നായിരുന്നു സർക്കാരിന്റെ പ്രതീക്ഷ.

കള്ളപ്പണം കറൻസിയുടെ രൂപത്തിൽ മാത്രമല്ല, മറിച്ച് റിയൽ എസ്റ്റേറ്റ്, സ്വർണം എന്നിങ്ങനെയുള്ള സ്വത്തുക്കളുടെ രൂപത്തിലും സൂക്ഷിക്കാമെന്ന വസ്തുതയും ഭരിക്കുന്നവർ മറന്നുപോയി. (ഇപ്പോഴുള്ള കറൻസിയിൽ 83 ശതമാനവും 2000 രൂപ നോട്ടുകളാണ്. ഇതുമൂലം കള്ളപ്പണം സൂക്ഷിക്കാൻ സമ്പന്നർക്ക് ഇപ്പോൾ എളുപ്പവുമായി.)









നിരോധനം പാളിയതോടെ പ്രഖ്യാപിതലക്ഷ്യത്തിലും സർക്കാർ മാറ്റം വരുത്തി. ഭീകരപ്രസ്ഥാനങ്ങൾക്കുള്ള പണംവരവ് ഇല്ലാതാക്കാനും ഡിജിറ്റൽ പണമിടപാടുകളിലേക്ക് ജനങ്ങളെ മാറ്റാനും കൂടുതൽ പേരെ നികുതിദായകരാക്കാനുമൊക്കെയാണ് നോട്ടുനിരോധനം എന്ന വാദം നിരത്തി പിടിച്ചു നിൽക്കാൻ മോദി ശ്രമിച്ചു. എല്ലാം പക്ഷേ, പാളി.

രാജ്യത്തുള്ള 17 ലക്ഷം കോടി രൂപയിൽ കള്ളനോട്ടായുള്ളത് 400 കോടി രൂപ മാത്രമാണെന്നും അതു പിടിക്കാൻ നോട്ടുനിരോധനം നടപ്പാക്കിയത് ബുദ്ധിശൂന്യതയാണെന്നും സാമ്പത്തികശാസ്ത്രജ്ഞർ കുറ്റപ്പെടുത്തി. നോട്ടുനിരോധനത്തിനു പിന്നാലെ 2000 രൂപ കറൻസികൾ പുറത്തിറക്കിയതിനെയും സാമ്പത്തികവിദഗ്ധർ വിമർശിച്ചിരുന്നു. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2017 ൽ പിടികൂടിയ വ്യാജനോട്ടുകളിൽ 14.98 കോടി രൂപയും 2000 രൂപ നോട്ടുകളായിരുന്നു.

ക്യാഷ് ലെസ് ഇക്കോണമിയെന്ന സ്വപ്നം കണ്ടുകൊണ്ടുകൂടിയായിരുന്നു നോട്ടുനിരോധനം. നിരോധനത്തിനുശേഷം ഡിജിറ്റൽ പണം ഇടപാടുകൾ വർധിച്ചു എന്നത് സത്യവുമാണ്. എന്നാൽ, കറൻസിരഹിത ഇന്ത്യയെന്ന സ്വപ്നം ഇനിയും അകലെയാണ്. നോട്ടുകൾകൊണ്ടുള്ള വിനിമയത്തിനു കാര്യമായ കുറവ് വന്നിട്ടില്ല ഇപ്പോഴും. റിസർവ് ബാങ്ക് പുറത്തുവിട്ട, 2021 ഒക്ടോബർ എട്ടുവരെയുള്ള ദ്വൈവാര കണക്കനുസരിച്ച് ഉപഭോക്താക്കൾ നേരിട്ട് കൈമാറ്റം ചെയ്യുന്ന കറൻസിയുടെ മൂല്യം 57.48 ശതമാനം വർധിച്ച് 28.30 ലക്ഷം കോടി രൂപയിലെത്തി. 90 ശതമാനം ഇടപാടും പണം ഉപയോഗിച്ചാണ് ഇപ്പോഴും നടക്കുന്നത്.

പൊതുജനങ്ങൾക്കും കച്ചവടക്കാരിൽ ഭൂരിപക്ഷത്തിനും കറൻസിയോടാണ് താത്പര്യം. കൊവിഡ് കാലത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ പണം കൈവശം സൂക്ഷിക്കുന്ന ശീലത്തിലേക്ക് ആളുകൾ മടങ്ങുകയും ചെയ്തു. അഞ്ചു വർഷം പിന്നിട്ടപ്പോൾ പൊതുജനങ്ങളുടെ കൈയിലുള്ള കറൻസിയുടെ ആകെ മൂല്യത്തിൽ 57.48 % വർധനയുണ്ടായെന്നാണ് റിസർവ് ബാങ്കിന്റെ കണക്കുകൾ പറയുന്നത്. ഒക്ടോബർ 8 വരെയുള്ള കണക്കിൽ പൊതുജനങ്ങൾ വിനിമയം ചെയ്യുന്ന കറൻസിയുടെ മൂല്യം 28.30 ലക്ഷം കോടി രൂപയാണ്. നോട്ടു നിരോധനം നടന്ന സമയത്ത് ഇത് 17.97 ലക്ഷം കോടിയായിരുന്നു.

കഴിഞ്ഞ 70 വർഷത്തെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് രാജ്യം കടന്നുപോകുന്നതെന്നു കണക്കുകൾ നിരത്തി പ്രതിപക്ഷം നോട്ടുനിരോധനത്തെ മുന്നിൽ നിറുത്തി വിമർശിക്കുന്നു. രണ്ടു ശതമാനത്തോളം ജിഡിപിയിൽ കുറവു വന്നിട്ടുണ്ട് എന്നാണ് ഐഎംഎഫ് ചീഫ് ഇക്കണോമിസ്റ്റ് ഗീത ഗോപിനാഥ് പറയുന്നത്. രണ്ടു കോടി ലക്ഷം രൂപയിലധികമാണ് ഇതുവഴി ഒരു വർഷം കുറവ് വരുന്നത്.

നോട്ടുനിരോധനംമൂലം തൊഴിൽ ഉത്പാദനത്തിൽ മൂന്നു ശതമാനമെങ്കിലും കുറവു വന്നിട്ടുണ്ട്. നിരോധനത്തിനുശേഷം നിരവധി ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടി. തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം അരലക്ഷത്തിലധികമാണ്. കാർഷിക, വ്യവസായമേഖലകളെ നിരോധനം പിന്നോട്ടടിച്ചതായും വിമർശനമുണ്ട്.

നോട്ടുനിരോധനംമൂലം 1.28 ലക്ഷം കോടിയുടെ നഷ്ടം ഉണ്ടായതായാണ് സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യ ഇക്കോണമിയുടെ പഠനം കാണിക്കുന്നത്. ഒരു രൂപയുടെ കള്ളപ്പണം കണ്ടുപിടിക്കാൻ 16 രൂപ ചെലവാക്കി എന്നതാണ് വിചിത്രമായ വസ്തുത.

മുൻപ്രധാനമന്ത്രിയും ലോകോത്തര സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. മൻമോഹൻസിങ് പറഞ്ഞത് നോട്ടുനിരോധനം സംഘടിതകുറ്റവും നിയമാനുസൃതകൊള്ളയുമാണ് എന്നാണ്. “കാലം മായ്ക്കാത്ത മുറിവുകളില്ല. എന്നാൽ, നോട്ടുനിരോധനത്തിന്റെ മുറിവുകൾ കാലം കഴിയുന്തോറും കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ മുഴുവൻ ഫലവും നാം ഇനിയും അനുഭവിക്കാനും മനസ്സിലാക്കാനും ഇരിക്കുന്നതേയുള്ളൂ,” നോട്ടുനിരോധനത്തിന്റെ രണ്ടാം വാർഷികത്തിൽ പുറത്തിറക്കിയ പ്രസ്താവനയിൽ ഡോ. മൻമോഹൻസിങ് പറഞ്ഞു.

സുഹൃത്തുക്കളുടെ കള്ളപ്പണം വെളുപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ആസൂത്രിതമായി നടപ്പാക്കിയ പദ്ധതിയാണു നോട്ടുനിരോധനമെന്നാണ് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറഞ്ഞത്. “നോട്ടുനിരോധനവിവരം ചിലരൊക്കെ മുൻകൂട്ടി അറിഞ്ഞിരുന്നു. എട്ടുലക്ഷം കോടി രൂപ സർക്കാർ ഖജനാവിൽനിന്നു കടമെടുത്ത കോടീശ്വരന്മാരെ സഹായിക്കാനായിരുന്നു നോട്ടുമരവിപ്പിക്കൽ.” രാഹുൽ കുറ്റപ്പെടുത്തി.

അതേസമയം, നോട്ടുനിരോധനം വൻവിജയമായിരുന്നെന്നും അതുവഴി മൂന്നു ലക്ഷം കോടി രൂപയുടെ കള്ളപ്പണം പിടിച്ചെടുത്തു എന്നുമാണ് ബിജെപി അവകാശപ്പെടുന്നത്. നികുതിദായകരുടെ എണ്ണത്തിലും വൻപുരോഗതി ഉണ്ടായി. നോട്ട് അസാധുവാക്കലിന്റെ പിറ്റേവർഷം നികുതിയിനത്തിൽ മാത്രം ലഭിച്ചത് ആറായിരം കോടി രൂപയാണ്. കള്ളപ്പണം സ്വയം പ്രഖ്യാപിച്ച് പിഴയൊടുക്കാനുള്ള അവസരം വിനിയോഗിച്ചത് എട്ടു ലക്ഷം പേരാണ്. നോട്ട് അസാധുവാക്കൽ നടപടിയിലൂടെ സാമ്പത്തികരംഗത്തെ സുതാര്യത വർദ്ധിക്കുകയും ചെയ്തു. രാജ്യത്തെ മൂലധനനിക്ഷേപം വർധിക്കുകയും ഒരുവർഷത്തിനിടെ ബാങ്കുകളിലേക്കും മ്യൂച്ചൽ ഫണ്ടുകളിലേക്കും കൂടുതൽ പണം എത്തുകയും ചെയ്തു. കാർഷികമേഖലയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വലിയ മാറ്റം ഉണ്ടായതായും ബിജെപി അവകാശപ്പെടുന്നു, പ്ലാസ്റ്റിക്മണിയിലേക്കുള്ള മാറ്റം വേഗത്തിലാക്കാൻ നിരോധനം സഹായിച്ചെന്നും അവർ വാദിക്കുന്നു.

കള്ളപ്പണവും കള്ളനോട്ടും രാജ്യത്തിന്റെ പ്രധാന ശത്രുവാണ് എന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ, കള്ളപ്പണത്തിനുനേരേ മോദി നടത്തിയ ഈ വെടിവയ്പ്പിൽ ഉണ്ട ചെന്നുകൊണ്ടത് സാധാരണക്കാരുടെ നെഞ്ചത്താണ്. ധൃതി പിടിച്ചു നോട്ടു പിൻവലിക്കാതെ പഠനം നടത്തിയിട്ട് പിൻവലിച്ചിരുന്നെങ്കിൽ ഇത്രയും പാളിച്ച വരില്ലായിരുന്നുവെന്നാണ് സാമ്പത്തികവിദഗ്ധർ പറയുന്നത്. ■

ജാലകം

# കരുതണം കൗമാരക്കാരെ



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.

**കൗ**മാരക്കാരുൾപ്പെടെയുള്ള യുവജനങ്ങളുടെയിടയിൽ സോഷ്യൽ മീഡിയയുടെ സ്വാധീനവും അവയുടെ ദുരുപയോഗങ്ങളും വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നു. എന്റെ ഒരു കൗൺസെലിങ് അനുഭവം വിവരിക്കട്ടെ.

ഒരു ആൺകുട്ടി ഒരു മുതിർന്ന ആൺസുഹൃത്തുമായി ഫെയ്സ്ബുക്കിലൂടെ പരിചയത്തിലാകുന്നു. നയപരമായ ഇടപെടലും പെരുമാറ്റവും. കുട്ടിയുടെ രക്ഷിതാക്കൾക്കും സംശയങ്ങൾക്കൊന്നും ഇടവന്നില്ല. ആത്മാർത്ഥതയുള്ള ഒരു സുഹൃത്തുതന്നെയെന്നു കുട്ടിയും വിശ്വസിച്ചു.

ഒരിക്കൽ, ഈ മുതിർന്ന സുഹൃത്തിന്റെ വീട്ടിൽ രാത്രി താമസത്തിനു കുട്ടിയെ ക്ഷണിച്ചു. ഏറെ നാളായുള്ള പരിചയത്തിന്റെ പിൻബലത്തിൽ രക്ഷിതാക്കൾ അതിനു സമ്മതം നൽകുകയും ചെയ്തു. പിറ്റേന്നു വീട്ടിലെത്തിയ കുട്ടി തനിക്കു ലഭിച്ച മികച്ച പരിചരണത്തെക്കുറിച്ച് മാതാപിതാക്കളോടു സന്തോഷം പങ്കുവച്ചു. എന്നാൽ, വീണ്ടും ഒരിക്കൽക്കൂടി സുഹൃത്തിന്റെ ക്ഷണം സ്വീകരിച്ച് അന്തിയുറങ്ങാൻപോയ കുട്ടിക്ക് തീർത്തും മോശമായ അനുഭവങ്ങളാണ് ഏറ്റുവാങ്ങേണ്ടിവന്നത്.

ഈ മുതിർന്ന ആൺസുഹൃത്ത് സ്വവർഗഭോഗത്തിന് അടിമയായിരുന്നു. അപ്രതീക്ഷിതമായി നേരിടേണ്ടിവന്ന ലൈംഗികാതിക്രമം കൗമാരക്കാരനെ വലിയ പരിഭ്രമത്തിലും നിരാശയിലും ഭയത്തിലുമാഴ്ത്തി. ഒട്ടും പ്രതീക്ഷിക്കാത്ത ഈ ദുരനുഭവം അവനിൽ വല്ലാത്തൊരു നൊമ്പരമായി നീറിപ്പടർന്നു. വിശപ്പില്ലായ്മയും അസ്വസ്ഥതയും അവനെയാകെ തളർത്തിക്കളഞ്ഞു.



താമസിയാതെ തലവേദന തുടങ്ങി. പിന്നെ പനിയായി മാറി. അടുത്തുള്ള ക്ലിനിക്കിൽ പോയി, പനിക്കു മരുന്നു വാങ്ങിക്കൊടുത്തു. പനി ശമിച്ചെങ്കിലും അവന്റെ സ്വഭാവത്തിലെ മാറ്റം മാതാപിതാക്കളെ ആകുലരാക്കി. അധികമാരോടും സംസാരിക്കാത്ത പ്രകൃതത്തിലേക്കു കുട്ടി മാറി. സ്കൂളിൽ പോകാനും താത്പര്യം കുറഞ്ഞു. ഓൺലൈൻ ക്ലാസിനും അലസതയായി. ക്രമേണ, പഠനവൈകല്യമായി, വ്യക്തിത്വത്തകരാറായി. കൗൺസെലിങ്ങിൽ വിശദമായി ചോദിച്ചു മനസ്സിലാക്കിയപ്പോഴാണ് മുൻപറഞ്ഞ കാര്യങ്ങൾ മനസ്സിലായത്. കുറച്ചൊക്കെ പിരുപിരുപ്പും ശ്രദ്ധക്കുറവും മർക്കടമുഷ്ടിയും ഈ കുട്ടിക്കു നേരത്തേതന്നെ ഉണ്ടായിരുന്നു. മാത്രമല്ല, ഓരോ കാര്യം ചെയ്യുന്നതിനും അലസതയും ഉണ്ടായിരുന്നു. വൈകിക്കിടക്കുക, താമസിച്ച് എണീൽക്കുക, കുളിമുറിയിലും മറ്റും ഏറെനേരം ചെലവഴിക്കുക തുടങ്ങി ചില പ്രശ്നങ്ങൾ. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കാൻ മാതാപിതാക്കൾക്കു കഴിഞ്ഞുമില്ല. ഈ സാഹചര്യത്തിലാണ് മുതിർന്ന സുഹൃത്തിന്റെ രംഗപ്രവേശം. അയാളിൽനിന്നു ലഭിച്ച സ്നേഹവും പരിഗണനയും തനിക്കു കിട്ടിയ വലിയൊരംഗീകാരമായും ആദരവായും അവനു തോന്നി. ഇവിടെ നാം ആരെയാണു പഴിക്കേണ്ടത്?

പ്രിയരക്ഷിതാക്കളേ, ഇത്തരം അനുഭവങ്ങൾ നമ്മുടെ കുഞ്ഞുങ്ങൾക്കും നാളെകളിൽ ഉണ്ടായിക്കൂടെന്നില്ല. ഇനി പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക: കുട്ടികൾ ഒരിക്കലും ഒരു കാര്യത്തിലും ഒറ്റയ്ക്കിരിക്കുകയോ ഒറ്റയ്ക്കു പോകുകയോ അരുത്. സമപ്രായക്കാരായ നല്ല സുഹൃത്തുക്കളെ ചുരുക്കമായെങ്കിലും കൂട്ടാം. പക്ഷേ, അവരാരാണ്, വീടെവിടാണ്, കുടുംബപശ്ചാത്തലം നമുക്കു ചേർന്നതോ എന്നൊക്കെ അന്വേഷിച്ചറിഞ്ഞിരിക്കണം. ഒറ്റപ്പെട്ടു നടക്കുന്ന കൗമാരക്കാർ ഏതുതരത്തിലുള്ള ചീത്തസ്വഭാവങ്ങളിലും അകപ്പെടാനും അവ പഠിച്ചെടുക്കാനും സാധ്യതയണ്ട്. തന്നെക്കാൾ മുതിർന്ന കൂട്ടുകാരെ തേടിപ്പോകുന്നതും ഒറ്റയ്ക്കുള്ള സഞ്ചാരവും അമിതമായ ഫോൺ ഉപയോഗവും തുടക്കത്തിലേ തന്നെ ശ്രദ്ധിക്കുക. ഒരിക്കലും മറ്റൊരു ഭവനത്തിൽ കിടന്നുറങ്ങാൻ തനിയെ വിടരുത്. (വിദ്യാലയാനുബന്ധപ്രോഗ്രാമുകളുടെയോ യാത്രയുടെയോ ഭാഗമായി ഏതെങ്കിലും ഭവനത്തിൽ ഒന്നിച്ചു കഴിയേണ്ട സാഹചര്യങ്ങളിൽ രക്ഷിതാക്കളുംകൂടി അവിടെയായിരിക്കാനും കിടപ്പുമുറികളിൽ കുട്ടികൾ മാത്രമാകാതിരിക്കാനും ശ്രദ്ധിക്കുക.)

കുട്ടികളുടെ കൂട്ടുകാരെക്കുറിച്ചും അവരുടെ വീട്ടുകാരെക്കുറിച്ചും നന്നായി മനസ്സിലാക്കിയിരിക്കണം. സ്വഭാവ/ പഠനവൈകല്യങ്ങൾ, അപകർഷതാഭാവം, അശ്രദ്ധമായ നീക്കങ്ങൾ സമൂഹത്തിൽനിന്നോ അയൽക്കാരിൽനിന്നോ ലഭിക്കുന്ന പരാതി തുടങ്ങിയവരെയൊക്കെ പ്രത്യേകം നിരീക്ഷിക്കണം. ഇവർക്കെപ്പോഴും ഒരംഗീകാരത്തിനുവേണ്ടിയുള്ള ദാഹമുണ്ടാവും. അതിന്റെ ഭാഗമായാണ് മുതിർന്ന സുഹൃത്തുക്കളെയും മറ്റും തേടുന്നത്. ഇത്തരക്കാർവഴി മദ്യം, മയക്കുമരുന്ന്, കഞ്ചാവ് / പുകവലി തുടങ്ങിയ ലഹരികളുടെ ഉപയോഗത്തിലേക്കും മോഷണം, പിടിച്ചുപറിക്കൽ തുടങ്ങിയ അധമപ്രവണതകളിലേക്കും നീങ്ങാനും ഇടയായേക്കാം. നമ്മുടെ നാട്ടിൽത്തന്നെ ചില ചെറുപ്പക്കാരെങ്കിലും പഠനം പൂർത്തിയാക്കാത്തവരായുണ്ട്. ജോലി കിട്ടാത്തവരും ഒരു ജോലിയും ചെയ്യാത്തവരുമായി കവല നിരങ്ങുന്നവരെയും കറങ്ങിനടക്കുന്നവരെയും നാം കാണുന്നില്ലേ? ഇവരെല്ലാം മുമ്പു സൂചിപ്പിച്ചതുപോലെ കുടുംബസാഹചര്യങ്ങളുടെ സമ്മർദങ്ങൾക്കു കീഴ്പ്പെട്ടുപോയവർതന്നെ. ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന രക്ഷിതാക്കൾ കുട്ടികളെ നല്ലൊരു കൗൺസെലിങ് കേന്ദ്രത്തിലേക്ക് എത്രയും വേഗം എത്തിക്കുക. രക്ഷിതാക്കൾ ഇക്കാര്യത്തിൽ ഏറെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

(തുടരും)

ദളം പന്ത്രണ്ട്





# ആശ്രമത്തിലെ കള്ളൻ

മോബിൻ മോഹൻ

**ഉ**ണ്ണീരിയമ്മയുടെ വീടിനു മുറ്റത്ത് ഒരു പൂന്തോട്ടമുണ്ടായിരുന്നു. പിച്ചിയും മുല്ലയും വാടാമല്ലിയും തെച്ചിയും ജമന്തിയുമെല്ലാം പൂത്തുനിൽക്കുന്ന മനോഹരമായ ഒരു പൂന്തോട്ടം.

സൂര്യൻ പടിഞ്ഞാറു തലചായ്ക്കാനൊരുങ്ങുന്ന ഒരു സായാഹ്നത്തിൽ ഉണ്ണീരിയമ്മ ചെടികൾക്കു വെള്ളമൊഴിക്കുകയായിരുന്നു. അപ്പോഴാണ് അമ്മാളു അതുവഴി വരുന്നത്. ഒരു കഥ കേട്ടിട്ടു തന്നെ കാര്യം. അമ്മാളു കുണുങ്ങിക്കുണുങ്ങി ഉണ്ണീരിയമ്മയുടെ അരികത്തെത്തി.

"ഉണ്ണിയമ്മേ.... ഒരു കഥ..."

ഉണ്ണീരിയമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു: "ശരി ഒരു കഥ പറയാം. ശ്രീനാരായണ ഗുരുവിനെക്കുറിച്ചാണു പറയാൻ പോകുന്നത്."

ഒരിക്കൽ സമ്പന്നനായ ഒരു ഭക്തൻ ഗുരുവിനെ കാണാനായി ആശ്രമത്തിൽ എത്തി. കുറെ സ്വർണനാണയങ്ങൾ അയാൾ ഗുരുവിനു സമർപ്പിച്ചു.

"എന്തിനാണ് എനിക്കീ സ്വർണനാണയങ്ങൾ? ദയവായി നിങ്ങൾ ഇതു തിരിച്ചു കൊണ്ടുപോകൂ." ഗുരു പറഞ്ഞു.

പക്ഷേ, ഭക്തനാകട്ടെ ആ സ്വർണനാണയങ്ങൾ ആശ്രമത്തിലെ നേർച്ചപ്പെട്ടിയിൽ നിക്ഷേപിച്ചു മടങ്ങി.

തൊട്ടടുത്ത ദിവസം നേർച്ചപ്പെട്ടി തുറക്കുമ്പോഴല്ലേ അദ്ഭുതം! സ്വർണനാണയങ്ങൾ നേർച്ചപ്പെട്ടിയിൽ കാണുന്നില്ല. നാണയങ്ങളെപ്പറ്റി ആകെക്കൂടി അറിയാവുന്നത് ആശ്രമവാസികൾക്കാണ്. അപ്പോൾ അവരിൽ ആരെങ്കിലുമാവും നാണയം മോഷ്ടിച്ചത് എന്ന് ഉറപ്പ്.


ഞാനെന്നും എന്റേതെന്നുമുള്ള എല്ലാ ചിന്തകളും വെടിഞ്ഞ് മോക്ഷമാർഗത്തിൽ സഞ്ചരിക്കുന്നവരാണല്ലോ ആശ്രമവാസികൾ. അവരിൽ ആർക്കോ തിന്മയുടെ പ്രലോഭനം ഉണ്ടായിരിക്കുന്നു. ഗുരുവിനും സങ്കടമായി.

മോഷ്ടാവിനെ കണ്ടുപിടിച്ചല്ലേ മതിയാവൂ. ആശ്രമവാസികളെ എല്ലാവരെയും ഗുരു അടുത്തേക്കു വിളിപ്പിച്ചു.

"നാണയം എടുത്തയാൾ സ്വന്തംതെറ്റു മനസ്സിലാക്കി മാപ്പു പറഞ്ഞാൽ ഞാൻ തിന്മയിൽനിന്നും മോചിപ്പിക്കാം. ഒപ്പം ആശ്രമത്തിൽ തുടരാൻ അനുവദിക്കുകയും ചെയ്യാം." ഗുരു പറഞ്ഞു.

പക്ഷേ, ആരും മുന്നോട്ടു വന്നില്ല.

"എങ്കിൽ ശരി പോലീസിനെ വിളിക്കാം." ഗുരു അഭിപ്രായപ്പെട്ടു.



ആശ്രമത്തിൽ പോലീസ് എത്തുന്നതും എല്ലാവരെയും ചോദ്യം ചെയ്യുന്നതുമൊക്കെ ആശ്രമത്തിന്റെ ശാന്തത തകർക്കുമല്ലോ എന്ന് എല്ലാവരും ആശങ്കപ്പെട്ടു. ആരും കുറ്റം ഏറ്റെടുക്കാത്ത സാഹചര്യത്തിൽ പോലീസിനെ വിളിക്കാമെന്ന തീരുമാനത്തിൽ ഗുരു ഉറച്ചുനിന്നു. ആശ്രമവാസികളിൽ ഒരാളെ ഗുരു പോലീസിനെ വിളിക്കാൻ പറഞ്ഞുവിട്ടു. എന്നിട്ട് ഗുരു ധ്യാനനിമഗ്നനായി.

സമയം വൈകുന്നേരമായിട്ടും പോലീസിനെ വിളിക്കാൻ പോയ ആൾ തിരിച്ചെത്തിയില്ല.

ആശ്രമവാസികൾ ഗുരുവിന്റെ അടുത്തുചെന്നു. ഗുരു ധ്യാനത്തിലായിരുന്നു. ഗുരു കണ്ണുതുറന്ന് അവരോടായി പറഞ്ഞു:

"ഇനി അയാൾ ആശ്രമത്തിലേക്കു തിരികെ വരില്ല." ഇത്രയും പറഞ്ഞ് വീണ്ടും ഗുരു കണ്ണുകളടച്ചു.

ആശ്രമവാസികൾക്കു കാര്യങ്ങൾ വ്യക്തമായി. സ്വർണനാണയം മോഷ്ടിച്ചത് ആരെന്ന് ഗുരുവിന് ഒറ്റനോട്ടത്തിൽത്തന്നെ തിരിച്ചറിയാൻ കഴിഞ്ഞു. അയാളെത്തന്നെയാണ് പോലീസിനെ വിളിക്കാൻ പറഞ്ഞുവിട്ടത്. സത്യത്തിൽ ആശ്രമത്തിൽനിന്നു മോഷ്ടാവിനെ ഗുരു പുറത്താക്കിയതാണ്. തെറ്റുപറ്റാത്ത മനുഷ്യരില്ല. ആ തെറ്റിൽ പശ്ചാത്തപിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്യുമ്പോഴാണ് വീണ്ടും ശരിയിലേക്കു വരുന്നത്. ശുദ്ധമായ മനസ്സാണ് സംസാരസാഗരം തരണം ചെയ്യുവാനുള്ള ആയുധം.

ഉണ്ണീരിയമ്മ കഥ പറഞ്ഞുതീർന്നപ്പോഴേക്കും പതിയെ ഇരുട്ടുമൂടിയിരുന്നു. ഒരു നല്ല കഥ കേട്ട സന്തോഷത്തിൽ അമ്മാളു അവളുടെ വീട്ടിലേക്കു മടങ്ങി.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ജ്ഞാനം ഭൂവാസികളുടെ പാത നേരേയാക്കി, അങ്ങേക്കു പ്രസാദമുള്ളവ അവരെ പഠിപ്പിച്ചു: അവർ രക്ഷിക്കപ്പെടുകയും ചെയ്തു.

ജ്ഞാനം 9:18

**എഡിറ്റോറിയൽ**

# വഴിതടയുന്ന പ്രതിഷേധങ്ങൾ ജനാധിപത്യത്തിനു ഭൂഷണമല്ല

ഇന്ധനവിലവർദ്ധന തടയണമെന്നാവശ്യപ്പെട്ട് രാജ്യമൊട്ടാകെ പ്രക്ഷോഭങ്ങൾ അരങ്ങേറുമ്പോൾ കോൺഗ്രസ് എറണാകുളത്തു നടത്തിയ ദേശീയപാത ഉപരോധത്തിനെതിരേ നടൻ ജോജു ജോർജ് ഉയർത്തിയ പ്രതിഷേധാഗ്നി കെട്ടണഞ്ഞിട്ടില്ല. വഴിതടയൽസമരത്തെയും പ്രതിഷേധത്തെയും അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായങ്ങൾ ഉയരുമ്പോഴും, ചർച്ചയാകുന്നത് പൊതുവഴി തടഞ്ഞുള്ള പ്രകടനങ്ങളും യോഗങ്ങളും നിരോധിച്ചുള്ള കേരള ഹൈക്കോടതിയുടെ മുൻ ഉത്തരവുകളാണ്. പൊതുവഴി തടഞ്ഞുള്ള പ്രകടനങ്ങളും ഘോഷയാത്രകളുമൊക്കെ വിലക്കിയുള്ള ഹൈക്കോടതി ഉത്തരവിന് കാൽനൂറ്റാണ്ടോളം പഴക്കമുണ്ട്.

റോഡരികിൽ യോഗങ്ങൾ തടഞ്ഞുള്ള ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ട് ഒരു പതിറ്റാണ്ടിലേറെയായി. രണ്ട് ഉത്തരവുകളും സുപ്രീംകോടതി ശരിവച്ചിരുന്നു. റോഡരികിൽ യോഗം നടത്തരുതെന്ന കോടതി ഉത്തരവു മറികടക്കാൻ സംസ്ഥാനസർക്കാർ പിന്നീടു നിയമം നിർമിച്ചെങ്കിലും ഇതും ഹൈക്കോടതി സ്റ്റേ ചെയ്തു. ഇതിനെതിരേ സർക്കാർ നല്കിയ അപ്പീൽ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

1997 ൽ ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ അധ്യക്ഷനായ ഹൈക്കോടതിയുടെ ഫുൾബെഞ്ചാണ് പൊതുവഴി തടഞ്ഞുള്ള പ്രകടനങ്ങളും ഘോഷയാത്രകളും വിലക്കി ഉത്തരവിറക്കിയത്. ബന്ദ് ഭരണഘടനാവിരുദ്ധമാണെന്നു പ്രഖ്യാപിച്ച സുപ്രധാന വിധിയിലായിരുന്നു ഇത്. ജസ്റ്റീസ് ജെ.ബി. കോശി, ജസ്റ്റീസ് പി.കെ. ബാലസുബ്രഹ്മണ്യം എന്നിവരടങ്ങിയതായിരുന്നു ഫുൾബഞ്ച്. റോഡരികിലെ യോഗം വിലക്കിയുള്ള ഉത്തരവു പുറപ്പെടുവിച്ചത് 2010 ലാണ്. ഈ ഉത്തരവിനെത്തുടർന്നാണ് സിപിഎം നേതാവ് എം.വി. ജയരാജന്റെ വിവാദമായ 'ശുംഭൻ' പരാമർശം ഉണ്ടായത്.

പൊതുഗതാഗതം തടസ്സപ്പെടുത്തിയുള്ള യോഗങ്ങളും പ്രതിഷേധങ്ങളും ഹൈക്കോടതി വിലക്കിയിട്ടും രാഷ്ട്രീയ, മത, സാമൂഹികസംഘടനകൾ അതു മാനിക്കുന്നില്ലെന്നും പോലീസ് നടപടിയെടുക്കണമെന്നുമാരോപിച്ച് പൊതുതാത്പര്യഹർജി പുതുതായി ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. സമയത്തിന്റെ മൂല്യം നന്നായറിയാവുന്ന വർത്തമാനകാലത്ത്, ജനജീവിതം സ്തംഭിപ്പിക്കുന്ന പ്രതിഷേധസമരങ്ങൾ രാഷ്ട്രീയപ്പാർട്ടികളുടെയെന്നല്ല, ആരുടെ ഭാഗത്തുനിന്നായാലും ന്യായീകരിക്കാനാവില്ല. ജനത്തിരക്കുള്ള നമ്മുടെ നഗരങ്ങളിൽ എത്രയോ പേരാണ് ഓഫീസുകളിലേക്കും മറ്റു തൊഴിലിടങ്ങളിലേക്കും അതിവേഗം പ്രയാണം ചെയ്യുന്നത്. മരണവെപ്രാളവുമായി ചീറിപ്പായുന്ന ആംബുലൻസുകൾ നഗരഗ്രാമവ്യത്യാസമില്ലാതെ നമ്മുടെ നിരത്തുകളിലെ സ്ഥിരം കാഴ്ചയാണ്. പഠനാവശ്യങ്ങൾക്കും ജോലിക്കും മറ്റുമായി തിരക്കുപിടിച്ചോടുന്ന കുട്ടികളെയും യുവജനങ്ങളെയും നമുക്കു മറക്കാനാവില്ലല്ലോ.

ഇത്തരം യാഥാർത്ഥ്യങ്ങൾ നിലനില്ക്കെ, പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമരങ്ങളുമായി രാഷ്ട്രീയപ്പാർട്ടികൾ പൊതുനിരത്തുകൾ കൈയേറുന്നത് പ്രതിഷേധാർഹമാണ്. കോടതിവിധികളെ മാനിക്കാത്ത ഇത്തരം പാർട്ടികളുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ തിരഞ്ഞെടുപ്പു കമ്മീഷൻ തയ്യാറാകണം. പ്രതിഷേധങ്ങളിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നല്കാൻ നിയമമുണ്ടാകണം. സഞ്ചാരസ്വാതന്ത്ര്യം തടയുന്ന സമരാഭാസങ്ങൾക്കെതിരേ സർക്കാരും പോലീസും നടപടിയെടുത്തേ പറ്റൂ. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട സർക്കാരും രാഷ്ട്രീയപ്പാർട്ടികളും പൗരാവകാശങ്ങളെന്ന പേരും പറഞ്ഞ് ജനത്തെ കഷ്ടത്തിലാക്കുന്നതും ദ്രോഹിക്കുന്നതും ജനാധിപത്യമര്യാദകളുടെ ലംഘനമാണ്. ■

# ദേവസഹായംപിള്ള വിശുദ്ധപദവിയിലേക്ക്


തിരുവനന്തപുരം: ക്രൈസ്തവവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ രക്തസാക്ഷിത്വം വരിച്ച വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള വിശുദ്ധപദവിയിലേക്ക്. 2022 മേയ് 15 ന് ആഗോളസഭയുടെ വിശുദ്ധാരാമത്തിലേക്ക് ദേവസഹായം പിള്ളയും ഉയർത്തപ്പെടും. ഇന്ത്യയിലെ പ്രഥമ അല്മായ രക്തസാക്ഷിയായ വിശുദ്ധനാകും വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള.

വിശുദ്ധപദവി പ്രഖ്യാപനത്തിൽ അനിവാര്യമായ, ദേവസഹായംപിള്ളയുടെ മാധ്യസ്ഥ്യത്തിൽ സംഭവിച്ച രോഗസൗഖ്യത്തിനു കഴിഞ്ഞ വർഷം ഫ്രാൻസിസ് പാപ്പാ അംഗീകാരം നൽകിയിരുന്നു. വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള ഉൾപ്പെടെ ഏഴു പേരെയാണ് മേയ് 15 ന് വിശുദ്ധ പദവിയിലേക്കുയർത്തുന്നത്.

1712 ഏപ്രിൽ 23 ന് കന്യാകുമാരി ജില്ലയിലെ നട്ടാലത്ത് ഒരു ഹൈന്ദവകുടുംബത്തിലായിരുന്നു ദേവസഹായംപിള്ളയുടെ ജനനം. നീലകണ്ഠപിള്ള എന്നായിരുന്നു പേര്. തിരുവിതാംകൂർ രാജകൊട്ടാരത്തിൽ കാര്യദർശിയായിരിക്കേയാണ് ഹൈന്ദവവിശ്വാസം ഉപേക്ഷിച്ച് ദേവസഹായംപിള്ള എന്ന നാമം സ്വീകരിച്ച് ക്രൈസ്തവവിശ്വാസത്തിലേക്കെത്തിയത്.

കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം തടവിലാക്കിയ ഡച്ച് പടത്തലവനും കത്തോലിക്കാ വിശ്വാസിയുമായ ഡിലനോയിയിൽനിന്നാണ് ക്രിസ്തുവിനെക്കുറിച്ചറിയാൻ ദേവസഹായം പിള്ളയ്ക്കു കഴിഞ്ഞത്. ജീവിതത്തിൽ നിരവധി വിഷമഘട്ടങ്ങൾ നേരിട്ട നീലകണ്ഠപിള്ളയ്ക്ക് ക്രിസ്തുവിന്റെ സുവിശേഷസത്യങ്ങൾ വലിയ ആശ്വാസവും പ്രത്യാശയുമാണു പകർന്നത്.

തിരുവിതാംകൂറിൽ മിഷണറിയായിരുന്ന ഈശോസഭാവൈദികനിൽനിന്ന് 1745 മേയ് 17



നാണ് 'ലാസർ' എന്നർത്ഥം വരുന്ന 'ദേവസഹായം' പിള്ള എന്ന പേരിൽ അദ്ദേഹം മാമ്മോദീസ സ്വീകരിച്ചത്. തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിൽ സുവിശേഷം പ്രസംഗിച്ച ദേവസഹായംപിള്ള രാജസേവകരുടെ കണ്ണിലെ കരടായി മാറി. പിള്ളയ്ക്കെതിരേ അവർ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടച്ചു.

ശാരീരിവും മാനസികവുമായ കൊടിയ പീഡനങ്ങൾ ഏൽക്കേണ്ടിവന്നിട്ടും ക്രിസ്തുവിനെ തള്ളിപ്പറയാതിരുന്ന ദേവസഹായം പിള്ള നാലു വർഷം ജയിലിൽ കഴിഞ്ഞു. ക്രിസ്തുവിശ്വാസം ഉപേക്ഷിക്കാൻ തയ്യാറാകാത്ത അദ്ദേഹത്തെ 1752 ജനുവരി 14 ന് കാറ്റാടിമലയിൽവെച്ച് വെടിവച്ചു കൊല്ലുകയായിരുന്നു.

ദേവസഹായംപിള്ളയെ രക്തസാക്ഷിയെന്ന നിലയിൽ വിശുദ്ധ പദവിയിലേക്കുയർത്താനുള്ള നടപടികൾക്ക് 2012 ൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അംഗീകാരം ലഭിച്ചു. 2012 ഡിസംബർ 2ന് കത്തോലിക്കാസഭ ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. പത്തുവർഷങ്ങൾക്കുശേഷം അദ്ദേഹം വിരുദ്ധാരാമത്തിലേക്കുയർത്തപ്പെടുന്നു.

ദേവസഹായംപിള്ളയുടെ നാമകരണത്തിനായി ആദ്യം വത്തിക്കാനിൽ അപേക്ഷ നൽകുന്നത് മാർ ജോസഫ് കരിയാറ്റിലും പാറേമ്മാക്കൽ തോമ്മാക്കത്തനാരും ചേർന്നാണ്. അവരുടെ റോമായാത്രയുടെ (1778–1786) വിവരണമായ വർത്തമാനപ്പുസ്തകത്തിൽ ഇക്കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവരുടെ അപേക്ഷ കണ്ടെത്താൻ സാധിക്കാത്തതിനാൽ കോട്ടാർ രൂപത ബിഷപ് 2004 ൽ നൽകിയ പുതുക്കിയ അപേക്ഷയുടെമേലാണ് ഇപ്പോൾ നാമകരണത്തിനായുള്ള നടപടികൾ നടന്നത്.

തമിഴ്നാട്ടിൽനിന്നും കേരളത്തിൽനിന്നും നിരവധി തീർത്ഥാടകർ എത്തിച്ചേരുന്ന ദേവസഹായംപിള്ളയുടെ കബറിടം നാഗർകോവിലിലെ കോട്ടാർ രൂപതയുടെ സെന്റ് ഫ്രാൻസിസ് സേവ്യർ കത്തീഡ്രൽ പള്ളിയിലാണുള്ളത്. 2012 ഡിസംബർ രണ്ടിന് കോട്ടാർ കത്തീഡ്രലിൽവച്ചാണ് ദേവസഹായംപിള്ളയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയത്. ■



ഫാ. ജോസഫ് നെച്ചിക്കാട്ട്



വലിയൊരു ശാസ്ത്രജ്ഞനും ഭിഷഗ്വരനുമായ ഡോ. റെയ്മണ്ട് മൂഡിയുടെ പ്രശസ്തമായൊരു ഗ്രന്ഥമാണ് "Life after Life." ഏതാണ്ട് നാല്പതോളം പതിപ്പുകളിലൂടെ അനേകലക്ഷം കോപ്പികൾ വിറ്റഴിഞ്ഞൊരു വിഖ്യാതഗ്രന്ഥം. മരിച്ചുപോയി തിരിച്ചുവന്ന പലരുമായും അദ്ദേഹം അഭിമുഖം നടത്തുന്നുണ്ട് – ശാരീരികമായി മരിച്ചുകഴിഞ്ഞുവെന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയിട്ടും ജീവിതത്തിലേക്കു മടങ്ങിയെത്തിയവരുടെ അനുഭവങ്ങളാണ് അദ്ദേഹം വിവരിക്കുന്നത്.

എല്ലാവരുടെയും അനുഭവങ്ങൾ ഏതാണ്ട് സമാനമായി കാണപ്പെടുന്നു എന്നതാണ് ഏറെ ശ്രദ്ധേയം. ആദ്യത്തെ അസ്വസ്ഥതകൾക്കുശേഷം ഇരുണ്ട ഒരു തുരങ്കത്തിലൂടെ വളരെ വേഗം കടന്നുപോകുന്നതുപോലെ – അങ്ങു വിദൂരതയിൽ സ്വന്തം മൃതദേഹം കണ്ടുകൊണ്ടുതന്നെ! പിന്നീട്, തനിക്കു പണ്ടുണ്ടായിരുന്നതിൽനിന്നു തികച്ചും വ്യത്യസ്തമായൊരു ജീവിതം കൈവരുന്നതുപോലെ. പഴയ സുഹൃത്തുക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യാനുഭവം. എങ്കിലും, 'തിരികെപ്പോകണം, സമയമായിട്ടില്ല' എന്ന നിർദേശപ്രകാരം അവർ മടങ്ങി.

തികഞ്ഞ ഒരു പ്രകാശം കണ്ടുവെന്നും വ്യക്തിരൂപത്തിലല്ലെങ്കിലും ആ പ്രകാശം യഥാർത്ഥത്തിൽ ക്രിസ്തുതന്നെയായിരുന്നെന്നും രണ്ടുപേർ സാക്ഷ്യപ്പെടുത്തുന്നു. 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ. 8-12) എന്ന തിരുവചനം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കിക്കൊണ്ട്. 'ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും... ജ്ഞാനികൾ ആകാശവിതാനത്തിന്റെ പ്രഭപോലെ തിളങ്ങും' (ദാനിയേൽ 12:2-3) എന്ന ദാനിയേൽ പ്രവാചകന്റെ മൊഴികളും സ്മരണീയമാണ്.

പലതും വ്യക്തിനിഷ്ഠമെന്നതുകൊണ്ട് ഈ പ്രസ്താവനകൾ മുഴുവൻ നാം അതേപടി അംഗീകരിച്ചുകൊള്ളണമെന്നില്ല. എങ്കിലും, അവരുടെ വിവരണങ്ങൾ വിസ്മയനീയങ്ങളത്രേ. മരണം കണ്ടു മടങ്ങിയവരുടെ പിൽക്കാലജീവിതവും പഠനാർഹമാണ്. അതിനു

# മരണകവാടങ്ങൾക്കപ്പുറം

സമൂലമാറ്റം വന്നു. തികച്ചും പുതിയ മനുഷ്യരായി അവർ തുടർന്നു ജീവിച്ചു.

ഇനി, മരണശേഷം നമുക്കുണ്ടാകാവുന്ന ശാരീരികമാറ്റങ്ങൾകൂടി തന്നിനിറത്തിൽ കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! അതു നമ്മിലുളവാക്കുന്ന പരിവർത്തനം ഊഹാതീതമത്രേ!... രംഗം ഭീകരവും ഭയാനകവുമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അതിന്റെ ഒരു വീഡിയോ ചിത്രം കാണാൻ കഴിഞ്ഞാലും മതി!

കർണാടക് യൂണിവേഴ്സിറ്റി രണ്ടു വർഷംമുമ്പു സംഘടിപ്പിച്ച ഒരു എക്സിബിഷൻ ഓർമവരുന്നു. മരണശേഷം മണിക്കൂർതോറും ഒരു മനുഷ്യനിൽ വന്നുഭവിക്കുന്ന ശാരീരികവ്യതിയാനങ്ങളുടെ ചിത്രപരമ്പരയായിരുന്നു ഒരു പ്രധാന പ്രദർശനം. ശരീരം മരയ്ക്കുന്നു, മങ്ങുന്നു, തൊലിക്കു കേടുവന്നുതുടങ്ങുന്നു, വിരൂപമാകുന്നു, അഴുകിത്തുടങ്ങുന്നു... അവസാനം അസ്ഥിമാത്രം അവശേഷിക്കുന്നു... ചിത്രങ്ങൾ കാണാൻ ധൈര്യപ്പെടാതെ നടന്നകന്നവർ നിരവധി! കണ്ടുകൊണ്ടുനിന്ന ഒരു സ്ത്രീ ഭയാക്രാന്തയായി നിലവിളിച്ചുകൊണ്ട് ബോധംകെട്ടു വീണു.

മനുഷ്യൻ അടിയറവു പറയുന്ന രംഗം! മരണത്തെക്കുറിച്ചും മരണാനന്തരസംഭവങ്ങളെക്കുറിച്ചും ചിന്തിക്കാൻ ആർക്കും ഇഷ്ടമില്ല. ശരിക്കും അനിവാര്യമായ അവസ്ഥയാണെങ്കിലും അത് ഒരു അപ്രിയസത്യമാണ്. 'സത്യം അപ്രിയം ന ബ്രൂയാൽ' എന്നല്ലേ ചൊല്ല്! അപ്രിയസത്യം പറയാതിരിക്കാൻ, കേൾക്കാതിരിക്കാൻ, കാണാതിരിക്കാൻ ഒക്കെയാണ് ഏവരുടെയും ആഗ്രഹം. എങ്ങനെയും ആ വിഷയം ഒഴിവാക്കിപ്പോവുകതന്നെ. കാരണം, അതു ഭീതിജനകമാണ്, അനിഷ്ടകാരണമാണ്. പ്രദർശനശാലയിൽനിന്ന് പലരും വഴിമാറി നീങ്ങിയില്ലേ?

എങ്കിലും, അതൊരു യാഥാർത്ഥ്യമാണ്. അംഗീകരിച്ചേ തീരൂ, സ്വീകരിച്ചേ പറ്റൂ – ജീവിതത്തിന്റെ കയ്പേറിയ മറുവശമാണെങ്കിലും.

ഓരോ നിമിഷവും ശരാശരി മൂന്നുപേർ ലോകത്തിലെവിടെയെങ്കിലും മരണമടയുന്നുണ്ടെന്നാണു കണക്ക് – അപകടത്തിൽപ്പെടുന്നവർ, അക്രമങ്ങൾക്കിരയാകുന്നവർ, ആത്മഹത്യ ചെയ്യുന്നവർ, പ്രായംമൂലം, രോഗംമൂലം പിടിച്ചുനിൽക്കാൻ പറ്റാത്തവർ... അങ്ങനെ എത്രയെത്ര പേർ കടന്നുപോകുന്നു. ചെറുപ്പക്കാർക്ക് അതൊന്നും അത്ര വിഷയമാകാറില്ല. എങ്കിലും, പ്രായം കൂടുന്തോറും മരണഭീതി കൂടിക്കൂടിവരും. സംഗതി അടുത്തെത്തിയ പ്രതീതി ജനിച്ചുതുടങ്ങുന്നു-കടലടുക്കുമ്പോൾ മുന്നോട്ടു നീങ്ങാൻ മടിച്ചുനില്ക്കുന്ന നദിപോലെ.

'മനുഷ്യാ നീ മണ്ണാകുന്നു' അർത്ഥശങ്കയ്ക്കിടയില്ലാത്തതാണ് ആദിമമനുഷ്യനോടു പറയപ്പെട്ട ആ വാചകം. നാം മരിക്കും. നമ്മുടെ പ്രിയപ്പെട്ട എല്ലാ ബന്ധങ്ങളും വിട്ടുപിരിയേണ്ടി വരും. കഴിവുകൾ, നേട്ടങ്ങൾ... ഒക്കെ ഇവിടെ അസ്തമിക്കുന്നു.

നമ്മുടെ ഏറ്റവും പ്രിയപ്പെട്ട പൂമേനി ഇവിടെ ഉപേക്ഷിക്കേണ്ടിവരും. മറ്റാരെങ്കിലും നമ്മെ വഹിച്ചുകൊണ്ടുപോയി കുഴിയിലിട്ടു മൂടി ചവിട്ടി ഉറപ്പിക്കും. നമ്മെ വഹിച്ചുകൊണ്ടുപോയവരെയും അടുത്ത തലമുറ വഹിച്ചുകൊണ്ടുപോകും... അതാണു ലോകഗതി.

ജീവിതത്തിന്റെ തികച്ചും അനിശ്ചിതമായ അന്ത്യനിമിഷങ്ങൾ! എന്ന്? എപ്പോൾ? എവിടെ വച്ച്? ആർക്കും പ്രവചിക്കാൻ സാധ്യമല്ല. അതു തികച്ചും അപ്രതീക്ഷിതമാണെന്നും (മത്താ. 25-10), കള്ളനെപ്പോലെ വരുമെന്നും (ലൂക്കാ. 12-39), അതുകൊണ്ട്, എപ്പോഴും ഒരുങ്ങിയിരിക്കണമെന്നും (മത്താ.25-13) കർത്താവുതന്നെ പറയുന്നുണ്ടല്ലോ.

മരണം ഏവർക്കും എന്നും ഒരു പേടിസ്വപ്നമാണ്. എന്താണു മരണം മർത്ത്യനെ ഭയപ്പെടുത്തുന്നതിന്റെ കാരണം? ആ ഭീതി, മരണവേദനയെ ചുറ്റിപ്പറ്റി ആകണമെന്നില്ല. സ്വാഭാവികമായുണ്ടാകുന്ന സാധാരണമരണത്തിന് അത്ര വലിയ വേദനയൊന്നുമില്ലെന്നാണ് മനഃശാസ്ത്രജ്ഞന്മാരുടെയും ഭിഷഗ്വരന്മാരുടെയും നിഗമനം. ശക്തി ക്ഷയിച്ചുക്ഷയിച്ച് സാവകാശം ജീവിതം അസ്തമിക്കുന്നു. എന്നാൽ, പൊടുന്നനേയുണ്ടാകുന്ന മരണത്തിനു മാറ്റമുണ്ട്. പിന്നെ എന്താണു മരണവേദനയെന്നു പറയുന്നത്? അത് ഒട്ടുമുക്കാലും മാനസികമാണ്. അതേപ്പറ്റിയുള്ള ഓർമപോലും അസ്വസ്ഥത സൃഷ്ടിക്കും. അതാണ് പ്രദർശനശാലയിൽനിന്നു പലരും ഒഴിഞ്ഞുമാറിയതിന്റെ കാരണം.

തികച്ചും അപ്രതീക്ഷിതമായി, നമ്മുടെ മരണം കടന്നുവരും. എന്ന്? ഏതുവിധം? അതു കഴിഞ്ഞാലെന്ത്? അതൊക്കെയാണ് ആ പേടിയുടെ അടിയിൽ.

മരണത്തെപ്പറ്റി-മരിച്ചവരെപ്പറ്റി യേശു എന്തു പറയുന്നു എന്നു ചിന്തിക്കുന്നതും നല്ലതാണ്. തിരുവചനങ്ങൾ നമുക്കൊക്കെ കൂടുതൽ ഉൾക്കാഴ്ച പ്രദാനം ചെയ്യും. ജായിറൂസിന്റെ മകളുടെ മൃതശരീരത്തിനു മുമ്പിൽ കരഞ്ഞുകൊണ്ടുനിന്നവരോട് യേശു പറഞ്ഞു: 'അവൾ ഉറങ്ങുകയാണ്' (മർക്കോ. 5:39). അതേ വാക്കുകളാണ് മരിച്ച ലാസറിനെപ്പറ്റിയും അവിടുന്നു പറഞ്ഞത്: 'നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്.' ഉറങ്ങുന്നവൻ നിശ്ചേഷ്ടനാണ്. ബാഹ്യമായ എല്ലാ ചലനങ്ങളും നിലച്ച് പ്രജ്ഞയറ്റവനെപ്പോലെ ക്ഷീണിതനായി അവൻ കിടക്കുന്നു! എങ്കിലും, യഥാസമയം പൂർവ്വാധികം ഉന്മേഷത്തോടെ അവൻ ഉയിർത്തെഴുന്നേല്ക്കും. കഫർണാമിലെ സിനഗോഗിൽ വച്ച് അവിടുന്നു പഠിപ്പിച്ചതും (യോഹ. 6) മാർത്തായോടു പറഞ്ഞുവച്ചതും (യോഹ.11:26) അതുതന്നെയാണ്. മരണാനന്തരകാഴ്ചകൾ കണ്ടവരെപ്പോലെ അസ്വസ്ഥരാകേണ്ട ഒരു ആവശ്യവും അവിടെയില്ല.

അതാണ് സഭയും അർത്ഥമാക്കുന്നത്. മരിച്ചുപോയവരുടെ കുഴിമാടങ്ങളിൽ പണ്ടുകാലംമുതൽ എഴുതാറുള്ളവ എപ്പോഴും നമ്മുടെ ധ്യാനവിഷയമാവേണ്ടതാണ്: R.I.P. - Requiescant in pace എന്താണതിന്റെ അർത്ഥം? 'അവർ സമാധാനത്തിൽ വിശ്രമിക്കട്ടെ.' ഇതു ശൂന്യതയിലേക്കുള്ള മടക്കയാത്രയല്ല. ഈ നിശ്ചലാവസ്ഥ നിത്യവുമല്ല. വെറും വിശ്രമം മാത്രമാണിവിടെ. ഈ വിശ്രമനിദ്ര കഴിയുമ്പോൾ യഥാകാലം അവർ വീണ്ടും ജീവിതത്തിലേക്കു പ്രവേശിക്കും – നിത്യമായ ജീവിതത്തിലേക്ക്. ഈ പ്രത്യാശയാണ് ഓരോ ക്രിസ്തുശിഷ്യനെയും നയിക്കേണ്ടത്, ആശ്വസിപ്പിക്കേണ്ടത്. ■

കവിത

ഏലിക്കുട്ടി എം. തടത്തിൽ

## പ്രത്യാശ

ദൈവത്തിൻ കല്പന കേട്ടിടാതിപ്പാപി
ഇമ്പമോടെ കാലം തള്ളിനീക്കി
പാപത്തിൽ വീണു നശിക്കുമെന്നോർക്കാതെ
പാപമാർഗത്തിൽ ചരിച്ചുപോയി.
മാനുഷജീവനറുതി വരുത്തുന്ന
മാരകപാപം ഞാൻ ചെയ്തിട്ടില്ല.
കൊച്ചുകൊച്ചൊട്ടേറെ വീഴ്ചകൾ വന്നുപോയ്
രക്ഷിക്കണേ നാഥായിപ്പാപിയെ!
ആനന്ദിച്ചുല്ലസിച്ചെന്നും ചിന്തിക്കാതെ
ദാരുണമൃത്യുവിൽ വീണുപോയി
പശ്ചാത്താപംവഴി പാപങ്ങൾ സർവ്വവും
തേച്ചുമായിച്ചെന്നെ സ്വന്തമാക്കൂ!
രക്ഷകൻ നാഥാ നീ കാരുണ്യത്തോടെന്നെ
ചുണ്ടിക്കാണിക്കണേ സ്വർഗവാതിൽ
സിംഹാസനംതന്നിൽ വാഴും പിതാവൊപ്പം
അമ്മമേരിയെയും കണ്ടിടാമേ!
എപ്പോഴും സ്തോത്രങ്ങളാലപിച്ചീടുന്ന
ദൈവദൂതരും പുണ്യാത്മാക്കളും
സന്തുഷ്ടരായ് മേവും സ്വർഗലോകത്തേക്കു
ചേർക്കണേ എന്നെയും തമ്പുരാനേ!




# മാധ്യമരാഷ്ട്രീയം

# സത്യവും മിഥ്യയും

*1-ാം പേജ് തുടർച്ച*

ഇന്റർനെറ്റിന്റെയോ മറ്റു മാധ്യമങ്ങളുടെയോ നന്മകളെ സാമൂഹിക - സാംസ്കാരിക പരിവർത്തനത്തിനും വളർച്ചയ്ക്കുമായി ഉപയോഗിക്കേണ്ട മനുഷ്യൻ അവയെ ദുരുപയോഗിക്കുമ്പോൾ മനുഷ്യമനസ്സിന്റെ മലിനതയെല്ലാം അവയിലൂടെ പുറത്തുവരികയാണ്. വ്യക്തിഹത്യയ്ക്കായും മാധ്യമങ്ങൾ ഉപയോഗിക്കുന്നു. ഇവിടെയാണ് യഥാർത്ഥ പ്രണയത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും വിശ്വാസ്യതയും നന്മയും നഷ്ടപ്പെടുന്നത്. അശ്ലീലത്തിന്റെ കൂത്തരങ്ങായി അവ മാറുന്നതും ഇതുകൊണ്ടുതന്നെ. അവസാനം സംഭവിക്കുന്നതോ പരിശുദ്ധമായ കുടുംബബന്ധങ്ങളുടെ തകർച്ചയും തത്ഫലമായി ഉണ്ടാകുന്ന അസമാധാനവും അരക്ഷിതാവസ്ഥയും. സമ്പർക്കമാധ്യമങ്ങൾ സത്തയും നന്മയും ലക്ഷ്യവും നഷ്ടപ്പെട്ട് വെറും കോർപ്പറേറ്റ് മാധ്യമങ്ങളായി അധഃപതിക്കുന്നു. മനുഷ്യനന്മയും മൂല്യങ്ങളും ബന്ധങ്ങളും പൊതുനന്മയും എല്ലാം ലാഭനഷ്ടങ്ങൾ നിശ്ചയിക്കുന്ന വില്പനച്ചരക്കുകളാകുന്നു.

തീവ്രവാദപ്രവർത്തനങ്ങളെയും ലൗ ജിഹാദ്, നാർക്കോ ടെററിസം തുടങ്ങിയ അതിഭീകരവും നിന്ദ്യവുമായ സാമൂഹിക ദുരന്തങ്ങളെയും ന്യായീകരിക്കുന്ന കാപാലികതയെ വളർത്തുന്നതും ഇതേ മാധ്യമങ്ങൾ തന്നെ. മതതീവ്രവാദത്തെ ന്യായീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി മാധ്യമങ്ങളെ വിലയ്ക്കെടുത്ത് ഉപയോഗിക്കുന്നത് ഇന്നു പതിവായിരിക്കുന്നു. സംഘടിത ക്രൂരതകളെയും കുറ്റകൃത്യങ്ങളെയും 'ഒതുക്കിത്തീർക്കു'കയും എതിരാളി എന്നു കരുതുന്നവരുടെയിടയിലെ ഒറ്റപ്പെട്ട സംഭവങ്ങൾപോലും സാമാന്യവത്കരിക്കുകയും പർവതീകരിക്കുകയും ചെയ്യുമ്പോൾ അവ മാർഗം മറന്ന മാധ്യമങ്ങളായി അധഃപതിക്കുകയാണ്.

**അടിമത്തത്തിന്റെ ഭീകരത**

സ്വന്തം മനഃസാക്ഷിയനുസരിച്ചും കുടുംബജീവിതപശ്ചാത്തലങ്ങളുടെ സ്വാധീനമനുസരിച്ചും സ്വഭാവം രൂപവത്കരിക്കേണ്ട മനുഷ്യൻ സമ്പർക്കമാധ്യമങ്ങളുടെ അടിമത്തത്തിലേക്കു മാറുമ്പോൾ അതു പലപ്പോഴും സ്വഭാവവൈകൃതങ്ങളിലും വഴിതെറ്റിയ ജീവിതശൈലിയിലും കൊണ്ടെത്തിക്കുന്നു. The American Psychological Association ന്റെ പഠനമനുസരിച്ച് (2015) 38 ശതമാനത്തോളം യുവജനസമൂഹം മാധ്യമജനിത അസ്വസ്ഥതകൾക്ക് ഇരയായിട്ടുണ്ടെന്ന് ഉറപ്പിച്ചുപറയുന്നു.

ലൈംഗികോത്തേജനജനകമായ ചിത്രങ്ങളും സന്ദേശവും വ്യക്തികൾക്കോ സമൂഹങ്ങൾക്കോ അയയ്ക്കുകയും തിരികെ സ്വീകരിക്കുകയും ചെയ്യുന്ന പ്രവണത വളരെ ശക്തമാണ്, പ്രത്യേകിച്ച് യുവജനതയുടെ ഇടയിൽ. മറ്റൊരു പ്രതിഭാസമാണ് ഫേസ്ബുക്ക് ഡിപ്രഷൻ. ഏറെ സമയം ഫേസ്ബുക്ക് ഉപയോഗിക്കുന്നതിന്റെ ഫലമായി ഒരു വ്യക്തിയിൽ ഉണ്ടാകുന്ന വൈകാരികവ്യതിചലനമാണിത്.

**നമുക്കു മുന്നിൽ കോർപ്പറേറ്റ് ഭീമന്മാർ**

ആഗോളീകരണവും കോർപ്പറേറ്റ് ശൈലിയും കാവിവത്കരണവും ഇസ്ലാമിക അധിനിവേശവും ഇന്ത്യയിലെ മാധ്യമപ്രവർത്തനത്തിന്റെ മുഖ്യധാരാശീലങ്ങളായി മാറിയിരിക്കുന്നുവെന്നു സംശയിക്കാൻ വർത്തമാനകാലസാഹചര്യങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു. പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് മാധ്യമപ്രവർത്തകരുടെ കൂത്താട്ടങ്ങളും പ്രൈം ടൈം അലർച്ചകളും അന്തിച്ചർച്ചകളുടെ കൊലവിളികളും കിരാതമായ ഭരണശൈലികളുടെയും ലാഭക്കൊതിപൂണ്ട കച്ചവടക്കണ്ണുകളുടെയും അട്ടഹാസങ്ങളായിമാറുന്നു. അസത്യങ്ങളെയും അർദ്ധസത്യങ്ങളെയും അബദ്ധങ്ങളെയും സത്യങ്ങളായി അവതരിപ്പിക്കുന്ന ഒരു ചാനൽസംസ്കാരവും ഇവിടെ ഉയർന്നുവന്നിരിക്കുന്നു.

ആർഷഭാരതസംസ്കാരം മനുഷ്യന്റെ ജീവനെയും ജീവിതസാഹചര്യങ്ങളെയും ദൈവികമായ തന്മയിൽ കാണാനാണ് നമ്മെ പഠിപ്പിക്കുന്നത്. അവിടെ ജനിയും മൃതിയും രതിയും എല്ലാം ദൈവികതയുടെ മാനത്തിലാണു ദർശിക്കാനാവുന്നത്. ആ തന്മ ഇന്ന് മാധ്യമാതിപ്രസരത്തിൽ നഷ്ടമാകുന്നുവോ എന്ന് ഉറക്കെച്ചിന്തിക്കേണ്ടിയിരിക്കുന്നു.

അതിക്രൂരവും നിന്ദ്യവുമായ മാർഗങ്ങളിലൂടെ മാധ്യമഭീമന്മാർ തങ്ങളുടെ 'ശരി'കൾ നടപ്പാക്കാൻ ശ്രമിക്കുന്നു. ഭരണവർഗത്തിന്റെ പിണിയാളുകളായി മാധ്യമപ്രവർത്തകർ മാറുമ്പോൾ ഫാസിസ്റ്റ് ശൈലികളുടെ തേർവാഴ്ചയ്ക്കു മാധ്യമങ്ങൾ വഴിയൊരുക്കുകയാണ്. സൈദ്ധാന്തിക അട്ടിമറിക്കും അസഹിഷ്ണുതയ്ക്കുംപോലും മാധ്യമങ്ങൾ കാരണമാകുന്നു.

**മാധ്യമരാഷ്ട്രീയത്തിന്റെ അപചയങ്ങൾ**

2015 ജനുവരി 16 ന് എഴുത്തുകാരൻ എന്ന നിലയിലുള്ള തന്റെ മരണം പ്രഖ്യാപിച്ചുകൊണ്ട് തമിഴ് എഴുത്തുകാരൻ പെരുമാൾ മുരുകൻ എഴുത്തിന്റെ രംഗത്തുനിന്നു വിടവാങ്ങിയത് സാംസ്കാരികഭാരതത്തിലെ ഒരു ദുരന്തമായിരുന്നു. ജാതിവ്യവസ്ഥയുടെയും സാമൂഹികാസമത്വങ്ങളുടെയും തിന്മകൾക്കെതിരേ നിലപാടെടുത്തതിനാലാണ് പെരുമാൾ മുരുകനെതിരേ ഒരുകൂട്ടം സംഹാരതാണ്ഡവമാടിയത്.

എ.ഡി. അഞ്ചാം നൂറ്റാണ്ടിലെ ഗുപ്തകാലംമുതൽ ഭീകരമായി നടന്നുവരുന്ന സാമൂഹ്യകൊള്ളയുടെയും ജാതികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയുടെയും ചരിത്രം വെളിച്ചത്തുകൊണ്ടുവരാൻ തെലുങ്കാനയിലെ എഴുത്തുകാരനായ കാഞ്ച ഇളയ്യ, 'പോസ്റ്റ് ഹിന്ദു ഇന്ത്യ' എന്ന പുസ്തകത്തിലൂടെ ശ്രമിച്ചപ്പോൾ ജനാധിപത്യമര്യാദകൾപോലും പാലിക്കാതെ അദ്ദേഹത്തിനെതിരേ ഒരു വിഭാഗം ശക്തമായി രംഗത്തുവന്നു. എഴുത്തുകാരനെ തൂക്കിക്കൊല്ലണം എന്നുവരെ ചില മാധ്യമങ്ങൾ അലറിവിളിച്ചു.

ദാബോൽക്കറും ഗുൽബർഗിയും രോഹിത് വെമുലയുമൊക്കെ പുതിയ ആശയവിപ്ലവത്തിന്റെ വക്താക്കളായി ഉയർന്നുവന്നപ്പോൾ അവർക്കെതിരേയും ഭരണവർഗത്തിന്റെ മാധ്യമവാളുകൾ കൊലവിളി ഉയർത്തുകയുണ്ടായി. എന്താണ് ഇവിടെ നടക്കുന്നത്? ചില അപചയങ്ങളെ നോക്കാം.

എ. മാധ്യമങ്ങൾ തത്ത്വദീക്ഷയില്ലാത്ത രാഷ്ട്രീയത്തിന്റെ ഭാഗമായി മാറുന്നു.
ബി. രാഷ്ട്രീയത്തിന്റെ വളർന്നുവരുന്ന കാപട്യവും പക്ഷപാതവും അഴിമതിയും മാധ്യമങ്ങളെയും ഭരിക്കുവാൻ തുടങ്ങിയിരിക്കുന്നു.
സി. ലാഭക്കൊതി മാധ്യമങ്ങളുടെ വിശ്വാസ്യതയെ നശിപ്പിച്ചിരിക്കുന്നു.
ഡി. മാധ്യമങ്ങൾ പരസ്യക്കച്ചവടത്തിനുള്ള മാർഗങ്ങളായി അധഃപതിച്ചിരിക്കുന്നു.
ഇ. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും മൂല്യബോധത്തെ അപചയം ബാധിച്ച മാധ്യമങ്ങൾ കളങ്കിതമാക്കുന്നു.

പുതുതലമുറ ചിറകുവിരിച്ചു പറക്കേണ്ട കാലത്ത് നന്മയുടെയും വളർച്ചയുടെയും സമഗ്രജീവിതത്തിന്റെയും സാധ്യതകളുടെ അനന്തവിഹായസ്സ് തുറന്നുകൊടുക്കേണ്ടത് മാധ്യമങ്ങളാണ്. കുടുംബവ്യവസ്ഥിതിയുടെ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുവാനും സമൂഹവളർച്ചയിൽ ക്രിയാത്മകപങ്കു വഹിക്കുവാനും മാധ്യമങ്ങൾ തയ്യാറാകണം. മാധ്യമങ്ങളും സാമൂഹികസമ്പർക്ക ഉപാധികളും ലക്ഷ്യങ്ങൾ അല്ല; മറിച്ച്, ജീവിതത്തെ സമഗ്രമാക്കുന്നതിനുള്ള മാർഗങ്ങളാണെന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

**മൂല്യങ്ങളുടെ തകിടംമറിച്ചിൽ**

സത്യസന്ധതയുടെയും കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും മനോഹരമായ സങ്കല്പങ്ങൾ മാധ്യമങ്ങൾ തിരുത്തിയെഴുതുന്നു. സഹകരണത്തെക്കാൾ മത്സരത്തിനും സഹവർത്തിത്വത്തെക്കാൾ സംഘർഷത്തിനും ഊന്നൽ കൊടുത്ത് അവതരിപ്പിക്കുന്ന കാഴ്ചയാണ് എല്ലായിടത്തും. മാധ്യമപ്രവർത്തനത്തിന്റെ എല്ലാ മേഖലയിലും മത്സരത്തിന്റെ അതിപ്രസരം കാണാം. വ്യൂവർഷിപ്പും ആകർഷണങ്ങളും ലക്ഷ്യങ്ങളാകുമ്പോൾ സേവനത്തിന്റെയും സഹകരണത്തിന്റെയും സത്യപ്രഘോഷണത്തിന്റെയും സുന്ദരമനോഭാവങ്ങൾ മാധ്യമലോകത്തിന് അന്യമാകുന്നു.

**ആർത്തിയുടെ സംസ്കാരം**

ഉപഭോക്തൃസംസ്കാരത്തിന്റെ അടയാളങ്ങളായ ആർത്തിയും അത്യാർത്തിയും മാധ്യമലോകത്തെയും ഗ്രസിച്ചിരിക്കുന്നു. മാധ്യമലോകത്തെ വ്യവസായവത്കരണത്തിന്റെയും സാങ്കേതികവളർച്ചയുടെയും നന്മകൾ നമുക്കു തള്ളിക്കളയാനാകില്ല. അതോടൊപ്പം, ഉയർന്നുവരുന്ന ആർത്തിയും അത്യാർത്തിയുമാണ് പ്രശ്നങ്ങൾ. പരസ്യകലയുടെ പിൻബലത്തിൽ കൃത്രിമാവശ്യങ്ങൾ സൃഷ്ടിച്ച് മനുഷ്യനെ ഉപഭോഗജീവിയാക്കി മാധ്യമങ്ങൾ മാറ്റുന്നില്ലേ? യഥാർത്ഥത്തിൽ സാമൂഹിക പ്രതിബദ്ധത വളർത്തുകയല്ലേ മാധ്യമങ്ങൾ ചെയ്യേണ്ടത്?

**നാം ചെയ്യേണ്ടത്**

മാധ്യമങ്ങളുടെ ഉപയോഗത്തിൽ വിവേകവും വിവേചനവും അനുവർത്തിക്കേണ്ടതാവശ്യമാണ്. ഗൂഢലക്ഷ്യങ്ങൾക്കുവേണ്ടിയും രഹസ്യ അജണ്ടകൾക്കു വേണ്ടിയും നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മാധ്യമങ്ങളുടെ ഇരട്ടത്താപ്പ് സമൂഹം വിലയിരുത്തേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ മതേതരമൂല്യങ്ങൾക്കും ഉന്നമനത്തിനും തുരങ്കം വയ്ക്കുന്ന, വർഗീയ അജണ്ടകൾ നടപ്പാക്കാൻ ശ്രമിക്കുന്ന മാധ്യമങ്ങളും വിരളമല്ല. ഭരണകൂടത്തിന്റെ ദൗർബല്യങ്ങളും അപചയങ്ങളും മൂടിവയ്ക്കാൻ ഭരണകൂടസ്തുതികൾ പാടുന്ന മാധ്യമങ്ങളും, തീവ്രവാദപ്രവർത്തനങ്ങളെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ ശ്രമിക്കുന്ന വർഗീയമാധ്യമങ്ങളും, ജനതയുടെ ജീവൽപ്രശ്നങ്ങളെ തമസ്കരിക്കുന്ന മാധ്യമങ്ങളും, അഴിമതിക്കും ചൂഷണത്തിനും കുടപിടിക്കുന്ന മാധ്യമങ്ങളും മാധ്യമപ്രവർത്തനമേഖലയിലെ ജീർണതകളായിത്തുടരും.

ഈ അവസ്ഥയിൽ മാധ്യമങ്ങളെ എങ്ങനെ ഗുണപരമായി അഭിമുഖീകരിക്കാം? മാധ്യമങ്ങളെ മനസ്സിലാക്കുക എന്നതാണ് ആവശ്യം. മാധ്യമങ്ങളുടെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ സാഹചര്യങ്ങളെയും അസ്തിത്വത്തെയും മനസ്സിലാക്കുക. ഓരോന്നിന്റെയും ലക്ഷ്യങ്ങളെ അറിയുക, സാമൂഹിക - രാഷ്ട്രീയ വ്യവസ്ഥിതികളിൽ അവയുടെ നിലപാടുകളെയും അറിയാൻ ശ്രമിക്കുക. ഓരോ മാധ്യമത്തിനും തങ്ങളുടെതായ അജണ്ടകൾ ഉണ്ട്.

ക്രിയാത്മകമായ വിമർശനബുദ്ധിയോടെ മാത്രമേ മാധ്യമങ്ങളെ സ്വീകരിക്കാവൂ. പലവിധ മൂല്യങ്ങളുടെയും കാഴ്ചപ്പാടുകളുടെയും ഒരു സങ്കരവ്യവസ്ഥിതിയാണ് പലപ്പോഴും മാധ്യമങ്ങൾ അവതരിപ്പിക്കുന്നത്. തന്മൂലം ജനമനസ്സിൽ ഉണ്ടാകുന്ന ആശയക്കുഴപ്പങ്ങളിൽ നിന്നു രക്ഷപ്പെടാൻ നമുക്കുതന്നെ വ്യക്തവും പക്വവുമായ വിവേചനാശക്തി ഉണ്ടാവണം. മാധ്യമങ്ങളോടുള്ള ബന്ധത്തിൽ കൊള്ളേണ്ടതു കൊള്ളാനും തള്ളേണ്ടതു തള്ളാനുമുള്ള മനസ്സാണ് നാം രൂപവത്കരിക്കേണ്ടത്.

മാധ്യമങ്ങളുടേത് എന്നതിനെക്കാൾ ഉപരിയായി സ്വന്തമായ ഒരു വീക്ഷണശൈലി ഓരോരുത്തരും രൂപവത്കരിക്കേണ്ടതുണ്ട്. മാധ്യമങ്ങൾ പറയുന്നതും അവതരിപ്പിക്കുന്നതും മാത്രമല്ല സത്യം എന്നു നാം തിരിച്ചറിയണം. സാഹചര്യങ്ങളെയും സംഭവങ്ങളെയും വ്യക്തികളെയും വിലയിരുത്തുന്ന മാധ്യമശൈലി പലപ്പോഴും പൂർണമല്ല, അപക്വമാണുതാനും. പത്രങ്ങളും സോഷ്യൽമീഡിയയും ടെലിവിഷൻ ചാനലുകളും പങ്കുവയ്ക്കുന്ന അർദ്ധസത്യങ്ങളും അബദ്ധങ്ങളും അപക്വവസ്തുതകളും സാമൂഹികവ്യവസ്ഥിതിയിൽതന്നെ അപകടകരമായ മാറ്റങ്ങൾ വരുത്താറുണ്ട്. അതിനാൽ, മാധ്യമങ്ങൾ നൽകുന്നതിനെക്കാൾ ശക്തവും വ്യക്തവുമായ ബോധ്യങ്ങൾ നമുക്കു സ്വന്തമായി ഉണ്ടായിരിക്കട്ടെ.

ഉറവിടങ്ങളിൽനിന്നുതന്നെ അറിവു ശേഖരിക്കുവാൻ ശ്രമിക്കുക. ആധുനികയുഗത്തിൽ അറിവും ജ്ഞാനവും നേടാൻ ഒത്തിരിയേറെ സാധ്യതകൾ നമുക്കു മുന്നിലുണ്ട്. മാധ്യമങ്ങൾ വളച്ചൊടിച്ച അറിവുകൾ പകർന്നാലും ഉറവിടങ്ങളിൽനിന്ന് അറിവു ശേഖരിക്കാനുള്ള മനഃസ്ഥിതി നമുക്കുണ്ടാവണം.

ആർജിക്കുന്ന അറിവിനെയും മാധ്യമസ്വാധീനങ്ങളെയും കുടുംബത്തിലും കൂട്ടുകുടുംബത്തിലും കൂട്ടായ്മയിലും ഗുരുജനങ്ങളുടെ മുന്നിലും അവതരിപ്പു വിലയിരുത്തുക. ശരിയായ അറിവ് നേടാനുള്ള ഉത്തമമാർഗമാണിത്.

■

# വയനാടിന്റെ കഥാകാരി



രഞ്ജിനി എ.ആർ.

**കേരളസർക്കാരിന്റെ പരമോന്നത സാഹിത്യപുരസ്കാരമായ എഴുത്തച്ഛൻ അവാർഡു നേടിയ പി. വത്സലയുടെ എഴുത്തുവഴികളെക്കുറിച്ച്**

മലയാളസാഹിത്യത്തിലെ തിളങ്ങുന്ന ഒരു നക്ഷത്രമാണ് പി. വത്സല. കഥകളിലൂടെയും നോവലുകളിലൂടെയും മലയാളഭാഷയിൽ തന്റേതായ ഒരു ഇടം അവർ നേടിയെടുത്തു. 1938 ഏപ്രിൽ നാലിന് കാനങ്ങോട്ടു ചന്തുവിന്റെയും പത്മാവതിയുടെയും മകളായി കോഴിക്കോടായിരുന്നു ജനനം. കുഞ്ഞുന്നാളിൽ മുത്തശ്ശി പറഞ്ഞുകൊടുത്തിരുന്ന കഥകളും അവരോടൊപ്പം നടത്തിയിരുന്ന യാത്രകളും വത്സലയെ സാഹിത്യത്തിന്റെ മേച്ചിൽപ്പുറങ്ങളിലേക്കു നയിച്ചു.

കൂട്ടുകുടുംബവ്യവസ്ഥിതിയിലെ പരസ്പരസഹകരണമനോഭാവം നിറഞ്ഞുനിന്ന ബാല്യകാലത്ത് സ്വന്തം തറവാട്ടിൻനിന്ന്, കുടികിടപ്പുകാരുൾപ്പെടെയുള്ള അയൽപക്കക്കാർക്കു നല്കിയിരുന്ന ഭക്ഷണം, ദാരിദ്ര്യം അനുഭവിച്ചിട്ടില്ലെങ്കിലും അതു കണ്ടറിയാൻ വത്സലയ്ക്ക് അവസരമൊരുക്കി. അച്ഛനും അമ്മാവന്മാരും കൊച്ചച്ഛന്മാരുമുൾപ്പെടുന്ന, വയനാട്ടിൽ വിവിധ ജോലികൾക്കായി പോയിരുന്ന കുടുംബാംഗങ്ങൾ കൊണ്ടുവന്നിരുന്ന ഭക്ഷണസാധനങ്ങളാണ് ഇങ്ങനെ പങ്കുവച്ചിരുന്നത്. ഭക്ഷണത്തിൽക്കൂടിയാണ് നാടിനെ തിരിച്ചറിഞ്ഞത് എന്നുതന്നെ പറയാം. ഇതെല്ലാം വത്സലയെ എഴുത്തിന്റെ വഴികളിലേക്കു നയിച്ചു.

മൂന്നാം ക്ലാസ്സുമുതൽ വായിച്ചുതുടങ്ങിയ വത്സലയ്ക്കു നിരവധി പുസ്തകങ്ങൾ 'ദേശപോഷിണി'യിൽനിന്ന് അമ്മാവൻ എത്തിച്ചുനൽകിയിരുന്നു. കൂടാതെ, അയൽപക്കത്തെ വീട്ടിൽ ബയന്റിങ്ങിനായി കൊണ്ടുവന്നിരുന്ന ലൈബ്രറിയിലെ പഴയ പുസ്തകങ്ങളും വായിച്ചുതീർത്തു. അക്കാലത്ത് വായനയിൽനിന്ന് എഴുത്തിലേക്കു തിരിഞ്ഞത് യാദൃച്ഛികമായിട്ടായിരുന്നു. നടക്കാവ് ഗേൾസ് ഹൈസ്കൂളിൽ എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ, മലാപ്പറമ്പിലെ 'ദേശോദ്ധാരണി' വായനശാലയിലെ 'കൈയെഴുത്തുമാസിക'യിൽ ചിത്രങ്ങൾ വരയ്ക്കുന്നതിനായി ഭാരവാഹികൾ വത്സലയെ സമീപിച്ചു. പിന്നീട് ലേഖനങ്ങളും കഥകളും കവിതകളുമുൾപ്പടെ 'കൈയെഴുത്തുമാസിക'യുടെ മുഴുവൻ ചുമതലയും ഏറ്റെടുക്കുന്നതിലേക്കെത്തി. എഴുത്തുകാരനും രാഷ്ട്രീയപ്രവർത്തകനും വിവർത്തകനുമായ എം.എൻ. സത്യാർത്ഥിയുമായുള്ള പരിചയവും വത്സലയെ എഴുത്തിലേക്കു നയിച്ചു.

കോളജിൽ പഠിക്കുന്ന കാലത്താണ് കെ. സുരേന്ദ്രന്റെ നോവലുകളുടെ ഒരു പഠനം എഴുതിയത്. ഇത് *സമീക്ഷ* എന്ന മാസികയിൽ പ്രസിദ്ധീകരിച്ചുവന്നതിനെത്തുടർന്ന് നിരൂപണങ്ങളിലേക്കു തിരിഞ്ഞു. പൊറ്റെക്കാട്ടിന്റെ 'തെരുവിന്റെ കഥ'യ്ക്കെഴുതിയ ആദ്യനിരൂപണം *പ്രപഞ്ചം* മാസികയിൽ പ്രസിദ്ധീകരിച്ചുവന്നു. ഇതു കണ്ട എൻ.വി. കൃഷ്ണവാരിയർ *മാതൃഭൂമി*യിലേക്കു പുസ്തകനിരൂപണങ്ങൾക്കായി സമീപിച്ചു. *മാതൃഭൂമി*യിൽ നിരൂപണങ്ങളെഴുതിത്തുടങ്ങിയപ്പോഴാണ് എന്തുകൊണ്ട് തനിക്ക് സ്വന്തമായി ഒരു കഥ എഴുതിക്കൂടാ എന്ന ആശയം വത്സലയിൽ ദൃഢമായത്. അങ്ങനെ ആദ്യത്തെ കഥ 'കിളിക്കൂട്' പുറത്തുവന്നു. പിന്നീട് പൂർണ്ണാ പബ്ലിക്കേഷൻസിനുവേണ്ടി ആദ്യമായി ഒരു നോവൽ എഴുതി –'തകർച്ച'. ഒരു സാധാരണ കുടുംബകഥ.

രണ്ടാമത്തെ നോവലാണ് നെല്ല്. ഒരു പ്രത്യേക നിർവചനത്തിൽ ഒതുങ്ങിനിൽക്കാത്ത നോവലാണ് നെല്ല്. വയനാട്ടിലെ തിരുനെല്ലിയിലെ ആദിവാസികളുടെ ജീവിതകഥ പറയുന്ന നോവൽ. ഒരു ജനതയുടെ ജീവിതം അതിന്റെ എല്ലാ സങ്കീർണതകളോടുംകൂടി ഇതിൽ അവതരിപ്പിക്കുന്നു. ആദിവാസികൾ, ദളിതർ തുടങ്ങി അരികുവത്കരിക്കപ്പെട്ടവരുടെ ജീവിതയാഥാർഥ്യങ്ങളിലൂടെ കയറിയിറങ്ങാൻ ഈ നോവലിലൂടെ വായനക്കാർക്കു കഴിഞ്ഞു. വയനാട്ടിൽ താമസിച്ച്, അവിടത്തെ ആദിവാസി ഊരുകളിൽ ചുറ്റിനടന്ന് അവരുടെ ചരിത്രം, ഭൂമിശാസ്ത്രം, ഐതിഹ്യങ്ങൾ, നാട്ടറിവുകൾ, പുരാവൃത്തങ്ങൾ എല്ലാം നന്നായി പഠിച്ചിട്ടായിരുന്നു ആ രചന. ആദിവാസികളുടെ ജീവിതം മാത്രമല്ല, ഇതരസമുദായങ്ങളുടെ സാമൂഹികസാഹചര്യങ്ങളുംകൂടി ഇതിൽ കടന്നുവരുന്നുണ്ട്.

തന്റെ ജീവിതചുറ്റുപാടുകളും അവയിൽ വിലയിച്ചുകിടക്കുന്ന അനുഭവങ്ങളുമാണ് വത്സലയുടെ നോവലുകളുടെയും കഥകളുടെയും അകക്കാമ്പ്. അവരുടെ കഥാപാത്രങ്ങളെല്ലാം സ്ഥലകാലങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. വയനാട്ടിലെ ജീവിതം മൂന്നു നോവലുകളെഴുതാൻ അവരെ സഹായിച്ചു – നെല്ല്, ആഗ്നേയം, കൂമൻകൊല്ലി. വയനാട്ടിലെ രാഷ്ട്രീയമാറ്റത്തിനു വഴിതെളിച്ച സംഭവപരമ്പരകളുമായി ബന്ധപ്പെട്ട നോവലാണ് ആഗ്നേയം. ഇത് സഖാവ് വർഗീസിന്റെ ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. പരിസ്ഥിതിനാശവുമായി ബന്ധപ്പെടുത്തിയെഴുതിയ നോവലാണ് കൂമൻകൊല്ലി. വയനാട്ടിലെ രാഷ്ട്രീയപരവും പാരിസ്ഥിതികവുമായ കാര്യങ്ങളെക്കുറിച്ചും റ്റീച്ചർ ആശങ്കപ്പെട്ടിരുന്നു എന്ന് ഈ നോവലുകളിൽനിന്നെല്ലാം മനസ്സിലാക്കാം. കാലത്തിലേക്കു തിരിച്ചുപിടിച്ച കണ്ണാടിയാണ് റ്റീച്ചറുടെ ഓരോ രചനയും.

സ്ത്രീയെഴുത്തെന്നോ പെണ്ണെഴുത്തെന്നോ സംബോധന ചെയ്യപ്പെടാത്ത കാലത്തിന്റെ എഴുത്തുകാരിയാണ് വത്സല. തന്റെ കഥകളെല്ലാം ഒരു പുരുഷനായിരുന്നു എഴുതിയിരുന്നതെങ്കിൽ അവരുടെ തലേവര തന്നെ മാറിപ്പോകുമായിരുന്നു എന്ന് വത്സലറ്റീച്ചർ പറഞ്ഞിട്ടുണ്ട്. ഒരുപാടു പരിമിതികളിൽ സ്ത്രീകൾ ഒതുങ്ങിപ്പോയിരുന്ന ഒരു കാലഘട്ടത്തിന്റെ എഴുത്തുകാരിയാണ് അവർ.



ആദ്യമെല്ലാം ഗ്രാമത്തിന്റെ കഥ പറഞ്ഞ വത്സലറ്റീച്ചർ പിന്നീട് നഗരജീവിതത്തിലൂടെയും കടന്നുപോയി. മനുഷ്യവേദനകൾ രണ്ടിടത്തും വ്യത്യസ്തമല്ലെന്നുള്ള യാഥാർത്ഥ്യം കഥകളിലൂടെ നമുക്ക് അനുഭവിപ്പിച്ചുതരുന്നു. എത്ര കൊടിയ വേദനയിലൂടെ കടന്നുപോയാലും അവരുടെ കഥാപാത്രങ്ങൾ സ്വാതന്ത്ര്യബോധമുള്ളവരും അടിയറവയ്ക്കാത്ത ആശയങ്ങളിലും അവകാശങ്ങളിലും അടിയുറച്ചവരുമായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ എഴുത്തും അവരും ഒന്നുതന്നെയാണെന്നു പറയാം. "എത്രയോ കഥകളും നോവലുകളും എഴുതിയ ആളാണെങ്കിലും ഇപ്പോഴും എനിക്കു സംശയം, കഥാപാത്രങ്ങളേതാണ്? യഥാർത്ഥത്തിലുള്ള മനുഷ്യരേതാണ്? ഞാൻ സ്വന്തമായി അനുഭവിച്ചതെന്താണ്? മറ്റുള്ളവർ അനുഭവിച്ചതെന്താണ്? ഈ ഒരു വ്യത്യാസം മാഞ്ഞുപോകുന്നവിധത്തിൽ ജീവിതവും എഴുത്തും ഒന്നായിത്തീർന്നിരിക്കുന്നു എന്നതാണ് എന്റെ അനുഭവം..."

റ്റീച്ചറുടെ എഴുത്തുജീവിതം അവസാനിക്കുന്നില്ല. അത് അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുന്നു. മണ്ണിന്റെ മണമുള്ള കഥകളോടൊപ്പം നടക്കുന്ന വായനക്കാരുടെ മനസ്സിൽ വർണവിസ്മയങ്ങൾ ഉണർത്തിക്കൊണ്ടേയിരുന്നു.

കോഴിക്കോട് ഗവൺമെന്റ് ട്രെയിനിങ് സ്കൂളിൽ പ്രധാനാധ്യാപികയായി റിട്ടയർ ചെയ്ത വത്സലറ്റീച്ചർ കേരള സാഹിത്യ അക്കാദമി അധ്യക്ഷ, സാഹിത്യ പ്രവർത്തകസഹകരണസംഘം ഡയറക്ടർബോർഡ് അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ: എന്റെ പ്രിയപ്പെട്ട കഥകൾ, മരച്ചോട്ടിലെ വെയിൽച്ചീളുകൾ, ഗൗതമൻ, മലയാളത്തിന്റെ സുവർണകഥകൾ, അശോകനും അയാളും, വേറിട്ടൊരു അമേരിക്ക, വത്സലയുടെ സ്ത്രീകൾ, മൈഥിലിയുടെ മകൾ, പേമ്പി, ആദിജലം, നെല്ല്, ആഗ്നേയം, കൂമൻകൊല്ലി, വിലാപം, നിഴലുറങ്ങാത്ത വഴികൾ, വത്സലയുടെ തിരഞ്ഞെടുത്ത കഥകൾ, പോക്കുവെയിൽ പൊൻവെയിൽ, എരണ്ടകൾ.

പുരസ്കാരങ്ങൾ: കുങ്കുമം അവാർഡ് (നെല്ല്), കേരളസാഹിത്യ അക്കാദമി പുരസ്കാരം (നിഴലുറങ്ങാത്ത വഴികൾ), സി.എച്ച്. അവാർഡ്, കഥ അവാർഡ്, പത്മപ്രഭാപുരസ്കാരം, മുട്ടത്തു വർക്കി പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം.

■

---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## ഉമ്മച്ചിയും ഉമ്മാച്ചിയും

സംസ്കൃതഭാഷയിലെ ഏറ്റവും പ്രസിദ്ധനായ വൈയാകരണൻ പാണിനിമഹർഷിയാണ്. ബി.സി. 600 നും 300 നും ഇടയിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. അഷ്ടാദ്ധ്യായി എന്ന പേരിൽ അദ്ദേഹത്തിന്റെ ഗ്രന്ഥം അറിയപ്പെട്ടു. എട്ട് അധ്യായങ്ങൾ ഉള്ളതിനാലാണ് ആ പേര് ഗ്രന്ഥനാമമായത്. 3996 സൂത്രങ്ങൾ പാണിനീയത്തിൽ ഉള്ളതായി കണക്കാക്കപ്പെടുന്നു. പാണിനീയസൂത്രങ്ങൾക്ക് ഇക്കാലത്തും ഏറെ പ്രസക്തിയുണ്ട്. മലയാളസന്ധിയിൽ പലയിടത്തും പാണിനീയസൂത്രം സംഗതമായി നിലകൊള്ളുന്നു.

പാണിനീയത്തിലെ സ്വരസന്ധി (അച് സന്ധി) വിഭാഗത്തിൽപ്പെടുന്ന ഒരു സൂത്രമാണ്, "അകഃസവർണ്ണേദീർഘഃ"* എന്നത്. സമാനസ്വരങ്ങൾ സന്ധിയിൽ ദീർഘങ്ങളാകുന്നതാണ് സവർണ്ണദീർഘം (അകഃ സവർണ്ണേ അചിപരേ ദീർഘ ഏകാദേശഃസ്യാത്) അ+അ=ആ; ഇ+ഇ=ഈ; ഉ+ഉ=ഊ തുടങ്ങിയവ സവർണ്ണദീർഘത്തിന് ഉദാഹരണം. ആധുനികമലയാളത്തിലെ ചില സന്ധിരൂപങ്ങളെ ഈ സൂത്രപ്രകാരം വ്യാഖ്യാനിക്കാം. ഉമ്മ+അച്ചി= ഉമ്മാച്ചി, അന്ന+അമ്മ=അന്നാമ്മ, തെയ്യ+അമ്മ=തെയ്യാമ്മ, ശോശ+അമ്മ=ശോശാമ്മ, അച്ച+അമ്മ= അച്ചാമ്മ, ത്രേസ്യാ+അമ്മ=ത്രേസ്യാമ്മ, ഉമ്മ+അച്ചു=ഉമ്മാച്ചു, മറിയ+അമ്മ=മറിയാമ്മ, സാറ+അമ്മ=സാറാമ്മ, അമ്മ+അച്ചി = അമ്മാച്ചി തുടങ്ങിയ സംജ്ഞാനാമങ്ങളിൽ കാണുന്ന ആകാരം ഇങ്ങനെ രൂപപ്പെട്ടതാകണം. ഉമ്മച്ചി (ഉമ്മ+അച്ചി)യിൽ അകാരലോപവും ഉമ്മാച്ചിയിൽ (ഉമ്മ+ച്ചി) സവർണദീർഘവും സംഭവിക്കുന്നു എന്നതത്രേ അവ തമ്മിലുള്ള ഭേദം. അന്നമ്മയും അന്നാമ്മയും അതേ നയം അനുവർത്തിക്കുന്നു. ഉമ്മച്ചിയും ഉമ്മാച്ചിയും മുസ്ലീംസ്ത്രീയാണ് (സ്ത്രീ –ച്ചി). അച്ചമ്മ (അച്ചാമ്മ) അച്ഛന്റെയോ അമ്മയുടെയോ അമ്മയാകാം. കേവലനാമമായും അച്ചാമ്മ പ്രയോഗത്തിലുണ്ട്.

കരി+ഇല=കരീല, കരു+ഊർ=കരൂർ, തിരു+ഊർ=തിരൂർ എന്നെല്ലാമാകുന്നതും സവർണ്ണദീർഘം എന്ന പാണിനീയസൂത്രപ്രകാരമാണ്. മലയാളസന്ധിപ്രകാരം കരി+ഇല=കരിയില; കരു+ഊർ=കരുവൂർ, തിരു+ഊർ തിരുവൂർ എന്നെല്ലാമാണ് വരേണ്ടത്. എന്നാൽ, കരുവൂർ, തിരുവൂർ എന്നീ രൂപങ്ങൾ സാധാരണങ്ങളല്ലല്ലോ. കരുവൂർ, തിരുവൂർ എന്നിവയുടെ ഉച്ചാരണത്തിൽ ഹ്രസ്വം വന്നാലും കരൂരും തിരൂരും ആകുമെന്ന് എൻ.ആർ. ഗോപിനാഥപിള്ള നിരീക്ഷിച്ചിട്ടുണ്ട്. **

*ചാക്കോ, ഐ.സി., പാണിനീയപ്രദ്യോതം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പുറം –52

** ലത, വി. നായർ., എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ (സമ്പാദനം), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം – 2019, പുറം – 339

# ഇരുവഴിയേ പിരിയുന്നവർ



ഡാലിയ

മനുഷ്യനെ മറ്റു ജീവികളിൽനിന്നു വ്യത്യസ്തമാക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് വിവാഹവും കുടുംബജീവിതവും. ഭാവിസമൂഹത്തെ വളർത്തി വലുതാക്കി കെട്ടുറപ്പുള്ള ഒരു സമൂഹത്തിനു രൂപംകൊടുക്കാൻ ബാധ്യസ്ഥമായ കുടുംബങ്ങളിൽ പലതും ഇന്ന് വ്യത്യസ്ത കാരണങ്ങളാൽ തകർച്ചയിലേക്കു വീണുകൊണ്ടിരിക്കുന്നു. കൂട്ടുകുടുംബങ്ങളിൽനിന്ന് അണുകുടുംബങ്ങളിലേക്കുള്ള പരിണാമം കുടുംബബന്ധങ്ങളിൽ വിള്ളലുണ്ടാകുന്നതിന് ഒരു പരിധിവരെ കാരണമാകുന്നു. ഭാര്യാഭർത്താക്കന്മാർക്കിടയിലുണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾപോലും, തമ്മിൽ സംസാരിച്ചു തീർക്കാമെന്നിരിക്കിലും വലുതായി കോടതികളിൽ എത്തിച്ചേരുന്നു.

വിവാഹമോചനം വികസിതരാജ്യങ്ങളിൽപ്പോലും ഒരു സമൂഹികപ്രശ്നമാണ്. യൂണിസെഫ്, ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ, എബിസി ന്യൂസ് എന്നിവരുടെ സർവേയിൽനിന്നു കിട്ടിയ വിവരങ്ങളനുസരിച്ച്, ലോകത്ത് ആകെ നടക്കുന്ന വിവാഹങ്ങളിൽ നാല്പതുശതമാനവും വിവാഹമോചനത്തിൽ കലാശിക്കുന്നു. ഏറ്റവും കൂടുതൽ വിവാഹമോചനം നടക്കുന്ന രാജ്യം സ്വീഡനാണ്. (54.9 %). അമേരിക്കയും (54.8%) ഡെന്മാർക്കും (44.5%) തൊട്ടു പിന്നിൽത്തന്നെയുണ്ട്.

പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ച് പൗരസ്ത്യരാജ്യങ്ങളിൽ വിശേഷിച്ച്, ഇന്ത്യയിൽ വിവാഹമോചനത്തിന്റെ അളവ് താരതമ്യേന കുറവാണ്. 1990 കളിൽ ഇന്ത്യയിലെ വിവാഹമോചനങ്ങളുടെ നിരക്ക് 7.4% ആയിരുന്നു. എന്നാൽ, 2020 ഓടെ 18% ൽ എത്തിയിരിക്കുന്നു. ഇന്ത്യയിൽ ഏറ്റവുമധികം വിവാഹമോചനങ്ങൾ നടക്കുന്നത് കേരളത്തിലാണ്. ഉയർന്ന വിദ്യാഭ്യാസനിലവാരവും സാമ്പത്തികസ്വാതന്ത്ര്യവും കേരളത്തിൽ ഉണ്ടായതുകൊണ്ടാവാം ഇത്.

2020 ൽ കേരളത്തിലെ കുടുംബക്കോടതികളിൽ നിലനിൽക്കുന്ന വിവാഹമോചനക്കേസുകൾ ഒരു ലക്ഷത്തോളമാണെന്ന് കണക്കിൽനിന്നു വ്യക്തമാണ്. കുടുംബത്തകർച്ചയുടെ ഒരു ഭയാനകചിത്രമാണിത്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കംമുതലിങ്ങോട്ട് 350% ലധികം വർദ്ധന വിവാഹമോചനത്തിന്റെ കാര്യത്തിൽ കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. വർഷം തോറും 25% ലധികം കേസുകൾ വർദ്ധിക്കുന്നു.

കേരളത്തിലെ വിവാഹമോചനത്തിന്റെ 70% നടക്കുന്നത് പുരുഷന്മാരുടെ മദ്യപാനത്തിന്റെ അനന്തരഫലമായാണെന്ന് ഇന്ത്യൻ ആൾക്കഹോൾ പോളിസി അലയൻസിന്റെ ഒരു റിപ്പോർട്ടിൽ പറയുന്നുണ്ട്. കേരളത്തിലെ പുരുഷന്മാരിൽ 60% പേരും മദ്യപാനികളാണെന്നും അതിൽത്തന്നെ 15% പേർ അമിതമദ്യപാനികളാണെന്നും ഒരു സ്വതന്ത്ര ഏജൻസി നടത്തിയ പഠനത്തിൽ തെളിയുകയുണ്ടായി. കുടുംബനാഥന്റെ മദ്യപാനാസക്തിയും അതുവഴിയുണ്ടാകുന്ന രോഗങ്ങളും കടബാധ്യതയും സ്ത്രീകളെ വിവാഹമോചനത്തിനു പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ഇതുവഴി ആത്മഹത്യകളും കൊലപാതകങ്ങളും കേരളത്തിൽ വർദ്ധിച്ചുവരുന്നു. സർക്കാരിന് ഏറ്റവുമധികം വരുമാനമുണ്ടാക്കുന്ന ഈ വ്യവസായംമൂലം തകരുന്ന കുടുംബങ്ങളെയും സമൂഹത്തെയും നാം കണ്ടില്ലെന്നു നടിക്കരുത്.

നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച്, ഓരോ മണിക്കൂറിലും ഇന്ത്യയിൽ ഒരു സ്ത്രീ കൊല്ലപ്പെടുന്നുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീയും അവരുടെ മാതാപിതാക്കളും അടങ്ങുന്ന കുടുംബവും ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും വിരളമല്ല. ഭർത്താവിന്റെയും ബന്ധുക്കളുടെയും ഉപദ്രവം സഹിക്കവയ്യാതെ കുഞ്ഞുങ്ങളെ കൊന്നിട്ട് ജീവനൊടുക്കുന്ന സ്ത്രീകളുടെ കഥകൾ നാം നിത്യേനയെന്നോണം കേൾക്കുന്നു. 2020 ൽ സ്ത്രീകൾക്കെതിരേ നടന്ന കുറ്റകൃത്യങ്ങളായി 371503 കേസ്സുകൾ രാജ്യത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 45% ശതമാനവും സ്ത്രീധനപീഡനക്കേസുകളാണ്. സ്ത്രീകൾക്കെതിരേ നടക്കുന്ന ഇത്തരം അതിക്രമങ്ങൾ അവരെ വിവാഹമോചനത്തിലേക്കു നയിക്കുന്നു.

ഇന്റർനെറ്റിലും സാമൂഹികമാധ്യമങ്ങളിലും അടിമപ്പെടുന്നവരുടെയിടയിലും വിവാഹമോചനനിരക്ക് വളരെ കൂടുതലാണ്. സാമൂഹികമാധ്യമങ്ങളിലൂടെ പരിചയപ്പെടുന്ന കമിതാവിനെത്തേടി വീടുവിട്ടിറങ്ങുന്ന കുടുംബിനികളുടെ എണ്ണം ശ്രദ്ധിച്ചാൽ അപകടകരമായ ഈ പോക്ക് നമുക്കു മനസ്സിലാകും. ശാസ്ത്രം ചിലപ്പോഴൊക്കെ അപകടകാരിയാകുന്നത് ആറ്റംബോംബുകൾപോലുള്ള നശീകരണോപാധികളുടെ കണ്ടുപിടുത്തംകൊണ്ടുമാത്രമല്ല ഇത്തരം കാര്യങ്ങൾ കൊണ്ടുകൂടിയാണെന്ന് നാമോർക്കണം. ഇത്തരം സൈറ്റുകളിൽ ആകൃഷ്ടരാകുന്നവർ ലൈംഗികവൈകൃതങ്ങൾക്ക് അടിമകളാവുകയും അവരുടെ കുടുംബജീവിതം താറുമാറാവുകയും ചെയ്യും. അവരുടെ പങ്കാളി താമസിയാതെ വിവാഹമോചനത്തിലേക്കു നീങ്ങുന്നു.

ഇന്നത്തെ മിക്ക കുടുംബങ്ങളിലും ഭാര്യയും ഭർത്താവും വരുമാനമുള്ളവരാണ്. ഒരാളുടെ സഹായമില്ലെങ്കിലും



മറ്റേയാൾക്ക് അന്തസ്സായി ജീവിക്കാൻ കഴിയും. സ്ത്രീ സമ്പാദിക്കുന്ന പണം പുരുഷന് ആവശ്യമാണെങ്കിലും അയാൾ അവളുടെ നേട്ടത്തെ അംഗീകരിക്കാൻ തയ്യാറാവുന്നില്ല. തന്നെക്കാൾ വരുമാനമുള്ളവളും ഉയർന്ന ജോലിയിലിരിക്കുന്നവളുമായ ഭാര്യയെ അടിച്ചമർത്താൻ പുരുഷന്മാർ ശ്രമിക്കും. സ്ഥിരവരുമാനമുള്ള ഭാര്യമാരിൽ ചിലരെങ്കിലും ഭർത്താവിനെ അംഗീകരിക്കാതിരിക്കാനോ അഭിപ്രായങ്ങളെ മാനിക്കാതിരിക്കാനോ മുതിരുന്നവരാണ്.

ഇന്ത്യയിലെ പ്രമുഖ ഐടി നഗരമായ ബംഗളൂരുവിൽ ആയിരത്തിന് നാനൂറ് എന്ന നിരക്കിൽ വിവാഹമോചനം നടക്കുന്നു. ശരാശരി നാനൂറ് കേസ്സുകളെങ്കിലും ദിവസേന കോടതികളിലെത്തുന്നുണ്ട്. ഐടി – സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്നവരുടെ ഇടയിൽ വിവാഹമോചനത്തിന്റെ നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ കാരണം അമിതമായ ജോലിസമ്മർദവും മാനസികപിരിമുറുക്കവുമാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. വിവിധ ഷിഫ്റ്റുകളിൽ മാറിമാറി ജോലി ചെയ്യുന്ന ഭാര്യാഭർത്താക്കന്മാർക്ക് ആശയവിനിമയത്തിനുപോയിട്ട്, പരസ്പരം കാണാൻപോലും സമയം ലഭിക്കുന്നില്ല. കംപ്യൂട്ടറിനുമുമ്പിൽ കൂടുതൽ സമയം ജോലി ചെയ്യുന്നവരുടെ ഇടയിൽ മാനസികപ്രശ്നങ്ങളും വന്ധ്യതയുടെ നിരക്കും കൂടിയിരിക്കുന്നു.

വിവാഹമോചനം ഉണ്ടാക്കുന്ന ഏറ്റവും വലിയ പ്രത്യാഘാതം അനാഥമാകുന്ന ബാല്യങ്ങളാണ്. മിക്കവാറും വിവാഹമോചനക്കേസുകൾ വിധിയാകുന്നത് മക്കളെ അമ്മമാർക്കു വിട്ടുനല്കിക്കൊണ്ടായിരിക്കും. അതുകൊണ്ട് മക്കളെ പോറ്റാനുള്ള ബാധ്യത അമ്മമാർക്കുതന്നെയായിരിക്കും. വിവാഹമോചനം നേടുന്ന സ്ത്രീകൾ എന്നും സമൂഹത്തിൽ പരിഹാസകഥാപാത്രങ്ങളായിത്തീരുന്നു. അവരും കുട്ടികളും സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്നു. സമൂഹം അനുവദിച്ചുനല്കിയിരിക്കുന്ന പ്രത്യേക പരിഗണന അവിടെയും പുരുഷന്മാർക്കു ലഭിക്കുന്നു. സഹതാപം കിട്ടിയില്ലെങ്കിൽപ്പോലും അവർ പരിഹസിക്കപ്പെടാറില്ല. മാതാപിതാക്കളുടെ വിവാഹമോചനത്തിലൂടെ അനാഥരാകുന്ന കുട്ടികളാണ് സമൂഹത്തിൽ കൂടുതൽ പ്രശ്നക്കാരാകുന്നതും കുറ്റവാളികളായിത്തീരുന്നതും എന്നതും ഒരു വസ്തുതയാണ്.

ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാനം സമൂഹമാണ്, അതു കെട്ടുറപ്പുള്ള കുടുംബങ്ങളുടെ കൂട്ടമാണ്. കുടുംബം നന്നാവണമെങ്കിൽ ഓരോ വ്യക്തിയും നന്നാവണം. സത്യസന്ധമായ ആശയവിനിമയം ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഉണ്ടാകുമ്പോൾ ആരോഗ്യകരമായ കുടുംബബന്ധങ്ങൾ ഉണ്ടാവും. കെട്ടുറപ്പുള്ള കുടുംബങ്ങളിൽ മക്കളെ സമൂഹത്തിനുതകുന്ന പൗരന്മാരായി വളർത്താൻ സാധിക്കും. പുസ്തകത്താളുകളിലും സിനിമാസ്ക്രീനുകളിലും കാണുന്നതല്ല ജീവിതമെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

വിവാഹജീവിതത്തിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും ആകെയുള്ള പരിഹാരം വിവാഹമോചനമാണെന്ന മനോഭാവം സമൂഹത്തിൽ ഉയർന്നുവരാൻ അനുവദിക്കരുത്. അതിനുള്ള മാനുഷികമൂല്യങ്ങളും അടിസ്ഥാനഗുണങ്ങളും വരുംതലമുറയ്ക്കു പകർന്നുകൊടുക്കാനുള്ള കടമ നമ്മുടേതാണ്. നമ്മുടെ വിദ്യാഭ്യാസസംവിധാനങ്ങൾ അതനുസരിച്ചുള്ളതായിരിക്കണം. എങ്കിൽ മാത്രമേ, ഭദ്രതയുള്ള കുടുംബങ്ങളും ഐക്യബോധമുള്ള സമൂഹവും അതുവഴി സുസ്ഥിരമായ രാഷ്ട്രവും സ്ഥാപിതമാവുകയുള്ളൂ.

■

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

മാത്യൂസ് ആർപ്പൂക്കര

# മുള്ളൻപന്നി



ആദ്യമേ പറയട്ടെ, മുള്ളൻപന്നി പന്നിവർഗത്തിൽപ്പെട്ട ജന്തുവല്ല, കരണ്ടുതിന്നുന്ന ജീവിയാണ്. അതിന്റെ മുള്ളുകൾക്ക് ഒരടിയോളം നീളംവരും. ഈ മുള്ളുകൾ ശത്രുവിന്റെ ശരീരത്തിൽ അമ്പുകൾപോലെ തറയ്ക്കുമെന്നു പറയുന്നതു ശരിയല്ല. കൂർത്ത മുള്ളുകൾ മൃഗങ്ങളുടെ മുഖത്തു തറച്ചുകയറുകയും പിന്നീടത് ഇളകിപ്പോകുകയുമാണു ചെയ്യുക. വനത്തിലെ വമ്പന്മാരായ കടുവയും പുലിയും മറ്റും ഇവയെ ആക്രമിക്കില്ല. മുള്ളുകളുള്ളതിനാൽ എല്ലാ മൃഗങ്ങളിൽനിന്നും മുള്ളൻപന്നി രക്ഷപ്പെടുകയാണെന്നു കരുതരുത്. ഒത്തുകിട്ടിയാൽ ഇവയെ മറ്റു മൃഗങ്ങൾ ആക്രമിക്കാറുണ്ട്. അതു തലയിലായിരിക്കും എന്നു മാത്രം. ഇവയുടെ വയറുഭാഗത്ത് മുള്ളുകളില്ല. കാട്ടുനായ്, കുറുക്കൻ തുടങ്ങിയ ജീവികൾ മുള്ളൻപന്നിയെ ഇപ്രകാരം ആക്രമിച്ചുകാണുന്നു. നീണ്ടു കൂർത്ത മുള്ളുകൾക്കു വെള്ളയും കറുപ്പും നിറമാണ്. ശത്രുവിനെ കണ്ടാൽ മുള്ളുകൾ എഴുന്നുനിൽക്കും. പിന്നെ ശത്രുവിനെ ലക്ഷ്യമാക്കി പിന്നാക്കം പാഞ്ഞ് മുള്ളുകൾ അവയുടെ ശരീരത്തിൽ തറപ്പിച്ചു കയറ്റും.

മുള്ളൻപന്നികൾ പൊതുവേ സസ്യഭുക്കുകളാണ്. കിഴങ്ങുകളും വിത്തുകളും മറ്റുമാണ് ഭുജിക്കുക. വനത്തോടു ചേർന്നുള്ള കൃഷിസ്ഥലങ്ങളിൽ വിളവുകൾ നശിപ്പിക്കുന്ന രീതിയുണ്ട്. മുള്ളൻപന്നികൾക്ക് ഏതാണ്ട് മൂന്നടിയോളം നീളവും ശരാശരി 17 കി. ഗ്രാം തൂക്കവും കാണും. ഇവയുടെ ജീവിതദൈർഘ്യം ഏതാണ്ട് 40 വർഷമായി കരുതുന്നു. നിലത്തു മാളമുണ്ടാക്കി അതിൽ കഴിയാനാണിഷ്ടം; എലികളെപ്പോലെ. ഇരുളടഞ്ഞ പാറക്കൂട്ടത്തിലും മരപ്പൊത്തിലും മറ്റും ഇവയെ കാണാറുണ്ട്. കേരളത്തിൽ വയനാട്, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ, തെന്മല മുതലായ വനമേഖലയിൽ ഇവയെ കണ്ടുവരുന്നു.

# ഭീഷണമാകുന്ന ഇരുൾകാലയാഥാർത്ഥ്യങ്ങൾ



കൊഴുവനാൽ ജോസ്

നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം അത്യന്തം വേദകരവും നടുക്കമുണ്ടാക്കുന്നതുമായ ഒരു സ്ഥിതിവിശേഷം കഴിഞ്ഞ കുറെ നാളുകളായി നിലനില്ക്കുകയാണ്. മൊബൈൽ ഫോണിന്റെ പേരിൽ അല്ലെങ്കിൽ ടി.വി. ചാനലിന്റെ പേരിൽ ജീവിതം അവസാനിപ്പിച്ച കൗമാരങ്ങളെപ്പറ്റി നാം കേട്ടിട്ടുണ്ട്. മൊബൈലിൽ കയറ്റിവിടുന്ന മാരകമായ ഗെയിമുകളുടെ ചതിക്കുഴികളിൽക്കിടന്നു പിടഞ്ഞു മരിച്ച കുഞ്ഞുങ്ങളെക്കുറിച്ചും നാമറിഞ്ഞു. ഒരു തരത്തിലും പിടിച്ചുനില്ക്കാനാവാതെ ഗാർഹികമോ സാമ്പത്തികമോ ആയ പരാജയങ്ങളുടെ പേരിൽ ജീവനൊടുക്കിയിട്ടുള്ളവരെയും നമുക്കറിയാം. എന്നാൽ, ഒത്തിരി ആശകളും അഭിലാഷങ്ങളുമായി കുടുംബജീവിതത്തിലേക്കു കാലൂന്നുന്ന വധൂവരന്മാർ ഒറ്റയ്ക്കോ ഒരുമിച്ചോ, ഓമനിച്ചു വളർത്തുന്ന കുഞ്ഞുങ്ങളോടൊപ്പമോ അവരെ ഭൂമിയിൽ അനാഥരായി ഉപേക്ഷിച്ചിട്ടോ മരണത്തിന്റെ അന്ധകാരച്ചുരുളുകളിൽ മറഞ്ഞുപോകുന്ന വാർത്തകൾ കേട്ടു നാടു നടുങ്ങുന്നു. ഒരു വാർത്തയുടെ നടുക്കം മാറുന്നതിനുമുമ്പേ അടുത്തതു വന്നുകഴിഞ്ഞു. മഹാമാരി കേരളത്തിൽ പിടിമുറുക്കിയ കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ 11142 പേർ ഇവിടെ ആത്മഹത്യ ചെയ്തതായി മുഖ്യമന്ത്രി നിയമസഭയിൽ വെളിപ്പെടുത്തിയത് ഇക്കഴിഞ്ഞ ദിവസമാണ്. അതിൽ കൊവിഡിൽ മനംനൊന്ത് ജീവനൊടുക്കിയത് 34 പേർ മാത്രം. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയും പേരെ സ്വയം മരണത്തിനു കീഴടങ്ങാൻ പ്രേരിപ്പിച്ച കാരണങ്ങൾ വിലയിരുത്തേണ്ടത് സാമൂഹികജീവിതത്തിന്റെ ഭദ്രതയ്ക്ക് അത്യന്താപേക്ഷിതമാണ്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മരണക്കുരുക്കിലകപ്പെട്ടുപോയ ഒത്തിരിപ്പേർ പിടിച്ചുനില്ക്കാനാകാതെ ആത്മഹത്യയിൽ അഭയം തേടുന്നുണ്ട്. ലഹരിയുടെ ഊരാക്കുടുക്കിൽ വീണ് ജീവിതത്തിന്റെ വിലയും നിലയും നഷ്ടപ്പെടുത്തിയ ഇക്കൂട്ടർക്ക് ഇനിയങ്ങോട്ടു ജീവിക്കുകയെന്നത് തികച്ചും അർത്ഥരഹിതവും അനാവശ്യവുമായി അനുഭവപ്പെട്ടുതുടങ്ങുമ്പോൾ സ്വയം ഇല്ലാതാകുകയല്ലാതെ മറ്റൊരു പോംവഴിയില്ല. ലഹരിയുടെ മായാലോകത്തിലേക്കു കാലുകുത്താൻ തയ്യാറല്ല എന്ന തീരുമാനവും അതിലുറച്ചുനില്ക്കാനുള്ള മനക്കട്ടിയും ഉള്ളവർ ഈ അപകടമേഖല ഭയപ്പെടേണ്ടതില്ല.

രോഗിണിയായ ഭാര്യയും നാലുമക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമാണ് മാത്തച്ചൻ. അയലത്തെ പണക്കാരന്റെ സ്ഥലം പാട്ടത്തിനെടുത്ത് അയാൾ ആയിരം വാഴ നട്ടു. വാഴക്കുല വില്ക്കുമ്പോൾ പലിശസഹിതം തന്നുവീട്ടിക്കൊള്ളാമെന്ന് മുദ്രപ്പത്രത്തിലെഴുതി ഒപ്പിട്ടുകൊടുത്ത കരാറിന്റെ അടിസ്ഥാനത്തിൽ സ്ഥലമുടമ കൃഷിക്ക് ആവശ്യമായ പണം മുടക്കി. വാഴകളോടൊപ്പം മാത്തച്ചന്റെ ആശകളും വളർന്നു. കുലച്ചുതുടങ്ങിയ വാഴകൾ നിരനിരയായി നില്ക്കുന്നതുകണ്ട് തലയെടുപ്പോടെ വീട്ടിലേക്കു പോയ മാത്തച്ചനു പിറ്റേന്നു രാവിലെ കണ്ടത് രാത്രിയിൽ വീശിയടിച്ച ചുഴലിക്കാറ്റിൽ തകർന്നടിഞ്ഞ് നിലംപരിശായിക്കിടക്കുന്ന വാഴകളാണ്. അയാളാകെ തളർന്നുപോയി. ഭക്ഷണവും മിണ്ടാട്ടവുമില്ലാതെ ഒരു പകൽ. അന്നുരാത്രി വീട്ടിലുള്ള അഞ്ചുപേർക്കും വിഷം കൊടുത്തശേഷം അയാൾ ആത്മഹത്യ ചെയ്തു. ഇതുപോലെ കൃഷി നശിച്ചവരും വിളയ്ക്കു വിലയില്ലാതെ മനം മടുത്തവരും എടുത്ത ലോൺ തിരിച്ചുകൊടുക്കാൻ കഴിയാത്തവരുമായ നിരവധി പേർ ഇവിടെ ജീവനൊടുക്കുന്നുണ്ട്. ഇല്ലാത്ത പൊങ്ങച്ചം നടിച്ചും ജാടയും ധൂർത്തും കാണിക്കാൻ ആഘോഷങ്ങളിൽ അഭിരമിച്ചും വാരിക്കോരി ചെലവാക്കിയിട്ട് അവസാനം ഒന്നുമില്ലാതെ ജീവിതമവസാനിപ്പിക്കുന്നവരും കുറവല്ലിവിടെ. ദീർഘനാൾ ചികിത്സിച്ചിട്ടും ഭേദമാകാത്ത രോഗത്താൽ മനംമടുത്തിട്ട് ജീവിതമവസാനിപ്പിക്കുന്നവരും ഏറെയുണ്ടീ നാട്ടിൽ. ഇത്തരക്കാർക്കൊക്കെ സാന്ത്വനം പകരാൻ പര്യാപ്തമായ കൗൺസെലിങ് സെന്ററുകൾ തുറക്കാനും എല്ലാ പ്രതീക്ഷകളും അസ്തമിച്ച് ആശയറ്റു കഴിയുന്നവരെ കൂടെക്കൂടെ സന്ദർശിച്ച് അവർക്ക് മാനസികമായ ശക്തിപകരാനും സന്നദ്ധസംഘടനകളും തദ്ദേശസ്ഥാപനങ്ങളും തയ്യാറാകേണ്ടതുണ്ട്.



ഒരുപാട് പ്രതീക്ഷകളുമായി വിവാഹിതരാകുന്ന വധൂവരന്മാരിൽ പലർക്കും തങ്ങൾ സ്വപ്നത്തിൽ കണ്ടിരുന്ന പങ്കാളിയെയല്ല ലഭിച്ചിരിക്കുന്നത് എന്ന് അനുഭവങ്ങളിലൂടെ ബോധ്യമാകുമ്പോൾ ബന്ധത്തിൽ വിള്ളലുകൾ വീഴാൻ തുടങ്ങുന്നു. വിട്ടുവീഴ്ചകൾക്കും ഒത്തുതീർപ്പുകൾക്കും രണ്ടുപേരും തയ്യാറാകുന്നില്ല. പീഡനവും ദേഹോപദ്രവവും സഹിക്കവയ്യാതാകുമ്പോൾ സ്ത്രീ സ്വയം മരണത്തിനു കീഴടങ്ങുന്നു. മാനഹാനിയോ പരാജയഭീതിയോ ഭയന്ന് സ്ത്രീയിൽനിന്നുള്ള പീഡനം പുറത്തറിയിക്കാതെ നിശ്ശബ്ദം സഹിച്ചുസഹിച്ച് ഒടുവിൽ ജീവനൊടുക്കുന്ന പുരുഷന്മാരും കുറവല്ല.

ധനമോഹം മൂത്ത് സ്ത്രീസ്വത്തിനുവേണ്ടി വിവാഹം കഴിക്കുകയും പ്രതീക്ഷിച്ചത്ര ധനം കിട്ടാതെവരുകയും ചെയ്യുമ്പോൾ സ്ത്രീധനപീഡനം തുടങ്ങുകയായി. നല്ല ബിരുദവും ഉയർന്ന ഉദ്യോഗവുമുള്ള ചെറുപ്പക്കാർപോലും ഈ കാര്യത്തിൽ ഒട്ടും പിന്നിലല്ല എന്നത് സാംസ്കാരികകേരളത്തിന്റെ വലിയ നാണക്കേടെന്നേ പറയാനാകൂ. സമീപകാലത്ത് ആത്മഹത്യ ചെയ്ത യുവതികളിൽ ഭൂരിഭാഗവും ആ കടുംകൈയ്ക്കു മുതിർന്നത് സ്ത്രീസ്വത്തിനുവേണ്ടിയുള്ള പീഡനവും മർദനവും സഹിക്കാനാകാതെയാണെന്നു നാമറിഞ്ഞു. സ്ത്രീധനമെന്ന കിരാതമായ സമ്പ്രദായത്തിനെതിരേ ഒരു സാമൂഹികവികാരം ഉണർത്തിവിടാൻ ഈ ദയനീയമരണങ്ങൾക്കു കഴിഞ്ഞു എന്നുള്ളത് തികച്ചും ശുഭോദർക്കമാണ്. ഗവർണർ ഉൾപ്പെടെയുള്ള രാഷ്ട്രീയനേതൃത്വവും മതമേലധ്യക്ഷന്മാരും സാമൂഹികസാമുദായികസംഘടനകളും സ്ത്രീധനത്തിനെതിരേ ആഹ്വാനവുമായി രംഗത്തുവന്നു. അതുകൊണ്ടുമാത്രമായില്ല. വിവാഹം കഴിക്കുന്ന പെൺകുട്ടിയുടെ സ്വത്ത് സ്ത്രീധനമായി വാങ്ങുകയില്ലെന്ന് ഓരോ യുവാവും, സ്ത്രീസ്വത്തു ചോദിക്കുന്ന കോന്തനെ കാന്തനായി സ്വീകരിക്കുകയില്ലെന്ന് ഓരോ യുവതിയും മനസ്സിൽ എഴുതിത്തറച്ചുവയ്ക്കണം. ആരോഗ്യകരമായ കുടുംബജീവിതത്തിന് ഈ തീരുമാനം കൂടിയേ കഴിയൂ.

നിർദോഷികളായ പെൺകുട്ടികളെ പ്രണയത്തിന്റെ കരുക്കിട്ടു പിടിച്ച് വിവാഹവാഗ്ദാനം നല്കി പീഡിപ്പിക്കുന്നത് നിയന്ത്രണങ്ങളുടെ വേലി പൊളിച്ചും മതിൽ ചാടിയും കഴിയുന്ന സാമൂഹികദ്രോഹികൾക്ക് ഒരു വിനോദമായി മാറിയിരിക്കുന്നു. അവർ കാണിച്ച പ്രണയം കാര്യം കാണാനുള്ള വെറും നാട്യമായിരുന്നു എന്നു തിരിച്ചറിയുമ്പോഴേക്ക് ഇരയായ പാവം പെൺകുട്ടി സർവനാശത്തിന്റെ നിലയില്ലാക്കയത്തിൽ വീണുകഴിഞ്ഞിരിക്കും. ഒടുവിൽ അവളും ആത്മഹത്യയിലഭയം തേടുന്നു. ഈ ദുരവസ്ഥയ്ക്കു പരിഹാരം കാണാൻ ഒന്നേയുള്ളൂ പോംവഴി; പ്രണയം നടിച്ച് അടുത്തുകൂടുന്നവനിൽനിന്ന്, അവൻ പരിചിതനോ അപരിചിതനോ ആകട്ടെ, ചതിയനും വിശ്വസിക്കാൻ കൊള്ളാത്തവനുമാണെന്ന ഉറച്ച ബോധ്യത്തോടെ ഓടിയകലുക. അവന്റെ നോട്ടവും ചേഷ്ടകളും കണ്ടില്ലെന്നു നടിക്കുക. അവനുമായി ഒരു തരത്തിലുമുള്ള ആശയവിനിമയത്തിനം അവസരമുണ്ടാകാതിരിക്കട്ടെ. പ്രകോപനങ്ങളും പ്രലോഭനങ്ങളും തന്നെ സ്വാധീനിക്കാൻ സമ്മതിക്കുകയില്ലെന്നുള്ള ചങ്കുറപ്പ് ആർജിച്ചെടുത്തേ മതിയാകൂ. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന മഹത്തായ ഉപദേശം ഓരോ മനസ്സിലും മുഴങ്ങട്ടെ.

ജീവിതം ഒന്നേയുള്ളൂ. അതു ജീവിച്ചുതന്നെ തീർക്കണം. അതാണ് ദൈവഹിതം. അതിനുള്ള അമൂല്യമായ മഹാദാനമാണ് ജീവൻ. ജീവനെടുക്കാൻ അതു തന്ന കാരുണ്യവാനായ ദൈവത്തിനല്ലാതെ മറ്റാർക്കും അവകാശമില്ലെന്ന പരമമായ സത്യം നമുക്കു മറക്കാതിരിക്കാം. ■

# അവാർഡ് മുടക്കിയ ആഹിരിരാഗം



ടി.പി. ശാസ്തമംഗലം




ചില ചലച്ചിത്രങ്ങൾ പ്രേക്ഷകരെ വളരെയേറെ ആകർഷിക്കും. അവയുടെ പ്രദർശനം മാസങ്ങളോളം നീളും. സ്വാഭാവികമായും അവയിലെ ഗാനങ്ങളും ആസ്വാദകർ പാടിനടക്കും. എന്നാൽ, അത്തരം പാട്ടുകളിലെ അപഭ്രംശങ്ങളെക്കുറിച്ചോ തലതിരിഞ്ഞ പ്രയോഗങ്ങളെക്കുറിച്ചോ ആരും ചിന്തിച്ചെന്നു വരില്ല. ഉദാഹരണത്തിന് 1993 ഡിസംബർ 24 ന് പുറത്തുവന്ന 'മണിച്ചിത്രത്താഴ്' എന്ന ചിത്രത്തിന്റെ കാര്യംതന്നെയെടുക്കുക. ചിത്രം വൻവിജയമായിരുന്നു. അതിലെ നായികയായ ഗംഗയെ അനശ്വരമാക്കിയ ശോഭന മികച്ച നടിക്കുള്ള ദേശീയപുരസ്കാരം നേടുകയും ചെയ്തു. ആ ചിത്രത്തിലെ ഒരു ഗാനമിതാണ്.

"പഴന്തമിഴ് പാട്ടിഴയും ശ്രുതിയിൽ
പഴയൊരു തംബുരു തേങ്ങി
മണിച്ചിത്രത്താഴിനുള്ളിൽ
വെറുതേ
നിലവറമൈന മയങ്ങി
സരസസുന്ദരീമണീ നീ
അലസമായ് ഉറങ്ങിയോ
കനവുനെയ്തൊരാത്മരാഗം
മിഴികളിൽ പൊലിഞ്ഞുവോ
വിരലിൽനിന്നും വഴുതിവീണു
വിരസമായൊരാദിതാളം"

(രചന - ബിച്ചു തിരുമല, സംഗീതം - എം.ജി. രാധാകൃഷ്ണൻ, ആലാപനം - യേശുദാസ്)

തമിഴ്പാട്ടു മാത്രമല്ല തംബുരുവും പഴയതാണെന്ന വെളിപ്പെടുത്തൽ കഥാഘടനയ്ക്കനുസൃതമായിട്ടാവാം രചയിതാവ് നടത്തിയത്. നമുക്കതിൽ പരാതിയില്ല. ഗാനരചയിതാക്കൾക്ക് അങ്ങനെ ചില വിട്ടുവീഴ്ചകൾ ചെയ്യേണ്ടതായി വരും. എന്നാൽ, മണിച്ചിത്രത്താഴിനുള്ളിൽ വെറുതേ നിലവറമൈന (നിലവറയ്ക്കുള്ളിലെ മൈന) മയങ്ങുന്നതോർത്ത് നാം മൂക്കത്തു വിരൽ വച്ചുപോകും. മണിച്ചിത്രത്താഴിനുള്ളിൽ കഷ്ടിച്ച് ഒരു ഉറുമ്പിനു കടന്നുകൂടാം. പൂട്ടിനുള്ളിൽ മൈന മയങ്ങുന്നതിന്റെ യുക്തി എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. മണിച്ചിത്രത്താഴിട്ടു പൂട്ടിയ നിലവറയ്ക്കുള്ളിൽ മയങ്ങുന്നതായി സങ്കല്പിച്ചിരിക്കുന്നത് വിനയപ്രസാദ് അവതരിപ്പിച്ച ശ്രീദേവി എന്ന കഥാപാത്രത്തെയാണ്. എന്നിട്ടും എഴുതിവന്നപ്പോൾ മൈന മയങ്ങിയത് നിലവറയിലെ മണിച്ചിത്രത്താഴിനുള്ളിലായിപ്പോയി. ഇതിനെയാണ് അശ്രദ്ധ എന്നു പറയുന്നത്.

ആഹിരിരാഗത്തിലാണ് എം.ജി. രാധാകൃഷ്ണൻ ഈ ഗാനം ചിട്ടപ്പെടുത്തിയത്. മാത്രവുമല്ല, ഇതേ ചിത്രത്തിലെ 'ഒരു മുറൈ വന്ത് പാറായോ' എന്ന ഗാനവും സ്വരപ്പെടുത്താൻ അദ്ദേഹം ഇതേ രാഗമാണ് ഉപയോഗിച്ചത്. സംസ്ഥാന ചലച്ചിത്രപുരസ്കാരത്തിന് മണിച്ചിത്രത്താഴിലെ ഗാനങ്ങൾ പരിഗണിക്കുമെന്ന് പലരും കരുതിയെങ്കിലും ഇതിന്റെ പേരിൽ മികച്ച സംഗീതസംവിധായകനായി എം.ജി. രാധാകൃഷ്ണൻ തിരഞ്ഞെടുക്കപ്പെട്ടില്ല. പകരം 'പഴന്തമിഴ് പാട്ടിഴയും' എന്ന പാട്ടുപാടിയ യേശുദാസ് മാത്രം അക്കൊല്ലത്തെ മികച്ച ഗായകനായി. അന്ന് പുരസ്കാരനിർണയസമിതിയിൽ ഉണ്ടായിരുന്ന കമുകറ പുരുഷോത്തമനോട്, പ്രത്യേകിച്ച്, അദ്ദേഹം ഗായകനും സംഗീതജ്ഞനുമായതിനാൽ പത്രലേഖകർ 'മണിച്ചിത്രത്താഴിലെ' സംഗീതസംവിധാനത്തെ അവഗണിച്ചതിനെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി 'രണ്ടു ഗാനങ്ങൾക്കും ഒരേ രാഗമായിപ്പോയി' എന്നാണ്. ഇതിന്റെ പേരിൽ എം.ജി. രാധാകൃഷ്ണനും കമുകറ പുരുഷോത്തമനും തമ്മിൽ കുറെക്കാലത്തേക്കെങ്കിലും നീരസം നിലനിന്നിരുന്നു എന്നതും നേരാണ്.

'ആഹിരി പാടിയാൽ അന്നം മുട്ടും' എന്നൊരു ചൊല്ല് നിലവിലുണ്ട്. അതുകൊണ്ടാവാം ഇതു സന്ധ്യാസമയങ്ങളിൽ പാടാറില്ല. ഈ രാഗം കച്ചേരികളിൽ അധികം ഉപയോഗിക്കാറുമില്ല. എന്തായാലും എം.ജി. രാധാകൃഷ്ണന് അവാർഡ് കിട്ടാതായതോടെ പലരും ഈ ചൊല്ല് അദ്ദേഹത്തെ ഓർമിപ്പിച്ചു. ചിലർ പത്രത്താളുകളിൽ എഴുതുകയും ചെയ്തു. പൊതുവേ ദൈവവിശ്വാസിയായ എം.ജി. രാധാകൃഷ്ണൻ അതിനൊന്നും മറുപടി പറഞ്ഞില്ല. ആഹിരിരാഗം അന്നം മുടക്കിയില്ലെങ്കിലും അവാർഡ് മുടക്കി എന്ന യാഥാർത്ഥ്യം ഇപ്പോഴും അവശേഷിക്കുന്നു. ■




"ഇതിലും ഭേദം ചേട്ടായി എന്നെ കൊന്നുകളയുന്നതാ.

രോഷ്നി പൊട്ടിക്കരഞ്ഞുപോയി. അവളുടെ ആ ഭാവമാറ്റം റോയിയെ നടുക്കി.

സുമൻ രോഷ്നിയെ വിവാഹം കഴിക്കാൻ ഇഷ്ടമാണെന്നു വ്യക്തമാക്കിയപ്പോൾ രോഷ്നിക്ക് അവനെയും ഇഷ്ടമാണ് എന്നായിരുന്നു റോയി കരുതിയിരുന്നത്. അങ്ങനെയൊരു സൂചന റോയിയുടെ വാക്കിലുമുണ്ടായിരുന്നു. വിവാഹക്കാര്യം പറഞ്ഞപ്പോൾ സുമനാണോ എന്ന് രോഷ്നി ഇങ്ങോട്ടു ചോദിച്ചപ്പോൾ ആ വിചാരം കൃത്യമാണെന്നും മനസ്സിൽ കരുതി. പക്ഷേ, ഇപ്പോൾ രോഷ്നി കരയുന്നു, സുമനുമായി വിവാഹം കഴിക്കുന്നതിനെക്കാൾ ഭേദം അവളെ കൊന്നുകളയുന്നതാണെന്നു പറയുന്നു. നടുങ്ങാതിരിക്കുന്നതെങ്ങനെ?

''അപ്പോ, അപ്പോ നിനക്ക് അവനെ ഇഷ്ടമല്ലേ?"

റോയി ചോദിച്ചു.

"എല്ലാ കാര്യോം അവളുടെ ഇഷ്ടം ചോദിച്ചു നടത്തിയാ മതി." സീന പുച്ഛിച്ചു.

"വിവാഹം കഴിക്കാൻനേരം ആർക്കും വലിയ ഇഷ്ടമൊന്നും കാണുകേലാ. പിന്നെ പതുക്കെപ്പതുക്കെ ഇഷ്ടമായിക്കോളും. അടുത്തും മനസ്സിലാക്കിയും ഒക്കെ കഴിയുമ്പോഴല്ലേ യഥാർത്ഥസ്നേഹം പുറത്തോട്ടുവരുന്നത്." സീന വാദിച്ചു.

"എനിക്ക് എന്തായാലും സുമനെ ഇഷ്ടമാ, ഇന്നത്തെ കാലത്ത് നയാപൈസ സ്ത്രീധനം വാങ്ങാതെ ഒരു ചെറുപ്പക്കാരൻ കല്യാണം കഴിക്കാൻ തീരുമാനിക്കുകാന്നുവച്ചാ. അത് ആ മനസ്സിന്റെ വലുപ്പമല്ലേ കാണിക്കുന്നെ?"

അപ്പോൾ അതാണു കാര്യം. രോഷ്നിക്കു മനസ്സിലായി. സുമൻ സ്ത്രീധനം ചോദിക്കുന്നില്ല. സീനയ്ക്കു സന്തോഷിക്കാൻ അതുമാത്രം മതിയല്ലോ. മാത്രവുമല്ല, പുറമേ നോക്കുമ്പോൾ സുമനെ കുറ്റം പറയാനും കഴിയില്ല. കാണാൻ മിടുക്കൻ. നല്ല ജോലി. ഭേദപ്പെട്ട സാമ്പത്തികവുമുണ്ട്. തൊട്ടടുത്തുതന്നെ വീട്. എതിരുപറയാൻ കാരണങ്ങളൊന്നുമില്ല. എന്നാൽ, തനിക്ക് എന്തുകൊണ്ടോ സുമനെ ഇഷ്ടമല്ല. അതാണു പ്രശ്നം. ഒരു വ്യക്തിയോട് ഇഷ്ടം തോന്നുന്നതും വെറുപ്പു തോന്നുന്നതും പ്രത്യേകിച്ച് എന്തെങ്കിലും കാരണംകൊണ്ടുമാത്രമാണോ? അല്ല, ഒരു യാത്രയ്ക്കിടയിൽ പരിചയപ്പെട്ട ഒരു വ്യക്തിയോടുപോലും പെട്ടെന്ന് മാനസികമായ അടുപ്പം തോന്നാറില്ലേ? എന്നാൽ, ഏറെനാൾ ഒരുമിച്ചുള്ള സഹപ്രവർത്തകരോടോ സഹപാഠികളോടോ എന്തിന് കുടുംബത്തിൽത്തന്നെ ഉള്ള ആളോടുപോലും ആ അടുപ്പം തോന്നണമെന്നില്ല. മനസ്സുകൾ തമ്മിലുള്ള തരംഗദൈർഘ്യമാണ് അടുപ്പവും അകലവുമെല്ലാം നിശ്ചയിക്കുന്നത്.

"സുമന്റെ മനസ്സിന് എത്ര വലുപ്പമുണ്ടെങ്കിലും എനിക്ക് അയാളെ ഇഷ്ടമില്ല ചേട്ടായി.'' രോഷ്നി തുറന്നുപറഞ്ഞു.

റോയി നിസ്സഹായനായി. "നിന്റെ മനസ്സിൽ വേറേ ആരെങ്കിലുമുണ്ടോ?" തന്റെ മനസ്സിലെ സംശയം റോയി തുറന്നുചോദിച്ചു.

"എന്റെ മനസ്സിൽ ആരുമില്ല." രോഷ്നിയുടെ വാക്കിലെ സത്യസന്ധത റോയിയുടെ നെഞ്ചിനെയും സ്പർശിച്ചു.

"സ്വന്തം കാലിൽ നില്ക്കാൻ എനിക്കു കഴിയണം. ഏതെങ്കിലും ഒരുത്തന്റെ അടിമയായി ജീവിക്കാൻ എനിക്കു മനസ്സില്ല. അതുകൊണ്ട് എനിക്കൊരു ജോലികിട്ടിയിട്ടു മതി വിവാഹമൊക്കെ."

''അതു പറ്റില്ല. ഇനിയും നിന്നെ ഇവിടെ നിർത്താൻ എനിക്കു ബുദ്ധിമുട്ടുണ്ട്."

റോയി രോഷ്നിക്ക് മുഖം കൊടുക്കാതെയാണ് അതു പറഞ്ഞത്. രോഷ്നി അന്ധാളിപ്പോടെ റോയിയെ നോക്കി.

"നാട്ടിൽ ഇപ്പോത്തന്നെ ചില അടക്കംപറച്ചിലുകളുണ്ട്. നിന്നെയും ആ സനലിനെയും ചേർത്ത്."

രോഷ്നി നടുങ്ങി.

"ചിലരൊക്കെ എന്നോട് അക്കാര്യം സൂചിപ്പിക്കുകയും ചെയ്തു. അമ്മയെ തല്ലിയാലും രണ്ടു പക്ഷം ചേരുന്ന ആൾക്കാരാ. വിശ്വസിക്കാനും ആളുണ്ടാവും. പേരുദോഷം കേൾപ്പിച്ചാൽ ഇരുന്നുപോവും. അതുകൊണ്ടാ എല്ലാം അറിഞ്ഞോണ്ടു സുമൻ ആലോചനയും കൊണ്ടുവന്നപ്പോ ഞാൻ സമ്മതിച്ചത്."

"എല്ലാം അറിഞ്ഞുകൊണ്ട്." രോഷ്നിയുടെ കാതിൽ ആ വാക്ക് തറഞ്ഞുനിന്നു. സുമനാണ് ഈ അപവാദം പറഞ്ഞുപരത്തിയതെന്ന് രോഷ്നിക്ക് ഉറപ്പായിരുന്നു. വെടക്കാക്കി തനിക്കാക്കുന്ന പതിവു രീതി. പക്ഷേ, താൻ നിസ്സഹായയാണ്. തന്റെ ഭാഗത്തെ ശരികൾ മനസ്സിലാക്കാൻ ആരുമില്ല; തന്നെ കേൾക്കാനും. ഒരു പക്ഷേ, അമ്മയുണ്ടായിരുന്നുവെങ്കിൽ... അല്ലെങ്കിൽ ചേച്ചിമാരാരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ... തനിക്ക് ഹൃദയം തുറക്കാൻ ആരുമില്ലാതായിരിക്കുന്നു. രോഷ്നി തേങ്ങി.

"അതുകൊണ്ട് ചേട്ടായി വേറേ ആലോചന കൊണ്ടുവരും. മോള് എതിർപ്പൊന്നും പറഞ്ഞേക്കരുത്. ഇന്നത്തെക്കാലത്ത് രണ്ടാൾക്കും ജോലിയുണ്ടെങ്കിലേ കുടുംബം നേരാംവണ്ണം നടക്കൂ. അതോണ്ട് വിവാഹം കഴിക്കുന്ന ഒരു ചെറുപ്പക്കാരനും പെണ്ണിനോടു ജോലിക്കു പോകണ്ടായെന്നു പറയില്ല. കല്യാണം കഴിഞ്ഞാലും നിനക്കു ജോലിക്കു പോകാൻ കഴിയും എന്നുതന്നെയാ ചേട്ടായി പറഞ്ഞതിന്റെ അർത്ഥം.''

എതിർത്തുപറയാൻ രോഷ്നിക്കു വാക്കുകളുണ്ടായിരുന്നില്ല. റോയിയുടെ ഭാഗം നോക്കുമ്പോൾ അയാൾ പറഞ്ഞതിലെല്ലാം ശരികളുണ്ട്. പെങ്ങളെ സ്നേഹിക്കുന്നവനാണ് അയാൾ. മൂത്ത ഒരു കൂടപ്പിറപ്പായിട്ട് രാജുവുണ്ടെങ്കിലും അയാളിൽനിന്ന് യാതൊരു നന്മയും പ്രതീക്ഷിക്കാനില്ലെന്ന് റോയിക്കറിയാമായിരുന്നു. ഒരു ചടങ്ങിനു വന്നുനില്ക്കാൻ മാത്രമായിട്ടേ അയാളെ ഉപകരിക്കുകയുള്ളൂ. ബാക്കിയുള്ളതെല്ലാം ചെയ്യേണ്ടത് താൻ മാത്രമാണ്. അവളുടെ ഭാവിയെയോർത്ത് അയാൾക്ക് ഉത്കണ്ഠകളുണ്ട്. സുരക്ഷിതമായ കൈകളിൽ അവളെ ഏല്പിച്ചാലേ അയാൾക്ക് സ്വസ്ഥതയുണ്ടാവൂ. ദിവസങ്ങൾ കടന്നുപോയി. രോഷ്നിക്ക് വിവാഹാലോചനകൾ വന്നുതുടങ്ങി. ഒന്നുരണ്ട് ആലോചനകളോട് തനിക്ക് ഇഷ്ടമില്ലെന്നു തന്നെ രോഷ്നി തുറന്നുപറഞ്ഞു. ഇന്നത്തെ കാലത്തെ പെൺകുട്ടികളല്ലേ, അവർക്കുമുണ്ടാവില്ലേ ഇഷ്ടങ്ങളും തീരുമാനങ്ങളും എന്ന മട്ടിൽ അതിനെ റോയി അവഗണിച്ചു. പക്ഷേ, അടുത്ത ആലോചന വന്നപ്പോഴും രോഷ്നി എതിരുപറഞ്ഞു.

"എനിക്ക് അപ്പഴേ അറിയാമായിരുന്നു അവള് എന്തെങ്കിലും കാരണം പറഞ്ഞ് ഈ കല്യാണങ്ങളെല്ലാം മുടക്കുമെന്ന്." കിടപ്പുമുറിയിലെത്തിയപ്പോൾ സീന വാശിയോടെ റോയിയോടു പറഞ്ഞു.

"അവള് നമ്മളെയെല്ലാം പൊട്ടന്മാരാക്കുവാ. അവളുടെ മനസ്സില് ആ സാറുതന്നെയാ. നോക്കിക്കോ അവള് പേരുദോഷം കേൾപ്പിച്ച് ഇവിടെത്തന്നെ നില്ക്കും.'' റോയി തന്നെക്കാൾ കൂടുതൽ രോഷ്നിയെ സ്നേഹിക്കുന്നുണ്ടോ പരിഗണിക്കുന്നുണ്ടോയെന്നെല്ലാം സീനയ്ക്ക് സംശയമുണ്ടായിരുന്നു. അവളെ ഈ വീട്ടിൽനിന്ന് ഒഴിവാക്കിയാൽ റോയിയുടെ മുഴുവൻ സ്നേഹത്തിനും താൻ അവകാശിയാകും. സ്വന്തം കുടുംബമായിക്കഴിയുമ്പോൾ രോഷ്നിക്കും റോയിയോടുള്ള സ്നേഹം കുറയും. തനിക്ക് റോയി മാത്രമല്ലേയുള്ളൂ. അതുകൊണ്ട് എത്രയുംവേഗം രോഷ്നിയെ വിവാഹം കഴിപ്പിച്ചയയ്ക്കണം. സീന അങ്ങനെയൊരു തീരുമാനമെടുത്തിരുന്നു. സീനയുടെ വാക്കുകൾ റോയിയുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. ഒരു സംശയമായി അതു വളർന്നു. തന്നെ രോഷ്നി കബളിപ്പിക്കുകയാണോ?

"ഇനി ചോദിക്കുകേം പറയുകേം ഒന്നും വേണ്ട. നമുക്ക് നല്ലതെന്നു തോന്നുന്ന ഒരു ആലോചന അങ്ങു നടത്തുക. അല്ല പിന്നെ." സീന അങ്ങനെയൊരു നിർദേശം നല്കിക്കൊണ്ട് റോയിക്ക് പുറംതിരിഞ്ഞുകിടന്നു.

ഒരു തീരുമാനത്തിലെത്താൻ ആ വാക്കുകൾ തെല്ലൊന്നുമല്ല റോയിയെ സഹായിച്ചത്. പിന്നീടു വന്ന വിവാഹാലോചനയെ സംബന്ധിച്ച് രോഷ്നിയോട് അഭിപ്രായം ആരായുകയോ ഒന്നുമുണ്ടായില്ല. നല്ലൊരു ചെറുപ്പക്കാരനെന്ന് റോയിക്ക് തോന്നി. മുപ്പതു വയസ്, പേര് ജോമോൻ. ഇലക്ട്രീഷ്യനാണ്. കുറെവർഷം ഗൾഫിലായിരുന്നു. ഇപ്പോൾ നാട്ടിൽത്തന്നെ. അപ്പനും അമ്മയും രണ്ടു സഹോദരിമാരും അടങ്ങുന്നതായിരുന്നു ജോമോന്റെ കുടുംബം. സഹോദരിമാർ വിവാഹിതരാണ്. അപ്പനമ്മമാർക്ക് ആരോഗ്യമുള്ളതിനാൽ പെട്ടെന്നൊന്നും അവരുടെ ശുശ്രൂഷ ഏറ്റെടുത്തു നടത്തേണ്ട സാഹചര്യവുമില്ല. അന്വേഷണം നടത്തിയപ്പോൾ ജോമോനെക്കുറിച്ചോ വീട്ടുകാരെക്കുറിച്ചോ ആർക്കും എതിരഭിപ്രായവുമില്ല.

"ഞങ്ങള് അതങ്ങു തീരുമാനിച്ചു. ഇനി നീ എതിരൊന്നും പറയണ്ടാ." ചെറുക്കന്റെ വീടുപോയി കണ്ട ദിവസം റോയി പ്രഖ്യാപിച്ചു.

"നിന്നെ ജോലിക്കു വിടുന്നതിന് അവന് സമ്മതക്കുറവുമില്ല. നിനക്ക് മാനേജ് ചെയ്തു പോകാൻ പറ്റുന്ന കുടുംബമാ. ദുൽക്കർ സൽമാനോ പൃഥ്വിരാജോ കല്യാണം കഴിക്കാൻ വരുമെന്നാണ് വിചാരിച്ചിരിക്കുന്നതെങ്കിൽ അത് തുറന്നുപറഞ്ഞോ."



''ഇല്ല, ആരും വരാനില്ല.'' രോഷ്നി തീർത്തുപറഞ്ഞു. ഇന്നത്തെക്കാലത്തുപോലും ഒരു പെൺകുട്ടിക്ക് അവളുടെ പൂർണ സമ്മതത്തോടെ വിവാഹിതയാകാൻ കഴിയുന്നില്ലല്ലോ എന്നാണ് അവളോർമിച്ചത്. വീട്ടുകാർ ഒരാളെ കൊണ്ടുവന്നുനിർത്തുന്നു. ബാഹ്യമായ ചില ഘടകങ്ങൾ നോക്കി നല്ലതാണെന്നു കണ്ടെത്തുന്നു. ആ വിവാഹം നടത്തുന്നു. പെണ്ണുങ്ങൾക്ക് അവിടെ കൃത്യമായ തീരുമാനമെടുക്കാൻ പലപ്പോഴും കഴിയാറില്ല.

അന്നുരാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവൾ ജോമോനെ ഓർമിച്ചു. അവന്റെ വർത്തമാനം, ചിരി... രോഷ്നിക്ക് പതുക്കെപ്പതുക്കെ അവനോടു മാനസ്സികമായ ഒരു അടുപ്പം തോന്നി. കൊള്ളാം. ഒരുപക്ഷേ, എനിക്ക് അയാളെ ആത്മാർത്ഥമായി സ്നേഹിക്കാൻ കഴിഞ്ഞേക്കും. അവൾക്കു തോന്നി. വല്ലാത്തൊരു ആശ്വാസം ഉള്ളിൽ നിറഞ്ഞതുപോലെ അവൾക്ക് അനുഭവപ്പെട്ടു.

രോഷ്നിയുടെ മനസ്സമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതി നിശ്ചയിച്ചു.

*(തുടരും)*

# പാലാ രൂപത പ്രസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടനവും കാതോലിക്കാ ബാവയ്ക്കു സ്വീകരണവും

പാലാ രൂപത പതിമൂന്നാമത് പ്രിസ്ബിറ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനോദ്ഘാടനവും മലങ്കര ഓർത്തഡോക്സ് സഭാതലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്കു സ്വീകരണവും പാലാ ബിഷപ്സ് ഹൗസിൽ നടന്നു. പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഉദ്ഘാടനം കാതോലിക്കാ ബാവ നിർവഹിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആമുഖ പ്രസംഗം നടത്തി.

ദരിദ്രരുടെയും അനാഥരുടെയും നിസ്സഹായരുടെയും വേദനയകറ്റാൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും യോജിച്ചു പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നു കാതോലിക്കാ ബാവ പറഞ്ഞു. സുവിശേഷസന്ദേശം വേഗത്തിൽ പ്രചരിപ്പിക്കുവാൻ സഭകൾ തമ്മിലുള്ള സംവാദം വേദിയൊരുക്കും. ഈശോമിശിഹായുടെ വ്യക്തിത്വത്തിലേക്കു ശ്രദ്ധയൂന്നിയാൽ അനൈക്യത്തിന്റെയും വിഭാഗീയതയുടെയും അർത്ഥശൂന്യത വ്യക്തമാകുമെന്നും കാതോലിക്കാ ബാവ കൂട്ടിച്ചേർത്തു.

മലങ്കര ഓർത്തോഡോക്സ് സഭയുടെ പുതിയ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്കു മാർ ജോസഫ് കല്ലറങ്ങാട്ട് ആശംസകൾ അർപ്പിച്ചു.



പാലാ രൂപത പതിമൂന്നാമത് പ്രസ്ബിറ്ററൽ കൗൺസിൽ സമ്മേളനം മലങ്കര ഓർത്തഡോക്സ് സഭാതലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

ഓർത്തഡോക്സിയെ (ശരിയായ പ്രബോധനം) എക്കാലത്തും ഉയർത്തിപ്പിടിച്ച മഹനീയവ്യക്തിത്വമാണ് കാതോലിക്കാ ബാവയെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. യഥാർത്ഥ പ്രബോധനത്തിന്റെ പ്രഭയിൽ മാത്രമേ ദൈവത്തെ ആരാധിക്കാനും ലോകത്തെയും മനുഷ്യനെയും മാനിക്കാനും കഴിയൂവെന്ന് ബിഷപ് ഓർമപ്പെടുത്തി.

കാതോലിക്കാ ബാവയുടെ സന്ദർശനവും സമ്മേളനവും സഭൈക്യത്തിന്റെ ഉത്തമദൃഷ്ടാന്തമാണെന്ന് രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ സന്ദേശത്തിൽ പറഞ്ഞു. വികാരിജനറാൾമാരും പ്രസ്ബിറ്ററൽ കൗൺസിലേക്കു തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുത്തു. പ്രസ്ബിറ്ററൽ കൗൺസിലിന്റെ പുതിയ സെക്രട്ടറി റവ.ഡോ. ജോസഫ് കടുപ്പിൽ കൃതജ്ഞത പറഞ്ഞു.

# മുല്ലപ്പെരിയാർ

## കൊടുംചതിയുടെ നാൾവഴികൾ

*1-ാം പേജ് തുടർച്ച*

99 വർഷത്തെ പാട്ടക്കരാറാണെന്നു തെറ്റിദ്ധരിപ്പിച്ച് 999 വർഷത്തേക്കുള്ള പെരിയാർ ലീസ് എഗ്രിമെന്റായിരുന്നു തയ്യാറാക്കിവച്ചിരുന്നത്. 29.10.1886 ആയിരുന്നു ആ ദുർദിനം. തിരുവിതാംകൂറിനുവേണ്ടി ദിവാൻ വി. രാമയ്യങ്കാറും മദ്രാസ് പ്രസിഡൻസിക്കുവേണ്ടി പ്രവിശ്യാഗവർണറുടെ സെക്രട്ടറിയും പാട്ടക്കരാറിൽ ഒപ്പിട്ടു. കരാറിലേർപ്പെടാൻ ദിവാനു മൗനാനുവാദം നല്കിയ ശ്രീവിശാഖം തിരുനാൾ മഹാരാജാവ് ഉരുവിട്ട വാക്കുകൾ ചരിത്രമായി അവശേഷിക്കുന്നു: "എന്റെ ഹൃദയരക്തത്തിൽ മുക്കിയാണ് ഈ കരാറിൽ ഞങ്ങൾ ഒപ്പിടുന്നത്.'' ഇതായിരുന്നു ആദ്യത്തെ ചതി.

ഒരു രാഷ്ട്രീയതീരുമാനത്തിലൂടെയാണ് രണ്ടാമത്തെ ചതിക്കുഴിയിൽ നമ്മുടെ സംസ്ഥാനത്തെ തമിഴ്നാട് വീഴ്ത്തിയത്. സി. അച്യുതമേനോൻ കേരള മുഖ്യമന്ത്രിയായിരിക്കെ 1970 ലായിരുന്ന ആ സംഭവം. അദ്ദേഹം അംഗമായിരുന്ന സി.പി.ഐയ്ക്ക് തമിഴ്നാട്ടിൽ ഒരു പാർലമെന്റ് സീറ്റു വച്ചു നീട്ടിയപ്പോൾ അതിനുപ്രത്യുപകാരമായി പെരിയാർ ലീസ് എഗ്രിമെന്റ് പുതുക്കി നൽകുകയായിരുന്നു. 1954 മുതൽ മുൻകാലപ്രാബല്യത്തോടെ 999 വർഷത്തേക്ക് 29.05.1970 ൽ ഒപ്പുവച്ച കരാർ പ്രകാരം ലോവർ ക്യാമ്പിലെത്തുന്ന വെള്ളത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അനുവാദവും തമിഴ്നാടു നേടിയെടുത്തു. നിയമസഭയുടെയോ മന്ത്രിസഭയുടെയോ അനുമതിയില്ലാതെ സി. അച്യുതമേനോൻ ഏകപക്ഷീയമായി ഏർപ്പെട്ട പുതിയ കരാർ ബ്രിട്ടീഷുകാരുമായി ഒപ്പുവച്ച ആദ്യകരാറിന്റെ നഗ്നമായ ലംഘനമാണ്.

മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതിലെ ഏറ്റവും വലിയ വിലങ്ങുതടിയും ഈ നടപടിയാണ്. അണക്കെട്ട് ഇനിയും നൂറു വർഷംകൂടി ഇതേപടി നില്ക്കുമെന്നു വിധിയെഴുതിയ ഉന്നതാധികാരസമിതിയംഗം റിട്ട. ജസ്റ്റിസ് കെ.റ്റി. തോമസിന്റെയും അണക്കെട്ടിനു ബലക്ഷയമില്ലെന്നു പരസ്യമായും നിയമസഭയിലും ആവർത്തിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയന്റെയും നിലപാടുകൾ ചക്രപാതച്ചുഴിക്കു സമാനമാണ്. 10.10.1895 ൽ കമ്മീഷൻ ചെയ്യുമ്പോൾതന്നെ 50 വർഷം മാത്രം ആയുസ്സു നിശ്ചയിച്ച അണക്കെട്ട് ഏതൊരു പുതിയ ഡാമിനെക്കാളും ഉറപ്പുള്ളതാണെന്നു കഴിഞ്ഞദിവസം വീമ്പിളക്കിയ കെ.റ്റി. തോമസിന്റെ പ്രസ്താവന പരിഹാസ്യമായിത്തോന്നി. ഭൂകമ്പസാധ്യതയുള്ള സോൺ 3 ൽ സ്ഥിതിചെയ്യുന്നതിനാൽ ചെറിയ പ്രകമ്പനത്തിൽപ്പോലും അണക്കെട്ടു നിലംപൊത്തുമെന്നുള്ള വിദഗ്ധരുടെ പഠനറിപ്പോർട്ടുകൾ രണ്ടുപേരും കണ്ടില്ലെന്നാണോ മനസ്സിലാക്കേണ്ടത്. അണക്കെട്ട് ദുർബലമാണെന്ന വിവിധ ഐ.ഐ.റ്റികളുടെ കണ്ടെത്തലുകൾക്കു യാതൊരു വിലയും കല്പിക്കാത്ത മുഖ്യന്റെ ധാർഷ്ട്യം അംഗീകരിക്കാനാവില്ല. കാലപ്പഴക്കംകൊണ്ട് നിർമാണവസ്തുക്കളുടെ ഭൂരിഭാഗവും ഒലിച്ചുപോയതിനാൽ ഭാരനഷ്ടം മൂലം ഒരുകൽക്കെട്ടു മാത്രമായി മാറിയ അണക്കെട്ടുതകർന്നാൽ മധ്യകേരളത്തിലെ നാലു ജില്ലകൾ നാമാവശേഷമാകും. കുത്തിയൊഴുകുന്ന വെള്ളപ്പാച്ചിലിൽ 50 ലക്ഷം പേരുടെയെങ്കിലും ജീവൻ നഷ്ടമാകും. ലക്ഷക്കണക്കായ മറ്റു ജീവജാലങ്ങളെയും വസ്തുവകകളെയും അറബിക്കടൽ വിഴുങ്ങും.

ഇവയെല്ലാം ജനങ്ങളെ ഭീതിയിലാക്കുന്ന വ്യാജവാർത്തകളാണെന്നും ജനങ്ങളെ ഭയപ്പെടുത്തുന്ന ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരേ നിയമനടപടികൾ സ്വീകരിക്കുമെന്നും ഭീഷണി ഉയർത്താൻ മുഖ്യൻ മറന്നില്ല. പിണറായി വിജയനും കെ.റ്റി. തോമസിനും ഇവിടത്തെ സാധാരണ ജനങ്ങൾ ഉന്നയിക്കുന്ന ഒന്നുരണ്ടു ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകാൻ ബാധ്യതയുണ്ട്.

ചോദ്യം 1:കേന്ദ്ര വാട്ടർ കമ്മീഷനിലെ പരിചയസമ്പന്നരായ എഞ്ചിനീയർമാരും ഡൽഹി / റൂർക്കി ഐ.ഐ.റ്റികളിലെ സാങ്കേതികവിദഗ്ധരും മുല്ലപ്പെരിയാർ അണക്കെട്ട് അതീവദുർബലമാണെന്നു സാക്ഷ്യപ്പെടുത്തിയിട്ടും നിങ്ങളുടെ കണ്ണുകളിൽ മാത്രം അതു ബലവത്തായി നില്ക്കുന്നതെങ്ങനെ?



ചോദ്യം 2 : അണക്കെട്ട് മൂന്നു തവണ ബലപ്പെടുത്തിയിട്ടുണ്ടെന്ന തമിഴ്നാടിന്റെ അവകാശവാദത്തിൽ എത്രമാത്രം സത്യമുണ്ട്? പുറംഭിത്തിക്ക് അധിക ബലം നല്കാൻ കോൺക്രീറ്റ് ഭിത്തി കെട്ടുകയും കോൺക്രീറ്റു പയോഗിച്ച് 374 മീറ്റർ നീളത്തിൽ ക്യാപിങ് നടത്തുകയും 102 ഉരുക്കുസിലിണ്ടറുകൾ അടിത്തട്ടിൽവരെയിറക്കി കേബിൾ ആങ്കറിങ് നടത്തിയതും നിങ്ങൾ നേരിട്ടു പരിശോധിച്ചു ബോധ്യപ്പെട്ടിട്ടുണ്ടോ? ഇവിടത്തെ ഒരു ഉദ്യോഗസ്ഥനെപ്പോലും എന്തിനേറെ, സ്ഥലം എം.പി. യെപ്പോലും അണക്കെട്ടിനടുത്തേക്കു കടത്തിവിടാത്ത സാഹചര്യമല്ലേ നിലനില്ക്കുന്നത്?

ഏറ്റവുമൊടുവിലിതാ, ബേബി ഡാം ബലവത്താക്കാനെന്നപേരിൽ 15 വൻമരങ്ങൾ മുറിച്ചുനീക്കാനുള്ള അനുമതിയും തമിഴ്നാട് നേടിയെടുത്തിരിക്കുന്നു. പ്രധാന അണക്കെട്ടുപോലെതന്നെ എർത്തുഡാമും ബേബി ഡാമും ബലക്ഷയം ബാധിച്ചവയാണെന്ന കുറ്റസമ്മതമല്ലേ ഈ നടപടിയിലൂടെ വ്യക്തമാകുന്നത്. മുഖ്യമന്ത്രിയോ, വനം-ജലവിഭവവകുപ്പുമന്ത്രിമാരോ അറിയാതെ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വയമെടുത്ത തീരുമാനമാണിതെന്നു വിശ്വസിക്കാൻ പ്രയാസമാണ്. തമിഴ്നാട് ജലവിഭവവകുപ്പുമന്ത്രി ദുരൈമുരുകൻ നേതൃത്വം നൽകിയ മന്ത്രിതല സംഘം മുല്ലപ്പെരിയാർ പ്രദേശം സന്ദർശിച്ചതിനു തൊട്ടുപിന്നാലെയാണ് തീരുമാനമെടുത്തതെന്നതും ദുരൂഹത വർദ്ധിപ്പിക്കുന്നു. വർഷങ്ങളായുള്ള തമിഴ്നാടിന്റെ ആവശ്യം അംഗീകരിച്ച മുഖ്യമന്ത്രി പിണറായി വിജയനെ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ നന്ദിയറിയിച്ചതും സംശയം ജനിപ്പിക്കുന്നുണ്ട്.

തിരുവിതാംകൂർ മഹാരാജാവ് പാട്ടത്തിനു നല്കിയ 2100 ഏക്കർ സ്ഥലവും തങ്ങൾക്ക് തീറെഴുതിക്കിട്ടിയതുപോലുള്ള തമിഴ്നാടിന്റെ സമീപനം അംഗീകരിച്ചുകൊടുക്കാനാവില്ല. തമിഴ്നാട്ടിലെ ഗൂഡല്ലൂർ എന്ന ചെറിയ പട്ടണത്തിൽനിന്നുള്ള രസകരമായ ഒരു വാർത്ത കഴിഞ്ഞ ദിവസത്തെ പത്രങ്ങളിൽ വന്നത് ഗൗരവമായി കാണേണ്ടതുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം കാണുന്നതിന് ഇടുക്കി ജില്ലയെ തമിഴ്നാട്ടിൽ ലയിപ്പിക്കുകയാണു വേണ്ടത്. തേനി, മധുര, ഡിണ്ടിഗൽ, ശിവഗംഗ, രാമനാഥപുരം ജില്ലകളിലെ ജനങ്ങളുടെ ഉപജീവനമാർഗമാണ് മുല്ലപ്പെരിയാർ അണക്കെട്ട്. പീരുമേട് ഉൾപ്പെടെയുള്ള പ്രദേശങ്ങളും തമിഴ്നാടുമായി സംയോജിപ്പിക്കണം. അണക്കെട്ടിനെക്കുറിച്ച് തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരേ നടപടിയെടുക്കുകയും തമിഴ്നാടിന്റെ അവകാശങ്ങൾ വീണ്ടെടുക്കുകയും വേണം. ഗൂഡല്ലൂരിലെ വിവിധ കർഷകസംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച റാലിയിലും പൊതുസമ്മേളനത്തിലും ആയിരങ്ങളാണു പങ്കെടുത്തത്.

ബേബി ഡാമിനടുത്തുള്ള മരങ്ങൾ മുറിച്ചുനീക്കാനുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ വിവാദ ഉത്തരവ് റദ്ദാക്കിയെന്നതാണ് എറ്റവും പുതിയ വാർത്ത. നവംബർ 5 ൽ പുറത്തിറക്കിയ ഈ ഉത്തരവ് മുഖ്യമന്ത്രിയോ മന്ത്രിമാരോ അറിഞ്ഞിട്ടില്ലെന്നാണ് സർക്കാർവാദം. ഏറ്റവും ഗൗരവമുള്ള ഒരു വിഷയം ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്ത മുഖ്യന്റെയും മന്ത്രിമാരുടെയും 'അതിബുദ്ധി' കണ്ട് പൊതുജനം അന്തംവിട്ടിരിക്കുകയാണ്. ബേബി ഡാംകൂടി ബലപ്പെടുത്തി ജലനിരപ്പ് 152 അടിയിലേക്ക് ഉയർത്താനുള്ള തമിഴ്നാടിന്റെ നിഗൂഢലക്ഷ്യങ്ങൾക്ക് ഒത്താശചെയ്യുന്നത്, സുപ്രീംകോടതിയിലെ നമ്മുടെ വാദഗതികൾ പരാജപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുകയേയുള്ളൂ.

സംസ്ഥാനം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ദുരന്തസാധ്യത മുന്നിൽക്കണ്ട് പുതിയൊരു ഡാം നിർമിക്കുകയും പഴയതു പൊളിച്ചുകളയുകയുമാണ് ഏക പോംവഴി. പുതിയ അണക്കെട്ടു നിർമിക്കുമ്പോൾ തമിഴ്നാടിനു നൽകിക്കൊണ്ടിരിക്കുന്ന വെള്ളം തുടർന്നും കൊടുക്കുമെന്ന് ഒരു പുതിയ കരാറിലൂടെ ഉറപ്പും നൽകണം. ജനങ്ങളുടെയും വസ്തുവകകളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷയാണ് നമുക്കു പ്രധാനം. ■

# വശ്യഭൂമികയുടെ ചാരുതയിൽ



സിൽജി ജെ. ടോം

**മീ**നച്ചിലാറ്റിലെ കുഞ്ഞോളങ്ങളും പച്ചപ്പട്ടു പുതച്ച പാടങ്ങളും ചാരുത പകരുന്ന, അരുന്ധതി റോയിയുടെ 'ദ് ഗോഡ് ഓഫ് സ്മോൾ തിങ്സി'ലൂടെ പ്രശസ്തമായ അയ്മനം എന്ന കൊച്ചുഗ്രാമം വശ്യഭംഗിയുടെ കാഴ്ചവിരുന്നൊരുക്കി രാജ്യാന്തരപ്രശസ്തിയിലേക്ക്. അയ്മനം ഉത്തരവാദിത്വടൂറിസം പദ്ധതിയെ തേടിയെത്തിയ അന്താരാഷ്ട്രപുരസ്കാരം കേരള ടൂറിസത്തിനുതന്നെ ഉണർവു പകർന്നുകഴിഞ്ഞു.

വളഞ്ഞുപുളഞ്ഞൊഴുകുന്ന കനാലുകളും അവയിലൂടെ മന്ദം മന്ദം നീങ്ങുന്ന തോണികളും ശിക്കാരിവള്ളങ്ങളും ഈ മനോഹരനാട്ടിലേക്കു ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കാഴ്ചകളാണ്. നാട്ടുകാരെ ഉൾപ്പെടുത്തിയുള്ള ടൂർ പാക്കേജുകളും മാലിന്യ സംസ്കരണവുമായി അയ്മനം സഞ്ചാരികളെ ക്ഷണിച്ചപ്പോൾ രാജ്യാന്തര അംഗീകാരവും തേടിയെത്തി.

ഇന്ത്യയിലെ ഉത്തരവാദിത്വ ടൂറിസം പദ്ധതികളിൽ സന്ദർശിക്കേണ്ടത് (World Travel Market Responsible Tourism One to Watch Award) എന്ന വിഭാഗത്തിലാണ് അയ്മനം പഞ്ചായത്തിനെയും പദ്ധതിയെയും അംഗീകാരവഴികളിലേക്കു തിരഞ്ഞെടുത്തത്.

കനാലുകളിലൂടെ കടന്നുപോകുന്ന തോണികളും കേരളീയവാസ്തുവിദ്യയിൽ നിർമിച്ച മനോഹരമായ വീടുകളും വിനോദസഞ്ചാരികൾക്കു മികച്ച അനുഭവം പകരുന്ന മനോഹരമായ ഹോംസ്റ്റേകളും വേമ്പനാട് കായലിനോടു ചേർന്നുകിടക്കുന്ന ഇവിടെ സഞ്ചാരികളെ കാത്തിരിക്കുന്നു.

കൊവിഡും തുടരെയെത്തുന്ന പ്രളയക്കെടുതികളും കാലാവസ്ഥാമാറ്റത്തിന്റെ ആഘാതവും ഏല്പിച്ച തകർച്ചകളെ മറികടക്കാനുള്ള ശ്രമത്തിനിടെ അയ്മനത്തിനു ലഭിച്ച അംഗീകാരം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ വിനോദസഞ്ചാരരംഗത്തിന് ഉണർവു പകരുമെന്നുറപ്പാണ്.

2018 ഏപ്രിൽ മുതൽ 2020 മാർച്ച് 31 വരെ നടന്ന പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിച്ചത്. ഇതോടെ കുമരകത്തിനു പിന്നാലെ കോട്ടയം ജില്ലയിലെ അടുത്ത ഉത്തരവാദിത്വടൂറിസം കേന്ദ്രമായി മാറിയിരിക്കുകയാണ് അയ്മനം ഗ്രാമം.

അയ്മനത്തെ മാതൃകാ ഉത്തരവാദിത്വടൂറിസം ഗ്രാമമായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ച് 14 മാസങ്ങൾക്കു ശേഷമാണ് പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിക്കുന്നത്. പ്രാദേശികജനതയെ വരുമാനം നേടുന്നതിനു സഹായിക്കുന്ന തരത്തിൽ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ പരിസ്ഥിതിസംരക്ഷണത്തിന് ഊന്നൽ നൽകുന്ന ടൂറിസം മാർഗനിർദേശങ്ങൾ പൂർണമായും നടപ്പിലാക്കിയതിനുമാണ് പഞ്ചായത്തിനെ അവാർഡിനായി തിരഞ്ഞെടുത്തത്.

കൊവിഡിൽ തളർന്ന വിനോദസഞ്ചാരമേഖലയെ ഉണർത്താൻ പുരസ്കാരം കേരളത്തെ കൂടുതൽ പ്രാപ്തമാക്കുമെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. വിനോദസഞ്ചാരഭൂപടത്തിൽ കേരളത്തിനുള്ള അന്താരാഷ്ട്ര ആകർഷണം നിലനിർത്താൻ അവാർഡ് സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഉത്തരവാദിത്വടൂറിസം പ്രവർത്തനങ്ങളെ സമ്പൂർണമായി പഞ്ചായത്തുപദ്ധതികളുമായി സംയോജിപ്പിച്ചു നടപ്പിലാക്കുന്ന മാതൃക ഉത്തരവാദിത്വഗ്രാമം പദ്ധതി, സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കി വിജയിപ്പിച്ച പഞ്ചായത്താണ് അയ്മനം. പ്രാദേശികജനതയെ വരുമാനം നേടുന്നതിനു സഹായിക്കുന്ന തരത്തിൽ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം വിനോദസഞ്ചാരകേന്ദ്രങ്ങളുടെ പരിസ്ഥിതിസംരക്ഷണത്തിന് ഊന്നൽ നൽകുന്ന ടൂറിസം മാർഗനിർദേശങ്ങൾ പൂർണമായും നടപ്പാക്കിയതിനുമാണ് പഞ്ചായത്തിനെ അവാർഡ് തേടിയെത്തുന്നത്.

വനിത ടൂർ കമ്മ്യൂണിറ്റി പാക്കേജുകൾ നടപ്പാക്കിയും അയ്മനം ടൂറിസം റിസോഴ്സ് ഡയറക്ടറിയും തദ്ദേശവാസികളെ ഉൾപ്പെടുത്തി പ്രചാരണ വീഡിയോകളും തയ്യാറാക്കിയും വിനോദസഞ്ചാരികളുടെ ബുക്കിങ് ഉറപ്പാക്കിയും ടൂറിസം മേഖല പ്ലാസ്റ്റിക് വിമുക്തമാക്കിയും ഹൗസ് ബോട്ടുകൾ, ശിക്കാരകൾ, മോട്ടോർ ബോട്ടുകൾ, റിസോർട്ടുകൾ എന്നിവ പ്ലാസ്റ്റിക് വിമുക്തമാക്കിയും ആമ്പൽ ഫെസ്റ്റ് നടത്തി ആഭ്യന്തരസഞ്ചാരികളെ ആകർഷിച്ചും അയ്മനം നേട്ടങ്ങളിലേക്കു നടന്നുകയറുകയായിരുന്നു. പ്രദേശത്തെ ഉത്സവങ്ങളും കലാരൂപങ്ങളും ഉൾപ്പെടുത്തി കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകളൊരുക്കിയും ഓലമെടയൽ, ചൂണ്ടയിടീൽ, വലവീശൽ, കയർ പിരിക്കൽ തൊഴിലുകളെ ടൂറിവുമായി ബന്ധിപ്പിച്ച്, ഇവ കാണുവാനും ചെയ്യുവാനും സഞ്ചാരികൾക്ക് അവസരമുണ്ടാക്കിയും സഞ്ചാരികളെ ആകർഷിച്ചു. സഞ്ചാരികളെ പുരാതന ക്ഷേത്രങ്ങളിലും പള്ളികളിലും കൊണ്ടുപോയി. ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി ശുചീകരണപ്രവർത്തനങ്ങൾ നടത്തി. സഞ്ചരിക്കുന്ന ശുചിമുറി, പരിസ്ഥിതി സൗഹൃദ ടൂർ പാക്കേജ് എന്നിവയും പഞ്ചായത്ത് ടൂറിസ്റ്റുകൾക്കായി ഒരുക്കി.

**പുതുപദ്ധതികളുമായി സംസ്ഥാന ടൂറിസം മേഖല**

കൊവിഡ് കാലത്ത് സ്തംഭിച്ചുപോയ വിനോദസഞ്ചാര മേഖലയെ പഴയ പ്രതാപത്തിലേക്കു തിരിച്ചെത്തിക്കുക മാത്രമല്ല, പുത്തൻ ആശയങ്ങളിലൂടെ കൂടുതൽ ആകർഷകമാക്കാനുള്ള പദ്ധതികളും സംസ്ഥാനസർക്കാർ ലക്ഷ്യമിടുന്നു.

2017–18 ൽ സംസ്ഥാന ടൂറിസം മേഖല നേടിയ വരുമാനം 36,000 കോടി രൂപയായിരുന്നു. 2018 – 19 ൽ അത് 40,000 കോടിയായി. 2019–20 ൽ 45,000 കോടി പ്രതീക്ഷിച്ചെങ്കിലും കൊവിഡ് ഭീതിമൂലം 35,000 കോടിയിലൊതുങ്ങി. 2020–21 ൽ 50,000 കോടി രൂപയ്ക്കുമേൽ പ്രതീക്ഷിച്ചിരിക്കേയായിരുന്നു കൊവിഡ് പ്രതീക്ഷകൾ തകർത്തത്. 20 ലക്ഷം പേർ നേരിട്ടും പരോക്ഷമായും ഹോംസ്റ്റേ, റിസോർട്ടുകൾ, ഹോട്ടലുകൾ, ടൂറിസത്തെ ആശ്രയിച്ചുകഴിയുന്ന വഴിയോരക്കച്ചവടമേഖല തുടങ്ങിയവയിൽ പ്രവർത്തിക്കുന്നുണ്ട്. ടൂറിസം നിലച്ചതോടെ ഇവരുടെ വരുമാനവും ഇല്ലാതായിരുന്നു. ഇത്തവണ (2021 ഏപ്രിൽ – സെപ്തംബർ) കാലത്ത് 22.54 ലക്ഷം ആഭ്യന്തര സഞ്ചാരികളും 15,000 വിദേശികളും വന്നുവെന്നാണ് ടൂറിസം വകുപ്പിന്റെ കണക്ക്. ഫാം ടൂറിസം, കാരവൻ ടൂറിസം തുടങ്ങിയ പദ്ധതികളിലൂടെ കൂടുതൽ ആഭ്യന്തര – വിദേശ സഞ്ചാരികളെ ആകർഷിക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ടൂറിസം മേഖല ആലസ്യം വിട്ടു സജീവമായി ത്തുടങ്ങി. പ്രധാന ടൂറിസം കേന്ദ്രങ്ങളിലെല്ലാം വാരാന്ത്യങ്ങളിൽ വൻ തിരക്കുണ്ട്. നിയന്ത്രണങ്ങൾ അയയുന്നതോടെ മറ്റു സംസ്ഥാനക്കാരും വരുമെന്നു പ്രതീക്ഷിക്കുന്നു. വിമാനസർവീസുകൾ വീണ്ടും സജീവമാകുന്നതോടെ വിദേശികൾ നേരിട്ടെത്താനും സഹായിക്കും. അഞ്ചുലക്ഷം പേർക്ക് സൗജന്യ വീസ അനുവദിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്കും ആകർഷിക്കുമെന്നാണ് പ്രതീക്ഷ.

1,200 ആഭ്യന്തരസഞ്ചാരികളുമായി കൊർഡേലിയ എന്ന ആഡംബരക്കപ്പൽ കൊച്ചിയിലെത്തിയതോടെയാണ് ടൂറിസം മേഖല ഉണർന്നത്. സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, തേക്കടി, ആലപ്പുഴ, കുമരകം എന്നിവയൊക്കെ സാധാരണനിലയിലേക്കു തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

കെട്ടുവള്ളങ്ങൾക്കും ഹൗസ് ബോട്ടുകൾക്കും പിന്നാലെ യാത്രയിൽ വീടുതന്നെ ഒപ്പം വന്നതുപോലെ തോന്നുന്നവിധം സംസ്ഥാന ടൂറിസം വകുപ്പ് ഒരുക്കിയ കാരവൻ ടൂറിസം പദ്ധതിയും സഞ്ചാരികളെ ആകർഷിക്കുമെന്നുറപ്പ്. യാത്ര ചെയ്യുമ്പോൾ എന്തൊക്കെ സൗകര്യങ്ങളാണോ ഒരു സഞ്ചാരി ആഗ്രഹിക്കുന്നത് അതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള യാത്രയൊരുക്കുന്ന കാരവൻ ടൂറിസം പദ്ധതി വിനോദസഞ്ചാരമേഖലയെ ഉണർത്തുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പ്രഖ്യാപിച്ചു.

രണ്ടു പേർക്കും നാലുപേർക്കും സഞ്ചരിക്കാൻ സൗകര്യമുള്ള വാഹനങ്ങളാണ് ടൂറിസം ഡിപ്പാർട്ട്മെന്റ് യാത്രാസ്നേഹികൾക്കായി ഒരുക്കിയിരിക്കുന്നത്. വിനോദസഞ്ചാരികൾക്ക് ഒരു ടൂറിസം കേന്ദ്രത്തിൽ ലഭിക്കുന്ന സൗകര്യങ്ങൾ ഒരു വണ്ടിയിൽ ഒരുക്കുന്നതാണ് കാരവൻ ടൂറിസം. പകൽയാത്രയും രാത്രിയാത്രയും വണ്ടിയിൽ തന്നെ വിശ്രമവും എന്ന രീതിയിലാണ് പദ്ധതി സർക്കാർ നടപ്പാക്കുന്നത്.

കൊവിഡിന്റെ തളർച്ചയുടെ ദിനങ്ങൾ വിട്ട് അംഗീകാരത്തിളക്കത്തിൽ പുതുപദ്ധതികളുമായി സഞ്ചാരികളെ ആകർഷിക്കാൻ ദൈവത്തിന്റെ സ്വന്തം നാടിനാവട്ടെ. ■






**നവംബർ 21**
**പള്ളിക്കൂദാശ**
**നാലാം ഞായർ**

1 രാജാ 6:11–19
എസെ 43:1–7
ഹെബ്രാ 9:16–28
മത്താ 22:41–46

# ഈശോ നാഥനും രാജാവും



ഫാ. ഡോ. ജോസഫ് കരികുളം


ജറുസലേം ദൈവാലയം പണിതുകൊണ്ടിരുന്ന സോളമൻ രാജാവിനുണ്ടായ കർത്താവിന്റെ അരുളപ്പാടോടുകൂടിയാണ് (1 രാജാ 6:11–19) പള്ളിക്കൂദാശക്കാലം അവസാനഞായറാഴ്ചത്തെ വായനകൾ ആരംഭിക്കുന്നത്. തനിക്കുവേണ്ടി സോളമൻ പണിയുന്ന ഭവനത്തിൽ വസിക്കാൻ ദൈവം വയ്ക്കുന്ന നിബന്ധന ശ്രദ്ധേയമാണ്. ഇസ്രായേൽജനം ദൈവത്തിന്റെ "ചട്ടങ്ങൾ ആചരിച്ചും അനുശാസനങ്ങൾ അനുസരിച്ചും കല്പനകൾ പാലിച്ചും നടന്നാൽ... ഞാൻ ഇസ്രായേൽ മക്കളുടെ മധ്യേ വസിക്കും" (6:12–13). 14–ാം വാക്യത്തിൽ നാം വായിക്കുന്നു: "സോളമൻ ദൈവാലയത്തിന്റെ പണി പൂർത്തിയാക്കി" സോളമന് ദൈവത്തിന്റെ വ്യവസ്ഥ സ്വീകാര്യമായിരുന്നു! ഇസ്രായേലിന്റെ കർത്താവിനെ ഏറ്റവുമധികം സ്നേഹിക്കുകയും ആരാധിക്കുകയും അവിടുത്തെ മുമ്പിൽ എളിമയോടെ നിൽക്കുകയും ചെയ്ത സോളമൻരാജാവിന് ദൈവത്തിന്റെ ഈ വ്യവസ്ഥ സ്വീകാര്യമാകാതിരിക്കാൻ തരമില്ലതന്നെ.

എന്നാൽ, അധികം വൈകാതെതന്നെ സോളമൻ രാജാവിന്റെ ചാപല്യങ്ങൾ അദ്ദേഹത്തെ വിഗ്രഹാരാധനയിലേക്കു നയിക്കുന്നതോടെ ഇസ്രായേലിൽ കുടികൊണ്ടിരുന്ന ദൈവമഹത്ത്വം പിൻവാങ്ങുകയും രാജ്യത്ത് അസ്ഥിരതകൾ ഉണ്ടാകുകയും ചെയ്യുന്നത് (1 രാജാ. 11:1–8; 12,20) നാം കാണുന്നുണ്ട്. മനോഹരവും ബൃഹത്തുമായ ഒരു കെട്ടിടം നിർമിച്ച് അതിൽ കുടിയിരുത്തിയാൽ നിരന്തരം അതിലായിരിക്കുന്ന നിർജീവമായ വിഗ്രഹമല്ല, ദൈവത്തിന്റെ മഹത്ത്വം. സജീവനായ ദൈവം പ്രവർത്തനനിരതനും തന്നോടു വിശ്വസ്തത പുലർത്തുന്നവനോടു നീതി പ്രവർത്തിക്കുന്നവനുമാണ്. തന്നെ ആരാധിക്കാൻ കടപ്പെട്ട ജനത തന്റെ മാർഗത്തിൽ തന്റെ കല്പനകൾ അനുസരിച്ചു ജീവിച്ചാൽ മാത്രമേ ജീവനുള്ള ദൈവത്തിന്റെ മഹത്ത്വം അവരിൽ വസിക്കുകയുള്ളൂ. ജറൂസലേം ദൈവാലയത്തിന് ദൈവമഹത്ത്വം നഷ്ടപ്പെടുന്നതിനു പ്രധാന കാരണം ഇസ്രായേൽ ജനം ദൈവത്തെ, അവിടുത്തെ കല്പനകളെ മറന്നുപോയി എന്നതാണ്. സോളമൻ രാജാവിന്റെ വിഗ്രഹാരാധന തുടങ്ങി, ഇസ്രായേൽ ജനം നടത്തുന്ന അനീതി പ്രവർത്തനങ്ങൾ ഓരോന്നും ഇസ്രായേലിലുള്ള, ദൈവാലയത്തിലുള്ള ദൈവമഹത്ത്വത്തെ ഇല്ലാതാക്കുന്ന സാഹചര്യങ്ങളാണ്. ജറൂസലേംദൈവാലയമാകുന്ന കെട്ടിടം 'പിതാവിന്റെ ആലയമായി' മാറുന്നത് അവിടുത്തെ മഹത്ത്വം നിറയുന്നതിനാലാണ്. അതിനെ പിതാവിന്റെ ഭവനം അല്ലാതാക്കിമാറ്റുന്നത് ഇസ്രായേൽജനത്തിന്റെ അനീതിപരമായ പ്രവൃത്തികളുമാണ്. പിതാവിന്റെ ആലയത്തിലെ ദൈവമഹത്ത്വത്തെക്കുറിച്ച് ജനത്തെ വീണ്ടുമോർമിപ്പിക്കുന്നത് ഈശോയാണ് (മത്താ. 24:2; മർക്കോ. 13:2; യോഹ. 2:19).

ദൈവത്തിന്റെ മഹത്ത്വം ദൈവാലയത്തിൽ ആവസിക്കാൻ കിഴക്കുനിന്നു വരുന്നതാണ് എസക്കിയേൽ പ്രവാചകനുണ്ടായ ദർശനം (രണ്ടാം വായന – എസ. 43:1–7). ആരാധനക്രമത്തിൽ വളരെയേറെ പ്രാധാന്യം വഹിക്കുന്ന കിഴക്കുദിക്കിന്റെ ദൈവശാസ്ത്രപരമായ ശ്രേഷ്ഠത നമുക്കറിവുള്ളതാണല്ലോ.

ദൈവമഹത്ത്വം വർണനാതീതവും അതീന്ദ്രിയവുമാകുന്നത് പഴയ നിയമത്തിലും പുതിയ നിയമത്തിലും നമുക്കു കാണാനാവും. ദൈവാലയം മുഴുവൻ നിറഞ്ഞുനില്ക്കുന്ന വസ്ത്രാഞ്ചലം (ഏശയ്യ 6:1), കൂടാരത്തിനകത്തേക്ക് മോശയ്ക്കു പ്രവേശിക്കാൻ കഴിയാത്തവിധം സാന്ദ്രമായ മേഘം (പുറ. 40:35), ഭൂമി നിറഞ്ഞിരിക്കുന്ന തേജസ് (എസ. 43:2) എന്നിങ്ങനെ മനുഷ്യസാധ്യമായ വാക്കുകൾകൊണ്ട് ദൈവമഹത്ത്വത്തെ വർണിക്കാനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ ദൈവമഹത്ത്വത്തിന്റെ സാന്നിദ്ധ്യത്താൽ അതു ദർശിക്കുന്നവർക്ക് മോഹാലസ്യംവരെയുണ്ടാകുന്നുണ്ട് (മത്താ. 17:6). അത്രയധികം മഹത്തരവും മനുഷ്യമനസ്സിന് അഗ്രാഹ്യവും സങ്കല്പാതീതവുമാണ് ദൈവത്തിന്റെ സാന്നിധ്യം. പഴയനിയമ ദൈവാലയത്തിൽനിന്ന് പുതിയ നിയമ ദൈവാലയത്തിലേക്ക് ഈശോയിലൂടെ നടന്ന മാറ്റത്തിലും അവിടുത്തെ ശരീരമായ, പുതിയ ജറൂസലേമായ സഭയിലും അതേ മഹത്ത്വം തന്നെ കുടികൊള്ളുന്നു. ജറൂസലേംദൈവാലയം ഇല്ലാതായതുകൊണ്ട് ലോകത്തിലെ ദൈവമഹത്ത്വത്തിന്റെ സാന്നിധ്യം ഇല്ലാതാകുന്നില്ല. മറിച്ച്, കൂടുതൽ ശക്തവും ദൃഢവുമായി ഈശോയുടെ ശരീരമാകുന്ന സഭയിൽ ദൈവമഹത്ത്വം നിറഞ്ഞുനില്ക്കുന്നു.

സഭയെന്നാൽ മിശിഹായുടെ ശരീരമാണെന്നും അതിൽ നിറഞ്ഞിരിക്കുന്ന ദൈവമഹത്ത്വം അവർണനീയമാണെന്നും അറിയണം. അതിനൊപ്പം മാമ്മോദീസാ സ്വീകരിച്ച ഓരോ ദൈവപൈതലും ഈശോയുടെ ശരീരത്തിലെ അവയവങ്ങളാണ് (അംഗങ്ങൾ) എന്നു തിരിച്ചറിയുമ്പോഴേ അല്മായ/വൈദിക/സന്ന്യസ്തഭേദമില്ലാതെ എല്ലാവരും ചേർന്നിരിക്കുന്ന സഭാശരീരത്തിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയൂ.




പഴയ നിയമത്തിലെ രക്തം ചിന്തിയുള്ള ബലിയുടെ ന്യൂനതകളും പുതിയ നിയമത്തിൽ ഈശോ സ്വന്തരക്തം ചിന്തി ബലിയർപ്പിച്ചത് എങ്ങനെയാണ് ബലിയർപ്പണത്തിന്റെ പൂർണതയാകുന്നതെന്നും ഹെബ്രായർക്കുള്ള ലേഖനം സമർത്ഥിക്കുന്നു (ഹെബ്രാ. 9:16–28). ബലികൾ പല പ്രാവശ്യം അർപ്പിക്കേണ്ടിവരിക, ശുദ്ധീകരണത്തിനായി കാളക്കുട്ടികളുടെയും ആടുകളുടെയും രക്തം ഉപയോഗിക്കുക, പുരോഹിതൻ പരികർമിമാത്രമാവുക, ബലിവസ്തുക്കളും ബലിയർപ്പകനും തമ്മിൽ ബന്ധമില്ലാതിരിക്കുക തുടങ്ങിയ വലിയ ന്യൂനതകൾ പഴയ നിയമബലിയർപ്പണത്തിനുണ്ടായിരുന്നു. ഈശോമിശിഹായുടെ ബലിയിൽ ബലിവസ്തുവും ബലിയർപ്പകനും ഒന്നാകുകയും എല്ലാവർക്കുംവേണ്ടി ഒരിക്കൽമാത്രം ബലിയർപ്പിക്കുകയും ചെയ്തപ്പോഴാണ് പഴയ നിയമബലിയുടെ ന്യൂനതകൾ പരിഹരിച്ച് പുതിയ നിയമബലി യാഥാർത്ഥ്യമാകുന്നത്. എന്നാൽ, മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ ബലിതന്നെയാണ്. ബലിയർപ്പകനും ബലിവസ്തുവുമായ ഈശോമിശിഹാതന്നെയാണ് പരി. കുർബാനയിലും സന്നിഹിതനാകുന്നത്.

ഈ ലോകത്തിലെ തന്റെ (മിശിഹാ) സാന്നിധ്യത്തെക്കുറിച്ച് യഹൂദജനത്തെയും അവരുടെ നേതാക്കന്മാരെയും ഈശോ ഓർമിപ്പിക്കുന്ന അവസരമാണ് സുവിശേഷത്തിൽ നാം കാണുന്നത് (മത്താ. 22:41–46). ദാവീദിന്റെ പുത്രനായി മിശിഹാ ജനിക്കുമെന്ന പ്രവചനം ഫരിസേയർക്കു നന്നായി അറിയാം.

> **സജീവനായ ദൈവം പ്രവർത്തനനിരതനും തന്നോടു വിശ്വസ്തത പുലർത്തുന്നവനോടു നീതി പ്രവർത്തിക്കുന്നവനുമാണ്. തന്നെ ആരാധിക്കാൻ കടപ്പെട്ട ജനത തന്റെ മാർഗത്തിൽ തന്റെ കല്പനകൾ അനുസരിച്ചു ജീവിച്ചാൽ മാത്രമേ ജീവനുള്ള ദൈവത്തിന്റെ മഹത്ത്വം അവരിൽ വസിക്കുകയുള്ളൂ.**


ഈശോയിൽ പൂർത്തിയാകുന്നത് തിരിച്ചറിയാത്ത യഹൂദമത നേതാക്കന്മാർക്ക് ഈ മാറ്റങ്ങളെ തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നതു യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ ഈ മാറ്റത്തിന്റെ രുചിയനുഭവിക്കാൻ അവർക്കു കഴിഞ്ഞില്ല.

ഒരിക്കൽ മാത്രം അർപ്പിക്കപ്പെട്ട ഏകബലി ലോകമെങ്ങും അനുദിനം അർപ്പിക്കപ്പെടുന്നു എന്ന് നാം അവകാശപ്പെടുന്നതിന്റെ സാംഗത്യവും ഇന്നു ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അതിനുത്തരം നല്കേണ്ടതും കത്തോലിക്കരായ നമ്മുടെ കടമയാണ്. "ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ" എന്ന ഈശോയുടെ കല്പനയാണ് ആദ്യം നാം ഓർമിക്കേണ്ടത്. അതു'പോലെ' ചെയ്യുന്നതോ, നമ്മൾ 'തന്നെ' ചെയ്യുന്നതോ അല്ല; ഈശോ നടത്തിയ ആത്മബലിയുടെ പുനരാവിഷ്കാരവവുമല്ല; അത് ഈശോയുടെ പക്ഷേ, ഈശോയുടെ വാക്കുകൾ അവരെ നയിക്കുന്നത് മറ്റൊരു ചോദ്യത്തിലേക്കാണ്. സങ്കീർത്തനം 110:1 ലെ ദാവീദിന്റെ വചനങ്ങളാണ് ഈശോ പറയുന്നത്: "കർത്താവ് എന്റെ കർത്താവിനോട് അരുൾ ചെയ്തു: "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്കു കീഴിലാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഉപവിഷ്ടനാകുക" (മത്താ. 22:44). ഇതിൽ 'കർത്താവ്' എന്ന പ്രയോഗം പിതാവിനെയും 'എന്റെ കർത്താവ്' എന്ന പ്രയോഗം മിശിഹായെയുംകുറിച്ചാണെന്ന് ഇസ്രായേൽ ജനം വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ, പിതാവ് (ദാവീദ്) എങ്ങനെയാണ് പുത്രനെ (മിശിഹാ) 'കർത്താവേ' എന്നു വിളിക്കുന്നത് എന്ന ചോദ്യമാണുയരുന്നത്. മനുഷ്യാവതാരത്തിൽ മിശിഹാ ദാവീദിന്റെ വംശത്തിൽ ജനിക്കുമെന്നും എന്നാൽ അവൻ ദൈവത്വത്തിൽ നിത്യനായതുകൊണ്ട് ദാവീദിന് മിശിഹായെ 'എന്റെ കർത്താവേ' എന്നു വിളിക്കുന്നതിൽ തെറ്റില്ല എന്നും മനസ്സിലാക്കാവുന്നതാണ്. എന്നാൽ, ഈ ദൈവശാസ്ത്രം അംഗീകരിക്കാമെങ്കിൽ ഫരിസേയരും യഹൂദരും ആദ്യം ഈശോതന്നെയാണ് മിശിഹാ എന്നംഗീകരിക്കേണ്ടിവരും. അതിനവർ തയ്യാറല്ല. 'അബ്രാഹത്തിനുമുമ്പ് ഞാനുണ്ടായിരുന്നു' (യോഹ. 8:58–59) എന്ന ഈശോയുടെ പ്രസ്താവനയിൽ യഹൂദമതനേതാക്കന്മാർക്കുണ്ടായ അമർഷത്തിനു കാരണവും ഇതുതന്നെ.

ദാവീദിന്റെ പുത്രനെന്ന നിലയിൽ മാനുഷികമായും നിത്യനായ ദൈവം എന്ന നിലയിൽ ആത്മീയമായും ഈശോ രാജാവുതന്നെ. പഴയ നിയമ ബലിയെ പൂർത്തീകരിച്ച് ഏകബലിയാക്കി ഒരിക്കൽമാത്രം അർപ്പിക്കപ്പെട്ട ബലിവഴി ജനത്തിന്റെ രക്ഷ സാധിക്കുന്നവൻ എന്ന നിലയിലും ഈശോ രാജാവുതന്നെ. ബലിയർപ്പകനും ബലിവസ്തുവും ഒരാൾതന്നെ എന്ന നിലയിൽ മനുഷ്യവംശത്തെ മുഴുവൻ രക്ഷിച്ച ഏകകർത്താവ് എന്നു പറയുമ്പോഴും അവൻ രാജാവുതന്നെ.

■

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



M.A.V.
Kurianadu

# വംശീയതയുടെ തിരുമുറിവുമായി രണ്ടു സിനിമകൾ



സിനിമ

നിർമല

വംശീയതയും അടിച്ചമർത്തലുകളും അതിലുള്ള ചൂഷണങ്ങളും ലോകമെമ്പാടും കണ്ടുവരുന്നതും തുടർന്നുകൊണ്ടിരിക്കുന്നതുമായ ഒരു അവസ്ഥയാണ്. അതിന് ആഴത്തിൽ പടർന്ന വേരുകളുണ്ട്. മർദനവും നിരാകരണവും നിഷ്കാസനവുമൊക്കെ മേൽക്കോയ്മക്കാരുടെ ആധിപത്യമുറപ്പിക്കലിന്റെ അഭ്യാസമുറകളാണ്. ഉണർത്തുപാട്ടുകളായ സാമൂഹികപരിഷ്കരണങ്ങളും പ്രസ്ഥാനമുന്നേറ്റങ്ങളുംകൊണ്ട്, ചങ്ങല പൊട്ടിച്ച അധഃസ്ഥിതവിമോചനങ്ങൾ ഏറെയുണ്ടായെങ്കിലും ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും ഇപ്പോഴും ഇരുൾ നിറഞ്ഞുനിൽക്കുന്നുവെന്ന യാഥാർത്ഥ്യം മറക്കുകവയ്യ. ഇത്തരമൊരു ഓർമപ്പെടുത്തലും, അനാവരണം ചെയ്യപ്പെടുന്ന സത്യങ്ങളുമായി കടന്നുവരുന്ന സിനിമകളും മറ്റു കലാരൂപങ്ങളും നമ്മെ വേദനിപ്പിക്കാനും മനുഷ്യന്റെ ജീവിതാവകാശങ്ങളെ നിഷേധിക്കുന്ന അവസ്ഥകൾക്കെതിരേ ചിന്തിക്കാനും പ്രേരണ നൽകുന്നു. ഇത്തരം ഇതിവൃത്തവുമായിറങ്ങിയ ജയ് ഭീം എന്ന തമിഴ് ചിത്രം അദ്ഭുതപ്പെടുത്തുന്ന സ്വീകാര്യതയോടെ ഏവരും കാണുകയും ഏറ്റുപറയുകയും ചെയ്യുമ്പോൾ ഉന്നതമായ സാമൂഹികനന്മയാണ് ഒപ്പമുയരുന്നത്.

ഈ സന്ദർഭത്തോടു ചേർത്തുവയ്ക്കാൻ, ഓസ്കർ അവാർഡ് നേടിയ ഒരു ഹ്രസ്വചിത്രവും തെളിഞ്ഞുവരുന്നു.

Black Life Matters എന്നു കേൾക്കുമ്പോൾ All Life Matters എന്നു തർക്കുത്തരം പറയുന്നവർ




കാണേണ്ട സിനിമയാണ് Two Distant Strangers. നെറ്റ്ഫ്ളിക്സിൽ വന്ന മുപ്പത്തിരണ്ടു മിനിറ്റുള്ള ഈ സിനിമ കഴിഞ്ഞ വർഷത്തെ ഓസ്കറിൽ Best Live Action Short Film അവാർഡ് നേടിയതാണ്.

എന്തു ചെയ്താലും എങ്ങനെ ചെയ്താലും ഏതു വഴി സ്വീകരിച്ചാലും ആഫ്രിക്കൻ വംശജന്റെ അന്ത്യം ഒന്നുതന്നെയെന്നു സമർത്ഥിക്കുന്ന ഈ സിനിമ വളരെയൊന്നും ചർച്ച ചെയ്യപ്പെടുന്നതു കണ്ടില്ല. ഇതിൽ ഏറ്റവും ശക്തവും കാഴ്ചക്കാരെ പിടിച്ചുലയ്ക്കുന്നതും സിനിമയുടെ അവസാനം, പോലീസിനാൽ കൊല്ലപ്പെട്ട ആഫ്രിക്കൻ വംശജരുടെ പേരും പ്രായവും വെടിയേറ്റപ്പോൾ അവരെന്തു ചെയ്യുകയായിരുന്നുവെന്നും കാണിക്കുന്ന ലിസ്റ്റാണ്.

വെള്ളക്കാരല്ലാത്തവരോടുള്ള അമേരിക്കൻ പോലീസിന്റെ ക്രൂരതയ്ക്കെതിരേ കോളിൻ കാപ്പർനിക്ക് പ്രതിഷേധിച്ചത് 2016 ലെ NFL കളി തുടങ്ങുന്നതിനുമുമ്പ് അമേരിക്കയുടെ ദേശീയഗാനം ആലപിച്ചപ്പോൾ മുട്ടുകുത്തി നിന്നു കൊണ്ടായിരുന്നു. ഇപ്പോൾ Colin in black and white എന്ന മിനി സീരിസ് നെറ്റ്ഫ്ളിക്സിൽ വന്നിട്ടുണ്ട്. വെള്ളക്കാരായ മാതാപിതാക്കളുടെ ഒപ്പമുള്ള പ്രിവിലേജ്ഡ് ജീവിതത്തിലും ചുറ്റുമുള്ള വംശവെറി ഒരു കൗമാരക്കാരൻ തിരിച്ചറിയുന്നത് ഇതിൽ കാണാം.

ഇന്ന് പരക്കെ ചർച്ച ചെയ്യപ്പെടുന്ന സിനിമയാണ് ജയ് ഭീം. ഈ സിനിമ മനസ്സിനെ വല്ലാതെ പൊള്ളിക്കുന്നു. നേരം പോക്കിനായി കണ്ടിട്ടു ലാഘവത്തോടെ ഉപേക്ഷിച്ചു പോകാൻ കഴിയാത്തത്ര അസ്വസ്ഥതകൾ പകരുന്ന ചലച്ചിത്രം. ഇത് വെറും കഥയല്ല, നടന്ന സംഭവങ്ങളുടെ ആവിഷ്കാരമാണ് എന്നറിയുമ്പോൾ ആ പൊള്ളലിനു നീറ്റലേറുന്നു. ഇരുളർ ഗോത്രത്തിൽപ്പെട്ട കുറച്ചു പേരുടെ കഥമാത്രമല്ല ഇതെന്ന് എല്ലാവർക്കും അറിയാം. സിനിമ തുടങ്ങുന്നതുതന്നെ പോലീസ്‌വാനിൽ വന്നിറങ്ങുന്നവരുടെ ജാതി ചോദിച്ചുകൊണ്ട്, അവരിൽ എത്ര കുറ്റങ്ങൾ കെട്ടിവയ്ക്കാമെന്നു വിലപേശുന്ന പോലീസുകാരിലൂടെയാണ്. അങ്ങനെ പോലീസ് പിടിച്ച് സ്റ്റേഷനിലേക്കു കൊണ്ടുപോവുകയും ഒരിക്കലും തിരിച്ചുവരാതിരിക്കുകയൂം ചെയ്യുന്നവരുടെ എണ്ണം വളരെക്കൂടുതലാണ്. പഠിപ്പും പണവും ആൾബലവുമില്ലാത്ത ഗോത്രവർക്കാരുടെ നേർക്കാണ് മർദകരുടെ ഈ വേട്ടയാടൽ.

പൗരന്മാരെ സംരക്ഷിക്കേണ്ട പോലീസുകാർതന്നെ നിരപരാധികൾക്ക് നീതി നിഷേധിക്കുകയും അവരെ നിർദയം പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നത് ഇന്ത്യയിൽ മാത്രമല്ല സംഭവിച്ചുകൊണ്ടിരിക്കുന്നത്. അമേരിക്കയിൽ ഇന്നും നീതിനിഷേധങ്ങൾക്കെതിരേ ആഫ്രിക്കൻവംശജർ സമരം ചെയ്യുന്നു. Black Lives Matter എന്ന സ്ലോഗൻ ആ സമരത്തിൽനിന്ന് ഉണ്ടായതാണ്. കറുത്തവന്റെ ജീവനു വിലകല്പിക്കാത്ത ഒരു സമൂഹത്തെ ഉണർത്തുന്നതിനുള്ള നിലവിളിയാണത്.

ജാതിയിലും നിറത്തിലും പണത്തിലും പഠിപ്പിലും താഴെ നിൽക്കുന്നവർ, അവർക്കുമുകളിൽ സ്ഥാനം കിട്ടിയവരാൽ വേട്ടയാടപ്പെടുന്നു. സമൂഹമനഃസാക്ഷിയെ ലജ്ജിപ്പിക്കുന്ന പ്രവൃത്തികൾ ചൂണ്ടിക്കാട്ടുന്ന ഇത്തരം സിനിമകൾ ഉൾക്കൊണ്ട് സഹജീവികളോടുള്ള നിലപാടും മനോഭാവവും മേൽത്തട്ടിൽ സ്ഥാനം കിട്ടിയവർ മാറ്റുമെന്നു പ്രതീക്ഷിക്കാം.

പ്രതിബദ്ധതയുള്ള സാമൂഹികപരിഷ്കർത്താക്കളാണ് ഉത്തരവാദിത്വമുള്ള കലാപ്രവർത്തകർ. ഏറ്റവും വേഗത്തിൽ പടരുന്ന നന്മയുടെ സന്ദേശങ്ങൾക്ക് മികച്ച മാധ്യമമാണ് സിനിമ. ജയ് ഭീം ചരിത്രാവബോധവും ഒപ്പം നിലവിലെ തിന്മകൾക്കെതിരായ പ്രതിരോധവും പകരുന്നു. ഇന്ത്യയുടെ ഇതര ദേശങ്ങളെക്കാൾ, കേരളം മെച്ചപ്പെട്ടതെന്ന് അഭിമാനിക്കുമ്പോഴും ഭക്ഷണം മോഷ്ടിച്ചുവെന്ന പേരിൽ, വിശന്നു തളർന്ന ഒരുവനെ അടിച്ചു കൊന്നവരാണ് നാം എന്നോർക്കേണ്ടതുണ്ട്. മലയാള സിനിമ ദളിത്‌വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പുറകോട്ടാണ് എന്ന പ്രസ്താവനയ്ക്കെതിരേ സംവിധായകനായ ഡോ. ബിജു പറഞ്ഞത് അത്തരം സിനിമകൾ, മലയാളി കാണാതെ തമസ്കരിക്കുന്ന യാഥാർത്ഥ്യത്തെക്കുറിച്ചാണ്. മഹാത്മാ



ഗാന്ധി യൂണിവേഴ്സിറ്റിയിൽ ജാതീയമായ അവഗണനകൾക്കും പീഡനങ്ങൾക്കുമെതിരേ ഒരു പെൺകുട്ടി ഒറ്റയ്ക്കു സമരം ചെയ്യുന്ന യാഥാർത്ഥ്യവും നമ്മുടെ കൺമുന്നിലുണ്ട്.

തമിഴ്നാട്ടിലെ ഇരുളവിഭാഗത്തിന്റെ ഇരുട്ടുവീണ ജീവിതചിത്രമാണ് ജയ് ഭീം. മദ്രാസ് ഹൈക്കോടതി റിട്ട. ജസ്റ്റിസ് കെ. ചന്ദ്രുവിന്റെ ജീവിതാനുഭവങ്ങളാണ് സിനിമയ്ക്ക് ആധാരം. എഴുത്തും സംവിധാനവും ടി.ജെ. ജ്ഞാനവേൽ. സൂര്യയുടെ തേജസ്സാർന്ന അഭിനയമികവ് ചിത്രത്തെ ഗംഭീരമാക്കി. മഹേഷിന്റെ പ്രതികാരത്തിലൂടെ സിനിമയിൽ വന്ന ലിജോമോൾക്ക് ഇത്ര മികച്ചൊരു വേഷം നൽകാൻ തമിഴകത്തിന്റെ വകതിരിവ് വേണ്ടിവന്നു. പ്രേക്ഷകരുടെ ഉള്ളുപൊള്ളിക്കുന്ന രാജാക്കണ്ണ് എന്ന നായകനു സമാനമായ പ്രാധാന്യമുള്ള കഥാപാത്രത്തെ അവതരിപ്പിച്ച കെ. മണികണ്ഠനും പ്രത്യേകം പ്രശംസയർഹിക്കുന്നു. സിനിമയിലെ മലയാളിസാന്നിധ്യം ശ്രദ്ധേയമാണ്. പ്രകാശ്‌രാജ്, രജീഷ വിജയൻ, കെ. മണികണ്ഠൻ തുടങ്ങിയ അഭിനേതാക്കളുടെ നിര ജയ് ഭീം എന്ന ചിത്രത്തിന്റെ ഇതിവൃത്തത്തോടൊപ്പംചേർന്ന് ഉയർന്ന അഭിനയവൈഭവം പുലർത്തി.

ഭാഷയേതായാലും ഭൂഗോളത്തിന്റെ ഏതു ഭാഗത്തായാലും മനുഷ്യാവകാശധ്വംസനങ്ങളും അടിച്ചമർത്തലുകളും തുടരുന്നു. നിൽക്കാതെയുള്ള പോരാട്ടമുന്നേറ്റങ്ങൾകൊണ്ടേ വിജയം കാണൂ; വേർതിരിവുകൾ അകന്നുപോകുന്നു എന്ന പരമാർത്ഥത്തെ തുറന്നുകാട്ടുന്ന ഇത്തരം സിനിമകൾ യഥാർത്ഥ നവോത്ഥാനം ലക്ഷ്യമിടുന്നു.

■

**Admission Guidance in Mangalore**

**MBBS, BDS, BHMS, BAMS BNYS, Bsc Nursing**

**BDS - 1 Lakh per year**

**BRIGHT FUTURE**

**Educational Consultancy**

Mangalore, Karnataka 575022

PH: 8123182480, 6363030866

Deepanalam Weekly

RNI No : 16998/68
Vol. 54 No. 33 Date of Publication 11 November 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org